September 2020
Volume 53 Issue 1

# VYAVASAYA KERALAM
# വ്യവസായ കേരളം

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം



**സംരംഭകത്വത്തിലേക്കുള്ള പതിനാറ് പടവുകൾ**

**സോഷ്യൽ മീഡിയ മാർക്കറ്റിംഗ് അറിയേണ്ടതെല്ലാം**

**മഹാമാരിക്കാലത്തെ ലോക്കൽ ബിസിനസ്സ്**

**വോണ വ്യാപാരങ്ങൾ**

## കേരളാ ടൂറിസത്തിന്റെ കോവിഡാനന്തര പ്രതീക്ഷ


THE REAL TASTE
OF PURE MILK...
the real taste of pure milk
Mappy
Ice Cream
MFG BY: MERRYMIX FOOD
Manjenkara, P.O. Cheroor - 676 304
Malappuram Dt., Kerala
Customer Care:
+91 9495 704 222
+91 9526 704 222
e-mail: merrymixfoods@yahoo.com

Vyavasaya Keralam
hyhkmbtIcfw
www.keralaindustry.org

സെപ്റ്റംബർ 2020 പുസ്തകം53 ലക്കം 1
September 2020 Volume 53 Issue 1

# ഉള്ളടക്കം









6 സംരംഭകത്വത്തിലേക്കുള്ള പതിനാറ് പടവുകൾ
സുധീർ ബാബു

12 വോണ വ്യാപാരങ്ങൾ
എഴുമാവിൽ രവീന്ദ്രനാഥ്

16 വരുന്നു; മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരപാടി
ടി. എസ്. ചന്ദ്രൻ

18 സോഷ്യൽ മീഡിയ മാർക്കറ്റിംഗ് അറിയേണ്ടതെല്ലാം
ഡോ. ബ്രിജേഷ് ജോർജ് ജോൺ

22 കേരളാ ടൂറിസത്തിന്റെ കോവിഡാനന്തര പ്രതീക്ഷ
മനോജ് മാതിരപ്പള്ളി

28 മഹാമാരിക്കാലത്തെ ലോക്കൽ ബിസിനസ്സ്
ബൈജു നെടുങ്കേരി

32 യന്തിരന്മാർ വരും; സംരംഭക ലോകം മാറും
കാലിവളർത്തലിൽ കാലത്തിനൊത്ത മുന്നേറ്റം
ഡോ. ഡി.ഷൈൻകുമാർ

40 ഡ്രോണുകൾ കീഴടക്കുന്ന വ്യാവസായിക ലോകം
ലോറൻസ് മാത്യു

46 ജി.എസ്.ടി. നിയമത്തിലെ അപ്പീലുകൾ
ഡോ. ശചീന്ദ്രൻ. വി

50 പ്രകൃതിക്കിണങ്ങിയ ബാഗുകൾ
രേഷ്മ. ജി

മുഖക്കുറിപ്പ്



**പ്രേംകുമാർ വി.ആർ.,** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**ചീഫ് എഡിറ്റർ**
പ്രേംകുമാർ വി.ആർ., ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ: 6238302158**
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ–
- **തിരുവനന്തപുരം** : എൻ.സി. അനിൽകുമാർ
- **കൊല്ലം** : റഹുമത്ത് ആർ.
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : മനു വിശ്വനാഥ്
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : റഹുമത്തലി എ.കെ.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : കാഞ്ചന എം.
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : രാധാകൃഷ്ണൻ നായർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ലിപിൻ റോയി എൽ.ഡി.
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
സുരേഷ് കുമാർ സി.റ്റി.
അഭിലാഷ് കൃഷ്ണ ആർ.എസ്.
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

# ഉത്സവങ്ങളുടെ ഉത്സവം

മലയാളികളെ സംബന്ധിച്ചിടത്തോളം ചിങ്ങം മധുരതരമായ വർണോത്സവങ്ങളുടെ കാലമാണ്. സാംസ്കാരികോത്സവം വാണിജ്യോത്സവം വ്യാപാരോത്സവം, കാർഷികോത്സവം എന്നിവയ്ക്കു പുറമെ ഐക്യത്തിന്റെ ഉത്സവം കൂടിയാണ് ചിങ്ങമാസം. നൃത്തവും സംഗീതവും സാഹിത്യവും ഇടകലർന്ന സാംസ്കാരികോത്സവം മലയാളികളുടെ സർഗ്ഗചേതനയുടെ പരിച്ഛേദമാണ്. ചെറുകിട സംരംഭകർ മുതൽ വൻസംരംഭങ്ങൾ വരെ വിപണിയിലൊരുക്കുന്ന വാണിജ്യോത്സവം നമ്മുടെ വ്യവസായമേഖലയുടെ കരുത്താണു കാട്ടുന്നത്. വ്യക്തികളും കൊച്ചു കൂട്ടായ്മകളും നാടെങ്ങുമൊരുങ്ങുന്ന വ്യാപാരോത്സവവും നാടിന്റെ ഹൃദയതാളമാണ്. ആശങ്കകൾക്കിടയിലും ഓണവിപണി ഉണരുകയുണ്ടായി. കാർമേഘാവൃതമായ വാനിലുദിച്ചുയരുന്ന പൗർണ്ണമി പോലെ കൊവിഡ് 19 ഫലപ്രദമായി ചെറുക്കാൻ കഴിയുന്ന വാക്സിനുകളുടെ ക്ലിനിക്കൽ ട്രയലുകളിൽ മുന്നേറുന്നത് നമുക്കേറെ സന്തോഷം പകരുന്ന വാർത്തയാണ്. അതിജീവനത്തിന്റെ പാതയിലൂടെ അതിവേഗം മുന്നേറാൻ നമുക്കു കഴിയട്ടെ. സാമൂഹിക അകലം പാലിക്കലും ബോധപൂർവ്വമായ ഒറ്റപ്പെടലും, സ്വയം നിരീക്ഷണവും വ്യക്തിശുചിത്വത്തിലും പരിസര ശുചിത്വത്തിലും കൂടുതൽ ജാഗ്രതയും നാം പുതുതായി ശീലിച്ച ചില പാഠങ്ങളാണ്. നാളെകളിൽ അവ പിന്തുടരുന്നത് ഭാവിയിലുണ്ടായേക്കാവുന്ന മറ്റു രോഗങ്ങളെ പ്രതിരോധിക്കാൻ നമ്മെ സഹായിക്കുക തന്നെ ചെയ്യും.

വാണിജ്യ വ്യവസായ രംഗങ്ങളിലെ മാന്ദ്യം ഒരു താത്കാലിക പ്രതിഭാസം മാത്രമാണെന്നു കരുതാം. കൂട്ടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂട്ടുതൽ ശക്തിയിൽ എന്ന് ഒളിമ്പിക്സിൽ പറയുന്നതുപോലെ ആത്മവിശ്വാസത്തോടെ, ഊർജ്ജസ്വലതയോടെ സംരംഭകർക്കു മുമ്പോട്ടു പോകാനുള്ള ഒരു പരീക്ഷണമായി ഈ മഹാമാരി കാലത്തെ കണ്ടാൽ മതി. ഈ പ്രതിസന്ധികൾക്കിടയിലും 2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സുഗമമാക്കൽ നിയമത്തിലെ സ്വയം സാക്ഷ്യപ്പെടുത്തൽ മുഖേന 3633 സംരംഭങ്ങൾക്ക് ഓൺലൈനായി അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. കൂടാതെ KSWIFT പോർട്ടൽ മുഖേന ഏകജാലക സംവിധാനത്തിലൂടെ 393 സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്ന്പ്രവർത്തനാനുമതി നൽകിയിട്ടുണ്ട് സംസ്ഥാന വ്യവസായ വകുപ്പിന്റെ സംരംഭക സഹൃദ പദ്ധതികൾ ഓരോ സംരംഭകന്റെയും ഹൃദയത്തിൽ പൂക്കളമായി വിരിയട്ടെ.

ആശംസകൾ



ചീഫ് എഡിറ്റർ



**ഇ.പി. ജയരാജൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

# പുതുപുലരികൾക്കായി അണിചേരാം

ശുഭപ്രതീക്ഷകളുടെ, പ്രത്യാശകളുടെ നൂറായിരം പൂക്കളങ്ങൾ വിരിയിച്ചുകൊണ്ട് ഒരു തിരുവോണം കൂടി കടന്നുപോയി. പൊയ്തൊഴിഞ്ഞ പേമാരിയും ആഗോളതലത്തിൽത്തന്നെ ഭീഷണിയുയർത്തിയ മഹാമാരിയും പടർത്തിയ ആശങ്കകൾക്കിടയിലാണ് ഇത്തവണ പൊന്നോണമെത്തിയത്. സാമൂഹിക അകലം പാലിച്ചും, ആവേശകരമായ ഒത്തുചേരലുകൾ ഒഴിവാക്കിയുമാണ് പൊന്നിൻ ചിങ്ങത്തെയും തിരുവോണത്തെയും നമ്മൾ ഹൃദയത്തിലേറ്റിയത്. പ്രശ്നങ്ങളും, പ്രതിസന്ധികളും ഉണ്ടെങ്കിലും ഓണത്തെ നമുക്ക് വരവേൽക്കാതിരിയ്ക്കാനാവുമായിരുന്നോ? ഡോ. അയ്യപ്പപ്പണിക്കർ പാടിയതു പോലെ വിഷുക്കാലമെത്തുമ്പോൾ കണിക്കൊന്നയ്ക്കു പൂക്കാതിരിയ്ക്കാനാവുമോ? ജനങ്ങളുടെ സങ്കടങ്ങൾ അറിയുകയും കണ്ണീരൊപ്പുകയും ചെയ്യുന്ന ഒരു സർക്കാരാണിവിടെയുള്ളത്. 70 ലക്ഷം പേർക്ക് കുറഞ്ഞത് 2,600 രൂപ വീതം മുൻകൂറായി ക്ഷേമപെൻഷനുകൾ അനുവദിച്ചും, എല്ലാ വീടുകൾക്കും സൗജന്യ ഓണക്കിറ്റ് നൽകിയും സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും ശമ്പളവും പെൻഷനും മുൻകൂറായി നൽകിയും ബോണസ്സും ഫെസ്റ്റിവൽ അലവൻസും മുടക്കമില്ലാതെ വിതരണം ചെയ്തും സർക്കാർ ഓണത്തിനു പകിട്ടേകി. ഒരാൾ പോലും ഓണക്കാലത്ത് അല്ലലറിയരുതെന്ന നിശ്ചയദാർഢ്യമാണ് ഈ ഗവൺമെന്റിന്റെ ചാലകശക്തി. എല്ലാ വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും സംസ്ഥാന വ്യവസായ വകുപ്പിന്റെ ഓണാശംസകൾ.

ലോക്ഡൗൺ മൂലം പൂർണമായോ ഭാഗികമായോ അടച്ചിടപ്പെട്ട വ്യവസായ സംരംങ്ങൾ സമ്മാനിച്ച കഷ്ടതകൾ സംരംഭകർക്കും തൊഴിലാളികൾക്കും മറക്കാനാവുന്നതല്ല. വൈകാതെ എല്ലാം പൂർവ്വസ്ഥിതിയാവുമെന്നു നമുക്കു പ്രത്യാശിക്കാം. ആഗോള തലത്തിൽ കൊറോണ വൈറസിനെ തകർക്കാനുള്ള പരീക്ഷണ നിരീക്ഷണങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. ഇന്ത്യയിൽ ഒരേ സമയം മൂന്നു വാക്സിനുകളാണ് വികസിപ്പിച്ചെടുത്തത്. അവയുടെ ആദ്യഘട്ട ക്ലിനിക്കൽ ട്രയൽ വിജയകരമായിരുന്നു എന്നത് നമുക്ക് ഏറെ സന്തോഷം നൽകുന്ന വാർത്തയാണ്. കൊവിഡ്– 19 പടിയിറങ്ങുന്നതോടെ വ്യവസായ മേഖലയിൽ വൻകുതിപ്പുണ്ടാകുമെന്ന് വിദഗ്ദ്ധരുടെ പ്രവചനം ശരിയായി ഭവിയ്ക്കട്ടെ. പ്രതിസന്ധികൾ നമുക്കു മുമ്പിൽ പുതിയ നിരവധി സംരംഭങ്ങളും അതിലൂടെ നിരവധി പേർക്കു തൊഴിലും വരുമാനവും വാഗ്ദാനം ചെയ്തിരിയ്ക്കുകയാണ്. സർക്കാരിനും ആരോഗ്യ വിദഗ്ദ്ധർക്കൊപ്പവും നമുക്ക് ആ പുതുപുലരികൾക്കായി അണിചേരാം.



കവർസ്റ്റോറി

സുധീർ ബാബു

# സംരംഭകത്വത്തിലേക്കുള്ള പതിനാറ് പടവുകൾ


“ഒരു കമ്പനി രജിസ്റ്റർ ചെയ്യണം” നീതുവിന്റെ ആവശ്യമാണ്. ആൾ ഒരു ബിസിനസ് തുടങ്ങാൻ പോകുന്നു. അതിനുള്ള മുന്നൊരുക്കങ്ങളിലാണ്.

“എന്ത് ബിസിനസാണ്?” ഞാൻ ചോദിച്ചു.

“ഇല്ല, ധാരണയായിട്ടില്ല. നല്ലൊരു ആശയം കണ്ടെത്തണം. അതിന്റെ ആദ്യ പടിയായിട്ടാണ് കമ്പനി രൂപീകരണം. കമ്പനിയുടെ പേരൊക്കെ കണ്ടെത്തിക്കഴിഞ്ഞു അത് രജിസ്റ്റർ ചെയ്യാൻ സഹായിക്കണം.” നീതുവിന്റെ അഭ്യർത്ഥന.

നീതുവിനെപ്പോലെ എത്രയോ പേരെ നമ്മുടെ പാതയിൽകണ്ടുമുട്ടിയിരിക്കുന്നു. ബിസിനസ് തുടങ്ങാൻ അദമ്യമായ അഭിനിവേശവും ആവേശവുമായി നടക്കുന്നവർ. പക്ഷെ എവിടെ തുടങ്ങണം എന്നറിയാതെ ഉഴലുന്നവർ. അല്ലെങ്കിൽ തുടങ്ങേണ്ടടുത്തുനിന്നും ചെയ്തു തുടങ്ങാത്തവർ. ഇത് മനപൂർവ്വം സംഭവിക്കുന്ന തെറ്റല്ല. എവിടെ നിന്ന് ആരംഭിക്കണമെന്നും എവിടെ കൊണ്ടെത്തിക്കണമെന്നും വ്യക്തമായ ധാരണ ബിസിനസ് തുടങ്ങാൻ പോകുന്ന ഒരാൾക്ക് ആവശ്യമുണ്ട് എന്നത് മനസിലാക്കുവാൻ ശ്രമിക്കുന്നില്ല.

എന്ത് ബിസിനസ് ചെയ്യണമെന്ന് നിശ്ചയിക്കുന്നതിന് മുമ്പേ അത് കമ്പനിയായി തുടങ്ങണമെന്ന് നിശ്ചയിക്കുകയാണ്. എന്തിനാണ് കമ്പനിയായി തുടങ്ങുന്നതെന്നോ ഏതാണ് തനിക്ക് യോജിച്ച ബിസിനസ് ഉടമസ്ഥാവകാശരൂപം എന്നോ യാതൊരു ധാരണയും ഉണ്ടാകാതെയിരിക്കുക. അങ്ങിനെ തുടങ്ങുമ്പോൾ ഭാവിയിൽ ഉണ്ടാകുവാനിടയുള്ള മറ്റ് പ്രശ്നങ്ങളെക്കുറിച്ചോ സങ്കീർണതകളെക്കുറിച്ചോ അറിവില്ലാതെയിരിക്കുക. ഇതൊക്കെ സാധാരണ സംഭവിക്കുന്ന ചില പിശകുകളാണ്. ബിസിനസ് ആരംഭിക്കുമ്പോൾ ഏതൊക്കെ പ്രക്രിയകളിലൂടെ ഘട്ടം ഘട്ടമായി കടന്നുപോയാൽ തുടക്കം എങ്ങിനെ ഭംഗിയാക്കാമെന്നും വിജയ മാതൃകയാകുവാൻ കഴിയുന്ന ഒരു ബിസിനസിന് എങ്ങിനെ നല്ലൊരു അടിത്തറ കെട്ടിപ്പടുക്കാമെന്നും അറിഞ്ഞിരിക്കുന്നത് ഗുണകരമാകും. നാം ചർച്ച ചെയ്യുന്ന പതിനാറ് പടവുകൾ സംരംഭകത്വത്തിലേക്ക് കാലെടുത്തു വെക്കുന്ന ഓരോരുത്തർക്കും പ്രയോജനകരമാകും.



## പടവ് 1

**ഇഷ്ടപ്പെടുന്ന / യോജിച്ച ആശയങ്ങൾ കണ്ടെത്തുക**

നമ്മുടെ കഴിവിനും അഭിനിവേശത്തിനും അഭിരുചിക്കും യോജിച്ച ബിസിനസ് ആശയങ്ങൾ കണ്ടെത്തുകയാണ് ഒന്നാമത്തെ പടവിന്റെ ലക്ഷ്യം. ഇവിടെ നമ്മൾ ഒരാശയം മാത്രമല്ല മറിച്ച് ഒന്നിൽ കൂടുതൽ ആശയങ്ങളാണ് കണ്ടെത്തുന്നത്. നമ്മുടെ അറിവിന്റെയും അനുഭവത്തിന്റെയും പഠനത്തിന്റെ യും വെളിച്ചത്തിലാണ് ആശയങ്ങളെ കണ്ടെത്തേണ്ടത്. തനിക്ക് ചെയ്യുവാൻ കഴിയുമെന്നും തന്റെ പോക്കറ്റിന് യോജിച്ചതെന്നും ബോദ്ധ്യമാകുന്ന ആശയങ്ങളെ ഇവിടെ കണ്ടെത്തുകയും തിരഞ്ഞെടുക്കുകയും ചെയ്യുക.

## പടവ് 2

**ആശയങ്ങളെയെല്ലാം പ്രാഥമിക പഠനത്തിന് വിധേയമാക്കുക**

തിരഞ്ഞെടുത്ത ആശയങ്ങളെ പ്രാഥമികമായ ഒരു ഗവേഷണത്തിന് വിധേയമാക്കുകയാണ് ഇവിടെ നാം ചെയ്യുന്നത്. ഓരോ ആശയത്തേയും കുറിച്ച് വിശദമായ പഠനം ആവശ്യമുണ്ട്. എല്ലാ ആശയങ്ങളേയും നമുക്ക് സ്വീകരിക്കുകയും ബിസിനസ് തുടങ്ങുകയും ചെയ്യുക പ്രായോഗികമല്ല. അതുകൊണ്ട് ആദ്യ പടവിൽ തിരഞ്ഞെടുത്തതിൽ നിന്നും മികച്ച ആശയങ്ങളെ അരിച്ചെടുക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

നാം തിരഞ്ഞെടുത്ത ആശയങ്ങളുടെ വിജയ മാതൃകകൾ നിലവിലുണ്ടെങ്കിൽ അവ തീർച്ചയായും സന്ദർശിച്ചിരിക്കണം. ഓരോ ആശയത്തെക്കുറിച്ചും അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ ഉപദേശങ്ങൾ തേടണം. ഓരോ ബിസിനസിനും ആവശ്യമുള്ള ഇൻഫ്രാസ്ട്രക്ചർ എന്തൊക്കെയാണ്, യന്ത്രങ്ങൾ ഏതൊക്കെയാണ് ആവശ്യം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഉത്പന്നങ്ങളുടെ വിപണി ഏതാണ്, അതിന്റെ സാധ്യതകളും വിപണിയിൽ അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളും എന്തൊക്കെയാണ്, വിപണിയിലെ എതിരാളികൾ ആരൊക്കെയാണ്, ഉത്പാദന പ്രക്രിയഎന്താണ്, ആവശ്യമായി വരുന്ന മൂലധനം എത്രയാണ് എന്നൊക്കെ വ്യക്തമായി മനസിലാക്കണം.

ഈ പടവിലൂടെയുള്ള ആഴത്തിലുള്ള, അർത്ഥവത്തായ യാത്രയാണ് പിന്നീട് നമ്മുടെ

തിരഞ്ഞെടുത്ത ആശയങ്ങളെ പ്രാഥമികമായ ഒരു ഗവേഷണത്തിന് വിധേയമാക്കുകയാണ് ഇവിടെ നാം ചെയ്യുന്നത്. ഓരോ ആശയത്തേയും കുറിച്ച് വിശദമായ പഠനം ആവശ്യമുണ്ട്. എല്ലാ ആശയങ്ങളേയും നമുക്ക് സ്വീകരിക്കുകയും ബിസിനസ് തുടങ്ങുകയും ചെയ്യുക പ്രായോഗികമല്ല. അതുകൊണ്ട് ആദ്യ പടവിൽ തിരഞ്ഞെടുത്തതിൽ നിന്നും മികച്ച ആശയങ്ങളെ അരിച്ചെടുക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

ബിസിനസ് വിജയത്തിന്റെ മൂലക്കല്ലായി മാറുന്നത്.

## പടവ് 3

**ആശയങ്ങളെ ഷോർട്ട്ലിസ്റ്റ് ചെയ്യുക**

രണ്ടാമത്തെ പടവിലൂടെയുള്ള യാത്ര നമുക്ക് വലിയൊരു ഉൾക്കാഴ്ച പ്രദാനം ചെയ്തിരിക്കുന്നു. ഓരോ ആശയത്തെക്കുറിച്ചും ഏകദേശ ധാരണ വന്നുകഴിഞ്ഞു. ചില ആശയങ്ങൾ ഇപ്പോൾ അത്ര ആകർഷകമല്ലാതെയായി മാറിയിരിക്കാം. ചിലത് കൂടുതൽ ആകർഷകമായി തോന്നാം. നമ്മുടെ പഠനത്തിന്റെ പിൻബലത്തിൽ ആശയങ്ങളെ ഷോർട്ട്ലിസ്റ്റ് ചെയ്യുക. ചില ആശയങ്ങൾ ഇപ്പോൾ ഒഴിവായിരിക്കുന്നു. ഒന്നാമത്തെ പടവിൽ നാം കണ്ടെത്തിയ ആശയങ്ങളുടെ എണ്ണം ചുരുങ്ങിക്കഴിഞ്ഞു. ഇനി ഈ പട്ടികയുമായാണ് നാം അടുത്ത പടവിലേക്ക് നീങ്ങുന്നത്.

## പടവ് 4

**ഷോർട്ട് ലിസ്റ്റ് ചെയ്ത ആശയങ്ങളുടെ വിലയിരുത്തൽ**

നാം ഷോർട്ട് ലിസ്റ്റ് ചെയ്ത ആശയങ്ങളെ ആഴത്തിൽ വിലയിരുത്തേണ്ടതുണ്ട്. ഓരോ ആശയത്തിന്റെയും മൂന്ന് വിവിധ അതീവ പ്രാധാന്യമുള്ള ഘടകങ്ങളെ നാം പഠിക്കുകയും

വിശകലനം ചെയ്യേണ്ടതുമുണ്ട്. അവ എന്തൊക്കെയെന്ന് നോക്കാം.

a. Desirability
b. Feasibility
c. Viability

ഓരോ ആശയത്തിന്റെയും മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങളേയും മാറ്റി നിർത്തി വിലയിരുത്തേണ്ടതുണ്ട്. ഓരോന്നും ഓരോ ബിസിനസിലും വ്യത്യസ്തമായിരിക്കും. ഉത്പാദിപ്പിക്കുവാൻ പോകുന്ന ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ആവശ്യമുള്ളതാണോ? (Desirability). ബിസിനസ് പ്രാവർത്തികമാക്കുവാൻ കഴിയുന്ന സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാണോ? (Feasibility). സാമ്പത്തികമായി ബിസിനസ് വിജയിക്കുമോ? (Viability). എന്ന ഏറ്റവും കാതലായ ചോദ്യങ്ങൾക്ക് ഇവിടെ ഉത്തരം ലഭിക്കുന്നു. ഈ പടവിൽ വിദഗ്ധരുടെ സഹായം ആവശ്യമെങ്കിൽ തേടാവുന്നതാണ്.

## പടവ് 5

**ഏറ്റവും മികച്ച ആശയത്തെ തിരഞ്ഞെടുക്കുന്നു**

നാലാമത്തെ പടവ് നമുക്കുള്ളിലുണ്ടായിരുന്ന ഒരുപാട് ചോദ്യങ്ങൾക്ക് ഉത്തരം നൽകിയിരിക്കുന്നു. നമ്മുടെ പട്ടികയിലെ ഓരോ ആശയവും കൈവെള്ള പോലെ നമുക്ക് സുപരിചിതമായിരിക്കുന്നു. നമ്മൾ തുടങ്ങിയിടത്തു നിന്നും കുറെയേറെ മുന്നിലേക്ക് സഞ്ചരിച്ചു കഴിഞ്ഞിരിക്കുന്നു. അടിത്തട്ട് കാണാവുന്ന തെളിഞ്ഞ ജലാശയം പോലെ തെളിമയുള്ളതായി നമ്മുടെ അറിവ് മാറിയിരിക്കുന്നു. ഏത് ബിസിനസ് വേണം എന്ന് ഇപ്പോൾ നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നുണ്ട്.

ഏറ്റവും മികച്ച, വിജയ സാധ്യതയുള്ള ഒരു ആശയത്തെ മാത്രം നാലാമത്തെ പടവ് നല്കിയ അകക്കണ്ണുമായി നാം തിരഞ്ഞെടുക്കുകയാണ്. ഇതാണ് നമ്മുടെ ബിസിനസ്. ഇതുമായി മുന്നോട്ട് പോവുകയാണ്. ആശയങ്ങളിൽ വ്യക്തത വന്നു കഴിഞ്ഞു. ഒന്നാമത്തെ പടവിൽ നാം കണ്ടെത്തിയ പല ആശയങ്ങളിൽ നിന്ന് നമ്മളിപ്പോൾ ഏറ്റവും മികച്ച ഒരേയൊരു ആശയത്തിലേക്ക് എത്തപ്പെട്ടിരിക്കുന്നു.

## പടവ് 6

**ബിസിനസ് പ്ലാൻ തയ്യാറാക്കാം**

കഴിഞ്ഞ പടവിൽ തിരഞ്ഞെടുത്ത ആശയത്തിന്റെ വിശദമായ ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കുവാൻ പോകുകയാണ്. ഒരാശയം തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ഇനി അതുമായി ഉടനെ ചാടിയിറങ്ങുകയല്ല വേണ്ടത്. കാര്യങ്ങൾ കുറച്ചു കൂടി വ്യക്തമായ ഒരു ചട്ടക്കൂടിലേക്ക് ഒതുക്കേണ്ടതുണ്ട്. നമ്മൾ പഠിച്ച, വിശകലനം ചെയ്ത, വിലയിരുത്തിയ വസ്തുതകൾ ഒരു ബിസിനസ് പ്ലാനാക്കി പരിവർത്തനം ചെയ്യുകയാണ് ഇവിടെ. ഇനി പറയുന്ന കാര്യങ്ങൾ ബിസിനസ് പ്ലാനിൽ ഉൾപ്പെടുത്താം.

1. ബിസിനസ് അഭിസംബോധന ചെയ്യുന്ന ഉപഭോക്താവിന്റെ പ്രശ്നം (The Problem).
2. ബിസിനസ് ആശയം മുന്നോട്ടു വെക്കുന്ന പരിഹാരം (TheSolution).
3. ലക്ഷ്യം വെക്കുന്ന ഉപഭോക്താക്കൾ (TargetedAudience).
4. വിപണിയുടെ വലുപ്പവും അവസരങ്ങളും (MarketSize&Opportunities).
5. മാർക്കറ്റിംഗ് തന്ത്രങ്ങൾ (MarketingStrategies).
6. എതിരാളികൾ (Competitors).
7. ബിസിനസ് മാതൃക (BusinessModel).
8. വരുമാന മാതൃക (RevenueModel).
9. സാമ്പത്തിക ബജറ്റ് (Budget).

ആറാമത്തെ പടവ് കഴിയുന്നതോടെ നാം തിരഞ്ഞെടുത്ത ആശയത്തിന്റെ ബിസിനസ് രൂപം ഏകദേശം പൂർണ്ണതയിൽ എത്തിക്കഴിഞ്ഞു. ബിസിനസിന് വ്യക്തമായ ഒരു ആകൃതി രൂപപ്പെട്ടിരിക്കുന്നു. ബിസിനസിന്റെ പാതയിൽ കടന്നു വരാൻ സാധ്യതയുള്ള പ്രശ്നങ്ങളെ കുറെയൊക്കെ തിരിച്ചറിയാൻ സാധിച്ചിരിക്കുന്നു. സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും അവയുടെ സ്രോതസുമൊക്കെ കണക്കു കൂട്ടിയിരിക്കുന്നു. ഇത് മുന്നോട്ടുള്ള പ്രയാണത്തിൽ ദീപസ്തംഭമായി വർത്തിക്കും.

## പടവ് 7

**പദ്ധതിക്ക് ലഭിക്കുന്ന ധന സഹായങ്ങൾ, സബ്സിഡി മുതലായവ**


ബിസിനസിന്റെ പ്രകൃതത്തിനനുസരിച്ച് ലഭ്യമാകുന്ന വായ്പകൾ, സബ്സിഡി, പലിശയും തിരിച്ചടവും, അവ ലഭ്യമാകുന്നതിനായുള്ള ആവശ്യകതകൾ, അതുമായി ബന്ധപ്പെട്ട പ്രക്രിയകൾ എന്നിവയാണ് ഈ പടവിൽ നാം മനസിലാക്കേണ്ടത്. നിലവിലുള്ള ധനസഹായ പദ്ധതികളിൽ നിന്നും യുക്തമായ,

പ്രയോജനകരമായ ഒന്നിനെ കണ്ടെത്തുകയാണ് ലക്ഷ്യം. ഇതിനായി ധനകാര്യ സ്ഥാപനങ്ങളേയും സർക്കാർ സംവിധാനങ്ങളേയും സമീപിക്കാം. ബിസിനസിന് അനുരൂപമായ ധനസഹായ പദ്ധതികൾ തിരഞ്ഞെടുക്കുവാൻ അവർ സഹായിക്കും.

## പടവ് 8

**വിദഗ്ദ്ധരുടേയും സ്ഥാപനങ്ങളുടേയും പട്ടിക**

ബിസിനസ് യാത്രയിൽ നമുക്ക് പിന്തുണ നൽകാൻ കഴിയുന്ന വിവിധ മേഖലകളിലുള്ള വിദഗ്ദ്ധരുടേയും സ്ഥാപനങ്ങളുടേയും ഒരു പട്ടിക തയ്യാറാക്കുകയാണ് ഈ പടവിൽ നാം ചെയ്യുന്നത്. നാം നേരത്തെ കടന്നുപോന്ന പടവുകളിലൂടെ ഇതിനുള്ള അറിവുകൾ നമ്മൾ ശേഖരിച്ചിട്ടുണ്ടാകും. ഇത്തരം വിവരങ്ങൾ സമാഹരിച്ച് ഏത് സമയത്തും ഉപയോഗിക്കാവുന്ന തരത്തിലുള്ള ഒരു കോണ്ടാക്റ്റ് ലിസ്റ്റ് ആക്കി മാറ്റണം. യന്ത്രങ്ങൾ, അസംസ്കൃത വസ്തുക്കൾ, സാങ്കേതിക സഹായം നൽകുന്നവർ, ധനകാര്യ സ്ഥാപനങ്ങൾ, അവിടെ ബന്ധപ്പെടേണ്ട വ്യക്തികൾ, വ്യവസായ വിദഗ്ധർ, ധനകാര്യ വിദഗ്ധർ തുടങ്ങി ബിസിനസിൽ ആവശ്യം വരുന്ന എല്ലാവരുടേയും വിവരങ്ങൾ ശേഖരിച്ച് ഒരു പട്ടികയാക്കി സൂക്ഷിക്കാം.



## പടവ് 9

**മൂലധന ഘടന (Capital Structure) തയ്യാറാക്കുക**

ആവശ്യമായി വരുന്ന സ്ഥിര, പ്രവർത്തന മൂലധനത്തിനെക്കുറിച്ച് നമുക്കിപ്പോൾ വ്യക്തമായ കാഴ്ചപ്പാടുണ്ട്. പദ്ധതിക്ക് ലഭ്യമാകുന്ന ധനസഹായ പദ്ധതികളും നാം മനസിലാക്കി. ഇനി നമ്മുടെ ബിസിനസിന്റെ മൂലധന ഘടന തയ്യാറാക്കുക എന്നതാണ് ഈ പടവിൽ ചെയ്യേണ്ടത്. സംരംഭകൻ എത്ര മൂലധനം നിക്ഷേപിക്കണം, എത്ര വായ്പ എടുക്കണം എന്നൊക്കെ ഈ ഘട്ടത്തിൽ തീരുമാനിക്കാം. ബിസിനസിന് അനുയുക്തമായ ഒരു മൂലധന ഘടന തിരഞ്ഞെടുക്കുവാൻ ധനകാര്യ വിദഗ്ദ്ധരുടെ സഹായം ആവശ്യമെങ്കിൽ തേടാവുന്നതാണ്. ബിസിനസ് പ്ലാൻ തയ്യാറാക്കുമ്പോൾ നാം രൂപീകരിച്ച ഘടന പുതിയ അറിവുകളുടെ വെളിച്ചത്തിൽ പുനക്രമീകരിക്കാവുന്നതാണ്.

## പടവ് 10

**അനുമതികളും രജിസ്ട്രേഷനുകളും**

ബിസിനസിന് ആവശ്യമായ അനുമതികളും രജിസ്ട്രേഷനുകളും മുൻഗണനാക്രമത്തിൽ തയ്യാറാക്കണം.

ഭാവിയെക്കൂടി മുന്നിൽ കണ്ട് ആവശ്യമായ എല്ലാ നിയമാനുസൃത ഔപചാരിതകളും പൂർത്തീകരിക്കേണ്ടതുണ്ട്. ബിസിനസ് ദീർഘകാലം നിലനിൽക്കേണ്ടതാണ്. നിയമപ്രശ്നങ്ങൾ ഉടലെടുത്താൽ അത് ബിസിനസിനെ ദോഷകരമായി ബാധിക്കും എന്ന ദീർഘദർശിത്വം ഉണ്ടാവണം. പിന്നീടാകാം എന്ന നിലപാട് സംരംഭകൻ ഒരിക്കലും സ്വീകരിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ട് തന്നെ നിസാരമെന്നു തോന്നുന്ന അനുമതികൾ പോലും പട്ടികയിൽ ഉൾപ്പെടുത്തണം.

## പടവ് 11

**ബിസിനസിന്റെ ഉടമസ്ഥാവകാശരൂപം (Form of Business Ownership)**

ഈ പടവിൽ മാത്രമേ നമ്മൾ ബിസിനസിന്റെ ഉടമസ്ഥാവകാശരൂപത്തെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമുള്ളൂ. ധനസഹായ പദ്ധതികളും സബ്സിഡികളും പ്രത്യക്ഷ പരോക്ഷ നികുതികളുമെല്ലാം ഈ തീരുമാനത്തെ സ്വാധീനിക്കും. എടുത്തുചാടി ആദ്യമേ തന്നെ രജിസ്റ്റർ ചെയ്യുന്നത് പല ഗുണപരമായ ആനുകൂല്യങ്ങളും ലഭ്യമാകുന്നതിന് വിലങ്ങുതടിയാകും. മുൻപടവുകളിലൂടെ കടന്നു പോരുമ്പോൾ ഏതുതരം ഉടമസ്ഥാവകാശരൂപമാണ് അനുയോജ്യമെന്ന് തിരിച്ചറിയാൻ സംരംഭകന് സാധിക്കുന്നു. പ്രൊപ്രൈറ്റർഷിപ്പ് വേണോ, പാർട്ട്ണർഷിപ്പ് വേണോ, എൽ എൽ പി വേണോ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനി വേണോ എന്നത് ചിന്തിച്ച് ആധികാരികമായി വിദഗ്ധോപദേശത്തോടുകൂടി കൈക്കൊള്ളേണ്ട തീരുമാനമാണ്.

## പടവ് 12

**പേര് (വ്യാപാര നാമം) തിരഞ്ഞെടുക്കൽ**

ഒരു പേരിന്റെ (ആവശ്യം ഇവിടെയാണ് വരുന്നത്. കമ്പനിക്കും ഉത്പന്നത്തിനും ഒരേ പേര് വേണമോ അതോ വ്യത്യസ്തമാകണോ എന്നൊക്കെ ചർച്ച ചെയ്ത് അനുയോജ്യമായ പേരുകൾ തിരഞ്ഞെടുക്കാം. ലോകം ഇന്ന് ഒരൊറ്റ വിപണിയാണ് എന്ന കാഴ്ചപ്പാട് പേര് തിരഞ്ഞെടുക്കുമ്പോൾ ഉണ്ടാവണം. ലോകം മുഴുവൻ അറിയപ്പെടേണ്ട ഒരു ബ്രാന്റ് ആയി മാറാൻ കഴിയും എന്ന ആത്മവിശ്വാസത്തിൽ തന്നെ പേരിടൽ കർമ്മം നിർവഹിക്കണം. ബിസിനസിന്റെ പാതയിൽ പിന്നീട് ഒരു നാമ മാറ്റം അത്ര എളുപ്പമാവില്ല എന്നത് ഈ ഘട്ടത്തിൽ ഓർമ്മയുണ്ടാവണം.



## പടവ് 13

**പേരും ബൗദ്ധിക സ്വത്തുക്കളും സുരക്ഷിതമാക്കുക**

വ്യാപാര നാമവും വ്യാപാര ചിഹ്നവും (Logo) സുരക്ഷിതമാക്കുകയാണ് അടുത്ത പ്രവൃത്തി. പേരും ലോഗോയും മറ്റു ബൗദ്ധികസ്വത്തുക്കളും (Patent, Design, Copyright etc) സുരക്ഷിതമായി രജിസ്റ്റർ ചെയ്യണം. നമ്മൾ വളരുന്ന ഘട്ടത്തിൽ മറ്റുള്ളവർ നമ്മുടെ പേരും ലോഗോയും കവർന്നെടുത്താൽ അത് ബിസിനസിനെ ദോഷകരമായി ബാധിക്കും. അനുകരണങ്ങളെ തടുക്കുവാനും നിയമ പരിരക്ഷ ഉറപ്പാക്കുവാനും ഈ രജിസ്ട്രേഷൻ വഴി നമുക്ക് കഴിയും. ഈ പടവിൽ അതാണ് നാം പൂർത്തീകരിക്കേണ്ടത്. സ്വന്തം കണ്ടുപിടുത്തമാണ് സംരംഭമാക്കി മാറ്റുവാൻ പോകുന്നതെങ്കിൽ ആ കണ്ടുപിടുത്തത്തിനും ഡിസൈനുമൊക്കെ ആദ്യമേ തന്നെ എത്രയും പെട്ടെന്ന് പേറ്റന്റ് എടുക്കാൻ ശ്രദ്ധിക്കണം.



എന്നിട്ട് മാത്രമേ തങ്ങളുടെ ആശയത്തെ മറ്റുള്ളവർക്ക് മുന്നിൽ വെളിപ്പെടുത്തുവാൻ പാടുള്ളൂ (ഇത്തരം സന്ദർഭങ്ങളിൽ ഈ പടവിന്റെ മുൻഗണനാക്രമത്തിൽ വ്യത്യാസം വരാം).

## പടവ് 14

**സ്ഥാനം (Location) നിശ്ചയിക്കുക**

ഈ പടവിൽ നമ്മൾ ബിസിനസിന്റെ സ്ഥാനം (എവിടെയാണ് സ്ഥാപിക്കേണ്ട സ്ഥലം) നിശ്ചയിക്കുകയാണ്. ബിസിനസിന്റെ പ്രകൃതവും സ്വഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകതയുമൊക്കെ കണക്കിലെടുത്താവണം ബിസിനസിന്റെ സ്ഥാനം തീരുമാനിക്കേണ്ടത്. വ്യവസായ സ്ഥാപനങ്ങൾക്ക് നിയമപരമായ ധാരാളം ആവശ്യകതകൾ പരിഗണിച്ചേ തീരൂ. അനുയോജ്യമായ സ്ഥാനം ബിസിനസിന്റെ വിജയത്തിനും വളർച്ചയ്ക്കും വളരെ നിർണ്ണായകമാണ്. ബാധകമായ വിവിധ ഘടകങ്ങളെ വിശകലനം ചെയ്ത് ഏറ്റവും യോഗ്യമായ സ്ഥാനം ഈ പടവിൽ കണ്ടെത്താം.

## പടവ് 15

**നിയമപരമായ എല്ലാ അനുമതികളും നേടുക**

പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് ആവശ്യമായ എല്ലാ അനുമതികളും നേടിയിരിക്കണം. നാം ഇതെല്ലാം നേരത്തെ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി വെച്ചിട്ടുണ്ട്. അത് ഇപ്പോൾ പ്രാവർത്തികമാക്കേണ്ട സമയമായി. ഓരോ അനുമതിയും രജിസ്ട്രേഷനും കൃത്യമായ സമയത്ത് നേടണം. ഇതിൽ യാതൊരു വിധ ഉപേക്ഷയും സംരംഭകൻ വിചാരിക്കരുത്.ഇതിൽ സംഭവിക്കുന്ന പാളിച്ചകൾ ചിലപ്പോൾ ബിസിനസിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായേക്കാം. അതുകൊണ്ട് അതീവ സൂഷ്മതയോടെ തന്നെ ഇത് കൈകാര്യം ചെയ്യണം.

## പടവ് 16

**സംരംഭം പ്രാവർത്തികമാക്കുന്നു**

ഈ പടവിലാണ് സംരംഭകൻ യഥാർത്ഥത്തിൽ ബിസിനസിന്റെ മൂർത്തമായ രൂപം നടപ്പിലാക്കിത്തുടങ്ങുന്നത്. എന്താണ് ചെയ്യേണ്ടത് എന്ന വ്യക്തമായ പ്ലാൻ കൈപ്പിടിയിലായിക്കഴിഞ്ഞു. ഇനി അത് നടപ്പിലാക്കുകയാണ് ഇപ്പോൾ ചെയ്യേണ്ടത്. കൃത്യമായ ഒരു സമയപരിധി നിശ്ചയിച്ച് അതിന് തുടക്കം കുറിക്കാം.

നാം ചർച്ച ചെയ്ത പതിനാറ് പടവുകളിലൂടെ കടന്നു പോരുന്ന ഒരു സംരംഭകന് വരാൻ പോകുന്ന ധാരാളം വെല്ലുവിളികളെ മുൻകൂട്ടി കാണുവാൻ കഴിയുന്ന ദീർഘന ദർശിത്വവും അതിനെ നേരിടുവാനുള്ള ഉപായങ്ങളും തന്ത്രങ്ങളും സ്വയാർജ്ജിത അറിവിലൂടെ ലഭിക്കും എന്നതിൽ സംശയമില്ല. ബിസിനസിന്റെ പിൽക്കാല വിജയത്തിനുള്ള ആണിക്കല്ലായി ഈ ജ്ഞാനം മാറും. എന്തെങ്കിലും എങ്ങനെയൊക്കെയെങ്കിലും ചെയ്യുക എന്ന സ്വാഭാവിക മാനസികാവസ്ഥയിൽ നിന്നും കാര്യങ്ങളെ കുറേക്കൂടി ഗൗരവത്തോടെയും പക്വതയോടെയും സംരംഭകൻ സമീപിച്ചു തുടങ്ങും.

മുന്നോട്ട് വരുന്ന സംരംഭകർക്ക് ഈ പടവുകൾ ഒരു വഴികാട്ടിയായിത്തീരട്ടെ. ■



എഴുമാവിൽ രവീന്ദ്രനാഥ്



# വോണ വ്യാപാരങ്ങൾ

വോണവ്യാപാരങ്ങള് എന്നൊരു ചൊല്ലുതന്നെ നാട്ടിലുണ്ട്. ഓണക്കാലത്തെ വ്യാപാരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പല്ലിയ്ക്കും ഉറുമ്പിനും പശുവിനും പറവകൾക്കും വരെ ഓണമുണ്ട്. പ്രകൃതിയിലെ സകല ജീവജാലങ്ങളോടും സമരസപ്പെട്ടു കഴിഞ്ഞിരുന്ന പ്രാചീന മനുഷ്യരുടെ ഹൃദയവിശാലതയിൽ നിന്ന് ഉയിർകൊണ്ട ആഘോഷങ്ങളിലൊന്നും ഒന്നാമത്തേതുമാണ് ഓണമെന്നു പറയാം. സദ്ഭരണം, സമൃദ്ധി, സമാധാനം, സന്തോഷം തുടങ്ങിയ നാലു 'സ' കളുടെ ആകെത്തുകയാണ് തിരുവോണം. കള്ളപ്പറയും ചെറുനാഴികളുമില്ലാത്ത ഒരു ഗതകാല സംസ്മൃതിയും സംസ്കൃതിയുമാണിവിടെ ഓരോ ഓണക്കാലവും നമുക്കു മുമ്പിൽ വിളമ്പുന്നത്. കറുപ്പിനു ശേഷം വെളുപ്പ്, കുഴികൾക്കുശേഷം സമതലം എന്നതിനു തുല്യമായി ഇടവപ്പാതിയും കള്ളക്കർക്കിടകവും തരുന്ന ഇല്ലായ്മകളും വല്ലായ്മകളുമൊക്കെക്കടന്ന് നാം ചിങ്ങത്തിന്റെ പൊൻപുലരിയിലെത്തുകയായി. വർണ്ണങ്ങളുടെ, സുഗന്ധങ്ങളുടെ, രുചികളുടെ, ഈണങ്ങളുടെ താളങ്ങളുടെ സമൃദ്ധിയിലേക്ക്.

ഇത്തവണ ഓണാഘോഷങ്ങൾക്ക് പകിട്ടു കുറവാണ്. ഓഖിയും നിപ്പയും മഹാപ്രളയവും കഴിഞ്ഞെത്തിയ കൊവിഡ് –19 തന്നെയാണിവിടെ വില്ലൻ. ഒഴിയാതെ ആശങ്കകൾ നിൽക്കുമ്പോഴും പ്രതീക്ഷകളും വാനോളമുയരുന്നുണ്ട്. ലോകത്തെമ്പാടും ബയോ കെമിസ്ട്രി, മൈക്രോ ബയോളജി, വൈറോളജി ലാബുകൾ ഉറക്കമൊഴിച്ച് പ്രവർത്തിയ്ക്കുന്നത് മഹാമാരിയെ തളയ്ക്കാൻ തന്നെയാണ്. ആദ്യ ലാപ്പിൽ റഷ്യ മുന്നിലെത്തിയത് സന്തോഷകരം തന്നെ! തൊട്ടു പിന്നാലെ ഇന്ത്യയുണ്ട് ഒന്നിനു പകരം മൂന്ന് ഔഷധക്കൂട്ടുകളാണിവിടെ ഒന്നാം ഘട്ട



ഇത്തവണ ഓണാഘോഷങ്ങൾക്ക് പകിട്ടു കുറവാണ്. ഓഖിയും നിപ്പയും മഹാപ്രളയവും കഴിഞ്ഞെത്തിയ കൊവിഡ് –19 തന്നെയാണിവിടെ വില്ലൻ. ഒഴിയാതെ ആശങ്കകൾ നിൽക്കുമ്പോഴും പ്രതീക്ഷകളും വാനോളമുയരുന്നുണ്ട്. ലോകത്തെ മ്പാടും ബയോ കെമിസ്ട്രി, മൈക്രോ ബയോളജി, വൈറോളജി ലാബുകൾ ഉറ ക്കമൊഴിച്ച് പ്രവർത്തിയ്ക്കുന്നത് മഹാ മാരിയെ തളയ്ക്കാൻ തന്നെയാണ്.

ക്ലിനിക്കൽ ട്രയലിൽ ഡിസ്റ്റിംഗ്ഷനോടെ പാസ്സൗട്ട് ആയത്. ഗുണമേന്മ, വിലക്കുറവ്, പാർശ്വഫലരഹിതം തുടങ്ങിയ മൂന്നു മാനദണ്ഡ ങ്ങളിലൂന്നിയാണ് ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ കരുക്കൾ നീക്കുന്നത്. താമസിയാതെ ശുഭദമായ വാർത്തകൾ നമുക്കു കേൾക്കാനാവുമെന്നു പ്രത്യാശിയ്ക്കാം. നൂറ്റമ്പതു കോടിയിലേക്കു വളരുന്ന ഇന്ത്യൻ ജനസംഖ്യയ്ക്കൊപ്പം ലോക ത്തിലെ വിവിധ രാഷ്ട്രങ്ങളിലെ ജനകോടി കൾക്കും പ്രയോജകീഭവിക്കുന്ന ഒന്നായിട്ടാണ് നാം ആന്റി- കൊറോണാ വാക്സിൻ വികസിപ്പി ച്ചുകൊണ്ടിരിയ്ക്കുന്നത്. ഇവയുടെ ഫോർമുലേ ഷൻസ് പൂർണ്ണ വിജയമായിക്കഴിഞ്ഞാൽ അസം സ്കൃത പദാർത്ഥശേഖരണം ഉല്പാദനം, വിപ ണനം, കയറ്റുമതി തുടങ്ങിയ മേഖലകളിൽ ഒരു ലക്ഷത്തോളം പേർക്ക് തൊഴിലവസരങ്ങളും കോടികളുടെ വിദേശനാണ്യവും നാം ലക്ഷ്യമി ടുന്നു. അടുത്ത ചിങ്ങത്തിരുവോണം അടിപൊ ളിയാക്കാൻ ഈ ഒരു ലക്ഷ്യപ്രാപ്തി സാധിതമാ കട്ടെ എന്ന് ആശംസിക്കാം.

വ്യാപാര വ്യവസായ മേഖലകളിലെ ഉണർവ്വിന്റെ കാലമാണ് ഉത്സവകാലങ്ങൾ. അവ യിൽ പ്രത്യേകിച്ചും ഓണക്കാലം. നഗരങ്ങൾ പിറവികൊള്ളും മുമ്പേ ഇവിടെ ഓണവ്യാപാര ങ്ങൾ അരങ്ങു തകർത്തിരുന്നു. പുതുവത്സരം സമാഗതമാകുന്നതോടെ എല്ലാം പുതിയതാ ക്കുന്ന ഒരു ജീവിതശൈലിയാണു നാം പിന്തു ടർന്നു വന്നിരുന്നത്. വീടും പറമ്പും വൃത്തിയാ ക്കുക, വീടുകൾക്കു ചായം പൂശുക, ഒരു വർഷം ഉപയോഗിച്ച പായ്, ചൂല്, വസ്ത്രങ്ങൾ തുടങ്ങിയവയൊക്കെ ഉപേക്ഷിക്കുക, പുതു തായി വീട്ടുപകരണങ്ങളും മറ്റും വാങ്ങുക തുടങ്ങി എന്തൊക്കെയായിരുന്നു പുകില്! ശേട്ട പുറത്ത് ശീവോതി അകത്തെന്നല്ലേ ചൊല്ല്! ശീവോതി എന്നാൽ ഐശ്വര്യം. ശേട്ടയെ പൊട്ടി യെന്നും, ചേട്ടയെന്നും, മൂശ്ശേട്ട എന്നും വിളിച്ചി രുന്നു. രോഗം, ദുരിതം, സങ്കടങ്ങൾ, ദാരിദ്ര്യം ഇവയുടെ പര്യായമത്രേ ഇത്. ഏതായാലും നെഗറ്റീവ് എനർജി മാറ്റി ഭവനങ്ങളിലേക്ക് പോസിറ്റീവ് എനർജി പകരുന്ന കാലമാണ് ഓണക്കാലം.

മലയാളിയുടെ മാത്രം ഉത്സവമായിരു ന്നില്ല തിരുവോണം. തമിഴകത്തും ആർഭാട പൂർവ്വം ഇതുകൊണ്ടാടിയിരുന്നതായി ചരിത്രരേ ഖകൾ പറയുന്നു. മലയാളക്കരയിൽ ഓണം ആഘോഷിച്ചിരുന്നുവെന്നതിന്റെ രേഖകളിൽ പ്രധാനം എ. ഡി. 861 ലെ തിരുവല്ല തിരുവാക ശാസനമാണ്. അക്കാലത്തെ ഭരണാധികാരി യായ സ്ഥാണുരവിയുടെ പതിനേഴാം ഭരണ വർഷത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചത്.

ആവണിയോണമൊരുക്കി ചേന്നൻ ശങ്കരന് ഭൂമി നൽകുന്നതായാണ് ഉത്തരവ്. അതിലെ ആദായം കൊണ്ട് വിഭവസമൃദ്ധമായി ഓണം കൊണ്ടാടണമെന്നും വീഴ്ച വരുത്തിയാൽ പിഴയുണ്ടെന്നുമാണ് ശാസനത്തിന്റെ ചുരുക്കം.

എന്നാൽ ഇതിനും എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പ് തമിഴകം ഓണത്തെ നെഞ്ചേറ്റിയിരുന്നു. ബി. സി. മൂന്നാം നൂറ്റാണ്ടു മുതൽ എ. ഡി. ആറാം നൂറ്റാണ്ടുവരെ പടർന്നു പന്തലിച്ചു നിന്നിരുന്ന സംഘകാലത്തെപ്പറ്റി നാം ചരിത്രക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ട്. മാങ്കുടി മരുതൈനായകർ രചിച്ച മധുരൈക്കാഞ്ചിയിൽ രസകരമായ ഓണവർണ്ണനയുണ്ട്. നാപ്പൂതർ രചിച്ച മുല്ലൈപ്പാട്ടിലും ഓണാഘോഷത്തിന്റെ സുവർണ്ണദിനങ്ങൾ കാണാം. പന്ത്രണ്ട് ആൾവാർമാർ രചിച്ചതും നാഥമുനി പിന്നീട് ക്രോഡീകരിച്ചതുമായ നാലായിരം ദിവ്യ പ്രബന്ധത്തിലും ഓണാഘോഷം കാണാം. മൈലാപ്പൂരിലെ ഓണാഘോഷത്തെപ്പറ്റി തിരുജ്ഞാന സംബന്ധരും വർണ്ണിച്ചിരിയ്ക്കുന്നു.

> കർക്കിടകത്തിന്റെ ആധിവ്യാധികളിൽ നിന്നു മുക്തി നേടാനും ചിങ്ങത്തിൽ പത്തു കാശുണ്ടാക്കാനുമായിട്ടാണ് സ്വന്തം വീടുകളിലിരുന്ന് കുട്ടയും വട്ടിയും മുറവും പാലയുമൊക്കെ നെയ്തു കൂട്ടിയത്. ഇവയുമായി അങ്ങാടിയിൽപ്പോയാൽ വില കുറയ്ക്കും. ഉപഭോക്താക്കൾക്ക് നേരിട്ടു നൽകിയാൽ അതിലും കൂടുതൽ പണം കിട്ടും.

ഓണത്തിന്റെ ഹീറോ ആയ മഹാബലിയ്ക്ക് ഉത്തരേന്ത്യൻ പരിവേഷം നൽകിയ ചിത്രകാരന്മാരെക്കുറിച്ചു നമുക്കറിയാം. അയ്യായിരം വർഷങ്ങളുടെ പഴക്കമുള്ള സിന്ധുനദീതട സംസ്കാരം നമ്മുടെ പാരമ്പര്യത്തിന്റെ ഈടുവെയ്പുകളാണല്ലോ. മോഹഞ്ചദാരോ, ഹാരപ്പാ ഇവയെപ്പറ്റി ഇന്നു നാം ഊറ്റം കൊള്ളാറുണ്ട്. ഇവിടങ്ങളിലെ യാദവരുടെ ദേവനായിരുന്ന മായോൺ അഥവാ മാലോൾ ആണത്രേ മാലോകർക്കു പ്രിയങ്കരനായ മഹാബലി. ദീപാവലിയുടെ നാലാന്നാൾ കൊണ്ടാടി വരുന്ന ബലിപ്രതിപദ, വീരപ്രതിപദ, ദ്യുതിപ്രതിപദ ഇവയ്ക്ക് മഹാബലിയുമായി ബന്ധമുണ്ടത്രേ! ഏതായാലും തിരുവോണത്തിനും മഹാബലിയുടെ കഥകൾക്കും ആഴത്തിലുള്ള വേരോട്ടമാണ് നമുക്കു കാണാൻ കഴിയുക.

ഓണവ്യാപാരങ്ങളിൽ ഏതിനാണു ഡിമാന്റ് കൂടുതൽ എന്നു ചോദിയ്ക്കുന്നവരോട് ഏതിനാണു കുറവ് എന്ന മറുചോദ്യമാണ് ചോദിയ്ക്കേണ്ടത്. സമസ്തതല സ്പർശിയാണ്



ഓണം ഉപ്പുതൊട്ടു കർപ്പൂരം വരെ എന്നൊരു ചൊല്ലുണ്ടല്ലോ. ഉള്ളതുപോലും വാങ്ങിക്കൂട്ടുക ഒരു ലഹരിയായി ഓണക്കാലത്തനുഭവപ്പെടുന്നു. ഗ്രാമങ്ങളിലെ മൺപാതകളിലൂടെ മൊബൈൽ ഷോപ്പിങ്ങ് സെന്ററുകളുടെ ഘോഷയാത്രയായിരുന്നു പണ്ട്. സാവധാനം നീങ്ങുന്ന കാളവണ്ടികളിൽ എണ്ണക്കച്ചവടക്കാരുണ്ട് തുണിക്കച്ചവടക്കാരുണ്ട് കോസ്മെറ്റിക്സ് വില്പനക്കാരുണ്ട്. ഇന്നത്തെപ്പോലെ അക്കാലങ്ങളിൽ റെഡിമെയ്ഡ് ചിപ്സ് കിട്ടില്ല. ചക്കിലാട്ടിയ വെളിച്ചെണ്ണ തുടംകണക്കിന് അളന്നു വാങ്ങിയാണ് തെങ്ങില്ലാത്തവർ ഉപ്പേരി വറുത്തിരുന്നത്. ബ്യൂട്ടി പാർലറുകളോ, ലേഡീസ് സ്റ്റോറുകളോ അന്നുണ്ടായിരുന്നില്ല. ഓണത്തിനും വിഷുവിനുമാണ് ചാന്ത്പൊട്ട്, കുങ്കുമം, കുപ്പിവളകൾ സോപ്പ് ചീപ്പ് കണ്ണാടികൾ ഇവ സ്ത്രീജനങ്ങൾ വാങ്ങി സംഭരിച്ചിരുന്നത്. ജൗളി എന്നറിയപ്പെടുന്ന തുണിത്തരങ്ങളുടെ കാര്യത്തിലും അങ്ങനെതന്നെ.

ഇനി ഇരു കാലിൽ നടന്നുള്ള കച്ചവടങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത്. കുട്ട, മുറം, വട്ടി വിൽക്കുന്നവരും, പപ്പടം അവൽ കച്ചവടക്കാരും, തവി, വെട്ടുകത്തി അരിവാൾ വില്പനക്കാരുമാണ്. ഇതെല്ലാം തന്നെ സ്ത്രീജനങ്ങൾക്കായി സംവരണം ചെയ്തിരുന്നു. കർക്കിടകത്തിന്റെ ആധിവ്യാധികളിൽ നിന്നു മുക്തി നേടാനും ചിങ്ങത്തിൽ പത്തു കാശുണ്ടാക്കാനുമായിട്ടാണ് സ്വന്തം വീടുകളിലിരുന്ന് കുട്ടയും വട്ടിയും മുറവും പാലയുമൊക്കെ നെയ്തു കൂട്ടിയത്. ഇവയുമായി അങ്ങാടിയിൽപ്പോയാൽ വില കുറയ്ക്കും. ഉപഭോക്താക്കൾക്ക് നേരിട്ടു നൽകിയാൽ അതിലും കൂടുതൽ പണം കിട്ടും. അങ്ങാടിയിലെ വിലയെക്കാൾ കുറച്ച് കിട്ടുന്നതിനാൽ വീട്ടുകാർക്കും ലാഭം. മറ്റൊന്നാണ് പപ്പടം അവൽ കച്ചവടം. ഉരലിൽ പൊടിച്ച ഉഴുന്നുകൊണ്ടുള്ള പപ്പടവും ഉരലിലിടിച്ചു പതുക്കിയ അവലിന്റെയും രുചി പുതുതലമുറയ്ക്കറിയില്ല. ഓണക്കാലത്ത് ഇവയുടെ ഡിമാന്റ് പതിന്മടങ്ങാണ് അത്തം മുതൽ പപ്പടം വറുത്തതില്ലാത്ത ഓണമുണ്ടോ? അതുപോലെ പൂക്കളമിടുന്നതിനൊപ്പം ഓണാചാരങ്ങൾക്കായി അവലും നിർബന്ധമാണ്. ഇവ തലച്ചുമടായെത്തിയ്ക്കുന്ന വനിതകൾ ചരിത്രത്താളുകളിലേക്കു മറഞ്ഞുകെണ്ടേയിരിക്കുന്നു. സ്വന്തം ആലകളിൽ ഭർത്താവുണ്ടാക്കുന്ന കത്തികളും അരിവാളും മാർക്കറ്റ് ചെയ്യേണ്ട ജോലി ഭാര്യമാർക്കു തന്നെ. എടുക്കാവുന്നത്ര ഭാരവുമായി അവർ വീഥികൾ താണ്ടും. ചിരട്ടത്തവികൾ, പപ്പടം കുത്തി, അടപലക, ഇരിപലക, മത്ത്, തുടുപ്പ്, തിരിക, ഉറി തുടങ്ങിയവയുമായി തടിപ്പണിക്കാരുടെ ഭാര്യമാരും

സാമൂഹിക അകലം പാലിച്ചു കൊണ്ടും കൊവിഡ് 19 എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുമുള്ള ജീവിതശൈലിയുടെ പ്രതിഫലനമാണിവയൊക്കെ. ഒരു താൽക്കാലിക പ്രതിഭാസം. രോഗമുക്തമായ കേരളവും വ്യാവസായിക രംഗത്തെ കുതിച്ചു ചാട്ടവുമൊക്കെ അധികമകലെയല്ല. പ്രത്യാശയോടെ നമുക്ക് അതിനായി കാത്തിരിയ്ക്കാം.

കളത്തിലിറങ്ങും. ഇതിൽ പല വസ്തുക്കളും ഇന്നത്തെ തലമുറയ്ക്ക് അറിവുള്ളതല്ല. അടപലക എന്നത് കഞ്ഞിവാർക്കാൻ വേണ്ടി തയ്യാറാക്കിയ അർദ്ധവൃത്താകൃതിയിലുള്ള തടിപ്പലകയാണ്. ഇരിപലക എന്നത് കസേരകൾക്കു പകരം ഉപയോഗിച്ചിരുന്നവയും. തൈരുകടഞ്ഞ് മോരും വെണ്ണയും വേർതിരിയ്ക്കുവാനുള്ളതാണ് മത്ത്. ചക്കപ്പുഴുക്ക് കപ്പപ്പുഴുക്ക് തുടങ്ങിയ ഇളക്കിയോജിപ്പിക്കാനുള്ള ദണ്ഡാണു തുടുപ്പ്. കലങ്ങളും കുടങ്ങളും നേരെയിരിയ്ക്കാൻ അവയുടെ അടിയിൽ വെയ്ക്കുന്ന റൗണ്ടാണ് തിരിക. ഉറിയിലായിരുന്നു പണ്ട് ആഹാരപദാർത്ഥങ്ങൾ കലങ്ങളിലാക്കി സുരക്ഷിതമായി തൂക്കിയിട്ടിരുന്നത്.

ഇത്തരം വോണവ്യാപാരങ്ങളൊക്കെ ഇന്നു ഡോർ റ്റു ഡോർ മാർക്കറ്റിങ്ങ് ആയും ഓൺലൈൻ മാർക്കറ്റിങ്ങ് ആയും രൂപാന്തരം പ്രാപിച്ചിരിയ്ക്കുന്നു. കൊവിഡ് 19 ന്റെ ഭീഷണി മൂലം പരസ്യങ്ങൾ നൽകിയിട്ടും വിപണി ഉണരുന്നില്ലെന്നാണ് വ്യാപാര വ്യവസായ സമൂഹം പറയുന്നത്. കുതിച്ചുയർന്ന വില സ്വർണ്ണവിപണി അത്ര ഉണർവ്വിലല്ല. വസ്ത്രവിപണിയും അമ്പതു ശതമാനം പിന്നോട്ട്. ഹോട്ടൽ വ്യവസായവും അങ്ങനെ തന്നെ. ഫർണിച്ചർ ഇലക്ട്രോണിക്സ് വ്യാപാര രംഗങ്ങളിലും കുതിച്ചു ചാട്ടം കാണുന്നില്ല.

സാമൂഹിക അകലം പാലിച്ചു കൊണ്ടും കൊവിഡ് 19 എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുമുള്ള ജീവിതശൈലിയുടെ പ്രതിഫലനമാണിവയൊക്കെ. ഒരു താൽക്കാലിക പ്രതിഭാസം. രോഗമുക്തമായ കേരളവും വ്യാവസായിക രംഗത്തെ കുതിച്ചു ചാട്ടവുമൊക്കെ അധികമകലെയല്ല. പ്രത്യാശയോടെ നമുക്ക് അതിനായി കാത്തിരിയ്ക്കാം. ■



ടി. എസ്. ചന്ദ്രൻ

# വരുന്നു; മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരപാടി

പ്രധാനമന്ത്രിയുടെ പേരിൽ നിരവധി സംരംഭക വികസന പദ്ധതികൾ ഉണ്ട്. എന്നാൽ മുഖ്യമന്ത്രിയുടെ പേരിൽ ഇത്തരത്തിൽ ഒരു സമഗ്ര വായ്പാ പദ്ധതി പ്രഖ്യാപിക്കുന്നത് ഇത് ആദ്യം. 27/07/2020 ൽ ഇറങ്ങിയ ഉത്തരവിലാണ് ചീഫ് മിനിസ്റ്റേഴ്സ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (സി. എം. ഇ. ഡി. പി) എന്ന പേരിൽ ഒരു നൂതന വായ്പാ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. അതും സർക്കാർ ആനുകൂല്യത്തോടെ. പുതിയ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കും, സ്റ്റാർട്ട് അപ്പുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപറേഷൻ (കെ. എഫ്. സി) ആണ് പദ്ധതി നടപ്പാക്കുന്നത്. അഞ്ച് വർഷത്തേയ്ക്ക് ലക്ഷ്യം നിശ്ചയിച്ചുകൊണ്ടാണ്



ഈ പദ്ധതിയുമായി നീങ്ങുന്നത്. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്തു.

## ലക്ഷ്യം

1,000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എം. എസ്. എം. ഇ) വർഷം തോറും പുതുതായി സൃഷ്ടിക്കുക. 10,000 സംരംഭകർക്ക് സമഗ്ര പരിശീലനം നൽകുക. 5,000 പുതുസംരംഭങ്ങളെ കേരളത്തിൽ ഉടനീളമായി അഞ്ച് വർഷത്തിനുള്ളിൽ ഈ പദ്ധതിയിലൂടെ വളർത്തിയെടുക്കുക. 10,000 സംരംഭകരെ പരിശീലിപ്പിച്ചെടുക്കുകയും ചെയ്യും.

## പദ്ധതി ആനുകൂല്യങ്ങൾ

1. 50 ലക്ഷം രൂപ വരെ പുതുസംരംഭങ്ങൾക്ക് വായ്പ അനുവദിക്കുക. 1,500 കോടി രൂപ ഇതിനായി കെ. എഫ്. സി. കണ്ടെത്തും.
2. 10% പലിശനിരക്കാണ് കെ. എഫ്. സി. ഈടാക്കുക. എന്നിരുന്നാലും 7% പലിശനിരക്കിൽ സംരംഭകന് വായ്പലഭ്യമാകും. 3% പലിശ സബ്സിഡി സർക്കാർ അനുവദിക്കും. 13.5 കോടി രൂപ ഇതിനായി വർഷംതോറും

> 1,000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എം. എസ്. എം. ഇ) വർഷംതോറും പുതുതായി സൃഷ്ടിക്കുക. 10,000 സംരംഭകർക്ക് സമഗ്ര പരിശീലനം നൽകുക. 5,000 പുതുസംരംഭങ്ങളെ കേരളത്തിൽ ഉടനീളമായി അഞ്ച് വർഷത്തിനുള്ളിൽ ഈ പദ്ധതിയിലൂടെ വളർത്തിയെടുക്കുക.

സർക്കാർ അനുവദിക്കും.

4. പുതിയ യൂണിറ്റുകൾക്കാണ് വായ്പ അനുവദിക്കുക. എന്നാൽ നിലവിൽ ഏതെങ്കിലും സംരംഭം നടത്തിക്കൊണ്ടിരിക്കുന്നയാൾ പുതിയ പദ്ധതി തുടങ്ങുന്നതിനും വായ്പ അനുവദിക്കും. വിപുലീകരണം/ ആധുനികവൽക്കരണം/ വൈവിധ്യവൽക്കരണം എന്നിവയ്ക്ക് വായ്പ ലഭിക്കില്ല.
5. കെ. എഫ്. സി യുടെ ബ്രാഞ്ച് ഓഫീസുകൾ വഴിയായിരിക്കും വായ്പ അനുവദിച്ചു നൽകുക.
6. സംരംഭകർക്ക് അഞ്ച് ദിവസത്തെ സംരംഭകത്വ പരിശീലനം നൽകും.



## യോഗ്യതകൾ

1. പ്രായം: 18–50 വരെ
2. വിദ്യാഭ്യാസയോഗ്യത: ബാധകമല്ല
3. വരുമാന പരിധി: ബാധകമല്ല
4. സ്ഥിരം ജീവനക്കാരൻ ആയിരിക്കരുത്
5. മെച്ചപ്പെട്ട സിബിൽ സ്കോർ ഉണ്ടായിരിക്കണം.
6. പ്രൊപ്രൈറ്ററി, പാർട്ണർഷിപ്പ് ലിമിറ്റഡ് അങ്ങനെ എല്ലാത്തരം സംരംഭങ്ങൾക്കും വായ്പ ലഭിക്കും.
7. സംരംഭകന്റെ മിനിമം ഷെയർ 10% ആയിരിക്കും. 50 ലക്ഷം രൂപയിൽ അധികരിക്കുന്ന സംരംഭങ്ങൾക്കും വായ്പ അനുവദിക്കും. അങ്ങനെ വരുമ്പോൾ ബാക്കിതുക സംരംഭകർ കണ്ടെത്തേണ്ടതായി വരും.
8. മോറട്ടോറിയം കാലാവധി ഒരു വർഷം വരെ അനുവദിക്കും. ഈ സമയത്ത് പലിശ അടക്കേണ്ടതായി വരും.
9. തിരിച്ചടവിന് 5 വർഷം വരെയാണ് പരമാവധി കാലാവധി അനുവദിക്കുക. എന്നാൽ പദ്ധതിയുടെ സ്വഭാവം അനുസരിച്ച് 7 വർഷം വരെ ദീർഘിപ്പിക്കാനും ഉദ്ദേശിക്കുന്നു.
10. സെക്യൂരിറ്റി: ഭൂമി, കെട്ടിടം, വ്യക്തി ജാമ്യം സർക്കാർ ഉദ്യോഗസ്ഥ ജാമ്യം, സ്ഥിര നിക്ഷേപം ഇൻഷുറൻസ്, ജ്വല്ലറി, മറ്റ് ആസ്ഥികൾ എന്നിവ സെക്യൂരിറ്റി ആയി സ്വീകരിയ്ക്കും. അസറ്റ് കവറേജ് റേഷ്യോ ഇതിനായി കണക്കാക്കും.

## ഓൺലൈൻ അപേക്ഷ

കെ. എഫ്. സി യും വെബ്സൈറ്റ് വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷിക്കുവാൻ കഴിയൂ. പദ്ധതി രൂപരേഖയും, തിരിച്ചറിയൽ രേഖകളും മറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷകൾ പരിശോധിച്ച് സംരംഭകരെ തെരഞ്ഞെടുക്കുന്നത് ബ്രാഞ്ച് തലത്തിൽ രൂപീകരിക്കുന്ന ഒരു സെലക്ഷൻ കമ്മറ്റിയാണ്. ഇതിൽ കെ. എഫ്. സി യുടെ ബ്രാഞ്ച് ഹെഡ് ചെയർമാനും, നോഡൽ ഓഫീസർ കൺവീനറും ആയിരിക്കും. കൂടാതെ ഒരു വ്യവസായ വിദഗ്ധനും, ഒരു ബാങ്കിംഗ് വിദഗ്ധനും സെലക്ഷൻ കമ്മറ്റിയിൽ ഉണ്ടകും.

“മൂലധനത്തിന്റെ അഭാവവും വായ്പാലഭ്യതയുമാണ് സ്റ്റാർട്ട് അപ്പുകളും ചെറുകിട സംരംഭകരും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. അതിന് പരിഹാരം എന്ന നിലയിൽ സർക്കാർ ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നു”.

പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് 28/07/2020 ൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞ വാക്കുകളാണ് ഇത്. സമഗ്ര സംരംഭകത്വ പരിശീലന പരിപാടിയിൽ വർഷംതോറും 2,000 പേരെ ഉൾപ്പെടുത്തും.

കേരള സംരംഭ വികസന മിഷൻ എന്ന പേരിൽ ഒരു വായ്പാപദ്ധതി 5 വർഷം മുമ്പ് കെ. എഫ്. സി. നടപ്പാക്കിയിരുന്നു. സാങ്കേതിക യോഗ്യത നേടിയവരെ പ്രത്യേകമായി പരിഗണിച്ചായിരുന്നു പ്രസ്തുത പദ്ധതി. 20 ലക്ഷം രൂപ വരെയായിരുന്നു പദ്ധതിയുടെ പരമാവധി വായ്പ. ഏറെ പുതുസംരംകർക്ക് പ്രയോജനം ചെയ്ത ഒന്നായിരുന്നു അത്.

കോവിഡിന്റെ പശ്ചാത്തലത്തിലും, വിദേശ മലയാളികൾ ധാരാളമായി തിരിച്ചെത്തുന്ന സാഹചര്യത്തിലും, യുവാക്കൾ ഇപ്പോൾ സംരംഭമേഖലയെ ധാരാളമായി ആശ്രയിക്കുന്നു എന്നതിനാലും, സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമങ്ങളും ചട്ടങ്ങളും ഏറെ ലഘൂകരിച്ചിരിക്കുന്ന സംസ്ഥാന സർക്കാർ എന്നതുകൊണ്ടും ഇത്തരം വായ്പാ പദ്ധതികൾ വലിയ തോതിൽ ഗുണം ചെയ്യുക തന്നെ ചെയ്യും. ■

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**

ഡോ. ബ്രിജേഷ് ജോർജ് ജോൺ




# സോഷ്യൽ മീഡിയ മാർക്കറ്റിംഗ്

## അറിയേണ്ടതെല്ലാം

ബിസിനസ്സ് കൂടുതൽ വളർത്തുന്നതിനുള്ള ചിന്തയിൽ ഏതൊരു സംരംഭകന്റെയും ഉള്ളിൽ തുല്യം വരുന്ന ഒന്നാണ് പരസ്യക്കാർ എന്നത്. കൂടുതൽ പരസ്യത്തിലൂടെ കൂടുതൽ ബിസിനസ് എന്ന ചിന്തയാണ് ഇതിനടിസ്ഥാനം. കൂടുതൽ പേരും പരസ്യങ്ങൾക്കായി ആശ്രയിക്കുന്നതാകട്ടെ ദിനപ്പത്രങ്ങളും ചാനലുകളും തന്നെ. എന്നാൽ മാറിവരുന്ന മാധ്യമ സംസ്കാരത്തിനനുസരിച്ച് പരസ്യം നൽകുന്ന മാധ്യമങ്ങളിലും പല പരീക്ഷണങ്ങൾ നടത്തേണ്ടതുണ്ട്. അച്ചടി മാധ്യമങ്ങളിൽ മുഖ്യധാരാപത്രങ്ങൾ എല്ലാംതന്നെ പരസ്യനിരക്ക് വർഷാവർഷം കുത്തനെ ഉയർത്തുന്നുമുണ്ട്. ചെറുകിട സംരംഭകർക്ക് ഇത് അപ്രാപ്യമാണ്. ഇനി പണം മുടക്കി പരസ്യം നൽകിയാൽ തന്നെ ഉദ്ദേശിക്കുന്ന ഫലം ലഭിക്കണമെന്നുമില്ല. ടെലിവിഷൻ പരസ്യം ഉയർന്ന വിറ്റുവരവുള്ള വൻകിട സംരംഭകർക്ക് മാത്രം സാധിക്കുന്ന ഒന്നാണ്.

ഈ സാഹചര്യത്തിലാണ് സോഷ്യൽ മീഡിയ മാർക്കറ്റിംഗ് എന്ന ആശയത്തിന്റെ പ്രസക്തി. ഇന്നത്തെ തലമുറയുടെ മാധ്യമമാണ് സോഷ്യൽ മീഡിയ അഥവാ സമൂഹ മാധ്യമങ്ങൾ. മുഖ്യധാരാ മാധ്യമങ്ങളെക്കാൾ ജനങ്ങളിലേക്ക് ഇവ എത്തുന്നുണ്ട്.

## എന്താണ് സോഷ്യൽ മീഡിയ മാർക്കറ്റിംഗ്?

സമൂഹ മാധ്യമങ്ങൾ ഉപയോഗിച്ച് കൊണ്ട് ഇന്റർനെറ്റിലൂടെ മാർക്കറ്റിംഗ് സാധ്യമാക്കുന്ന സംവിധാനമാണ് സോഷ്യൽ മീഡിയ മാർക്കറ്റിംഗ്. ഇതിന് പരസ്യങ്ങളുമായി കാര്യമായ വ്യത്യാസം എല്ലാ അർത്ഥത്തിലുമുണ്ട്. പത്രത്തിൽ ഒരു പരസ്യം നൽകിയാൽ അത് എത്ര പേരിലേക്ക് ചെന്നെത്തി എത്ര പേർ വായിച്ചു, വായിച്ചവരിൽ തന്നെ എത്ര പേർക്ക് നമ്മുടെ ഉൽപ്പന്നങ്ങളിലോ സേവനങ്ങളിലോ താത്പര്യമുണ്ട് എന്ന് മനസ്സിലാക്കുക അസാധ്യമാണ്. സോഷ്യൽ മീഡിയ ഇങ്ങനെയല്ല.

## പരസ്യം VS സോഷ്യൽ മീഡിയ മാർക്കറ്റിംഗ്

പണം നൽകി പരമ്പരാഗത മാധ്യമങ്ങളിൽ നൽകുന്ന വിവരണമാണ് പരസ്യങ്ങൾ. എന്നാൽ സമൂഹ മാധ്യമങ്ങളിൽ അങ്ങനെയല്ല.

ആദ്യമായി ഒരു സംരംഭകൻ സോഷ്യൽ മീഡിയ മാർക്കറ്റിംഗ് ആരംഭിക്കുന്നതിനായി ചെയ്യേണ്ടത് വിവിധ സമൂഹ മാധ്യമങ്ങളിൽ പ്രൊഫൈലുകൾ നിർമ്മിക്കുക എന്നതാണ്. യുവതലമുറയിലുള്ളവർക്ക് ഇത് അനായാസം സാധിക്കുമെങ്കിലും മുതിർന്ന തലമുറക്കാർക്ക് ഇത് ഒരു ശ്രമകരമായി തോന്നാം. ഒരു ഇ- മെയിൽ ഐ. ഡി. സംരംഭത്തിനു മാത്രമായി ഉപയോഗിക്കുന്നതും ഉചിതമാണ്. ഇതേ ഇ- മെയിൽ ഉപയോഗിച്ച് കുറഞ്ഞ പക്ഷം ഫേസ്ബുക്ക്, യൂ ട്യൂബ്, ഇൻസ്റ്റഗ്രാം എന്നീ സമൂഹ മാധ്യമങ്ങളിൽ പ്രൊഫൈലുകൾ ഉണ്ടാക്കുക.

ഫേസ്ബുക്ക് ഉപയോഗിക്കുമ്പോൾ സ്വന്തം പേരിൽ പ്രൊഫൈൽ ഉണ്ടാക്കി അതിൽ നിന്നുകൊണ്ട് ബിസിനസ്സിന്റെ പേരിൽ ഒരു പേജ് നിർമ്മിക്കുന്നതാണ് ഉചിതം.

## ഫേസ്ബുക്ക്

സോഷ്യൽ മീഡിയ മാർക്കറ്റിംഗിൽ സജീവമാകാൻ ആഗ്രഹിക്കുന്ന സംരംഭകൻ. ആദ്യം ശ്രദ്ധ നൽകേണ്ട മാധ്യമമാണ് ഫേസ്ബുക്ക്.

*With Best Compliments from*

# M/s.M.F. Garments

**XV/589**



**Pulluvazhy.P.O.,**
**Perumbavoor**
**Ernakulam**
**Phone : 9447231980**




സ്ഥിരമായി നിങ്ങളുടെ സ്ഥാപനത്തിന്റെ ചിത്രം വിസിറ്റിംഗ് കാർഡ്, അനാവശ്യ ഫോർവേഡുകൾ, പരസ്യങ്ങൾ എന്നിവ ഹോസ്റ്റ് ചെയ്ത് ലൈക്ക് ചെയ്തവരെ മുഷിപ്പിക്കാതിരിക്കുക. പകരം നിങ്ങളുടെ ബിസിനസ് മേഖലയുമായി ബന്ധപ്പെട്ട ഉപകാരപ്രദമായ വിവരങ്ങൾ നിശ്ചിത സമയങ്ങളിൽ പങ്കുവയ്ക്കുക.

ഒരു പേജ് നിർമ്മിച്ച ശേഷം പരമാവധി സുഹൃത്തുക്കളെയും മുമ്പ് തന്നെയുള്ള കസ്റ്റമേഴ്സിനെയും പേജ് ലൈക്ക് ചെയ്യുന്നതിനായി കാണിക്കാം. ഇത്തരത്തിൽ പേജ് ഫോളോവേഴ്സിന്റെ എണ്ണം വർദ്ധിപ്പിക്കാം.

സ്ഥിരമായി നിങ്ങളുടെ സ്ഥാപനത്തിന്റെ ചിത്രം വിസിറ്റിംഗ് കാർഡ്, അനാവശ്യ ഫോർവേഡുകൾ, പരസ്യങ്ങൾ എന്നിവ ഹോസ്റ്റ് ചെയ്ത് ലൈക്ക് ചെയ്തവരെ മുഷിപ്പിക്കാതിരിക്കുക. പകരം നിങ്ങളുടെ ബിസിനസ് മേഖലയുമായി ബന്ധപ്പെട്ട ഉപകാരപ്രദമായ വിവരങ്ങൾ നിശ്ചിത സമയങ്ങളിൽ പങ്കുവയ്ക്കുക. പൊതുവായി ഉപകാരമുള്ള വിവരങ്ങൾ സോഷ്യൽ മീഡിയ നെഞ്ചിലേറ്റും സ്ഥിരമായി പരസ്യംമാത്രം ഇടുന്ന പേജ് ആണ് നിങ്ങളുടേതെങ്കിൽ ലൈക് ചെയ്തവർ തന്നെ അൺലൈക്ക് ചെയ്യും.

## പണം മുടക്കിയുള്ള പരസ്യങ്ങൾ ഫേസ്ബുക്കിൽ

അതെ ഇതിനു പുറമെ പണം മുടക്കി പരസ്യങ്ങൾ നൽകി നിങ്ങളുടെ പേജിനെ വളർത്താൻ സാധിക്കും. ഉത്സവകാല ഓഫറുകൾ പ്രത്യേക ഡിസ്കൗണ്ടുകൾ എന്നിവയെല്ലാം ഇത്തരത്തിൽ പരസ്യപ്പെടുത്താം. ഒരു ദിവസം നാല്പത് രൂപ മുതൽ മുകളിലേക്കുള്ള തുക നൽകി ഫേസ്ബുക്ക് പരസ്യങ്ങൾ നൽകാൻ ആരംഭിക്കാം. നിങ്ങൾ ഉദ്ദേശിക്കുന്ന പ്രായപരിധിയിലുള്ള, പ്രത്യേക ജില്ലകളിലുള്ള നിങ്ങൾക്ക് ആവശ്യമുള്ള മറ്റു മാനദണ്ഡങ്ങൾ ഉള്ള വ്യക്തികൾ മാത്രം പരസ്യങ്ങൾ കാണുന്ന രീതിയിലും ഇത് ക്രമീകരിക്കാം. പരസ്യങ്ങളിൽ ക്ലിക്ക് ചെയ്ത് നിങ്ങളുടെ വെബ്സൈറ്റിൽ എത്തിയാൽ മാത്രം പണം പോകുന്ന രീതിയിലും എത്രപേർ പരസ്യം കണ്ടു എന്നതിനടിസ്ഥാനത്തിൽ പണം നൽകുന്ന രീതിയിലും അക്കൗണ്ട് ക്രമീകരിക്കാം.

കൂടുതൽ വ്യക്തതയോടെ കൊടുക്കുന്ന പണത്തിന് കൂടുതൽ മൂല്യം ലഭിക്കുന്ന രീതിയിലാണ് ഫേസ്ബുക്ക് പരസ്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതിന് പുറമെ പണം നൽകാതെ തന്നെയുള്ള മാർക്കറ്റിംഗ് തന്ത്രങ്ങളും ഫേസ്ബുക്ക് ഉപയോഗിച്ച് പരീക്ഷിക്കാവുന്നതാണ്. കൂടുതൽ കസ്റ്റമേഴ്സിനോട് സേവനങ്ങളും ഉൽപന്നങ്ങളും എത്തിക്കുന്നതിനും മറ്റു രാജ്യങ്ങളിൽ നിന്ന് പോലും ഓർഡറുകൾ സമ്പാദിക്കുന്നതിനുമുള്ള ഏറ്റവും ചിലവു കുറഞ്ഞ മാർഗമാണ് സോഷ്യൽ മീഡിയ മാർക്കറ്റിംഗ്. ■



Siva Ganga
Drinks & Bakes
Kailash Food Products
XVII / 505 , Kottarappadi, Vaniyamthara Road
Kuzhalmannam, Palakkad - Pin: 678 702
Ph: 9495448883
Sivaganga Soft Drinks
14-106-A, Kottarappadi, Vaniyamthara Road
Kuzhalmannam, Palakkad - Pin: 678 702
Ph: 9495448883

മനോജ് മാതിരപ്പള്ളി

# കേരളാ ടൂറിസത്തിന്റെ കോവിഡാനന്തര പ്രതീക്ഷ

സംസ്ഥാനത്തിന്റെ വ്യവസായമേഖലയും സാമൂഹികജീവിതവുമെല്ലാം ചരിത്രത്തിലെ ഏറ്റവും മോശം സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. കോവിഡ്-19 ഏതെങ്കിലും തരത്തിൽ ബാധിക്കാത്ത ഒരു രംഗവും ആഗോളതലത്തിൽ തന്നെ ഇല്ലെന്നതാണ് യാഥാർത്ഥ്യം. കോവിഡ്-19 റിപ്പോർട്ട് ചെയ്തതിനുശേഷം ഏറ്റവുമാദ്യം പ്രതികൂലമായി ബാധിച്ചത് ടൂറിസം മേഖലയെയാണ്. ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായ വിനോദസഞ്ചാരം നേരിട്ട തകർച്ച ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് തിരിച്ചടിയാവുകയും ചെയ്തു. കോടാനുകോടി രൂപയുടെ നഷ്ടമാണ് ഈ രംഗത്ത് ഇതിനകം തന്നെ ഉണ്ടായിരിക്കുന്നത്.

ടൂറിസം മേഖലയിലെ പ്രധാനപ്പെട്ട സംഘടനകളുടെ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് അസോസിയേഷൻ ഇൻ ഇന്ത്യൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റിയുടെ (ഫെയ്ത്) പുതിയ റിപ്പോർട്ടനുസരിച്ച് കോവിഡ്-19 മൂലം ഇന്ത്യൻ വിനോദസഞ്ചാര മേഖലയ്ക്ക് 15 ലക്ഷം കോടിരൂപയുടെ നഷ്ടമുണ്ടാകും. ഇന്ത്യയിൽ രോഗബാധ വ്യാപകമാകുന്നതിന് മുൻപ് അഞ്ചു ലക്ഷം കോടിരൂപയുടെ നഷ്ടമാണ് കണക്കാക്കിയിരുന്നതെങ്കിലും സാഹചര്യം മോശമായ പശ്ചാത്തലത്തിൽ പുതിയ വിലയിരുത്തൽ നടത്തുകയായിരുന്നു. ഇക്കാലയളവിലെ തൊഴിൽ നഷ്ടം നാലുകോടിയാകുമെന്നും കണക്കാക്കപ്പെടുന്നു.

വിനോദസഞ്ചാര മേഖല നേരിട്ട തിരിച്ചടി മൂലം കേരളത്തിലും കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ധാരാളം വിദേശസഞ്ചാരികളും ഉത്തരേന്ത്യൻ ടൂറിസ്റ്റു



കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന ആഗോള സമ്പദ്‌വ്യവസ്ഥയെ തിരിച്ചുകൊണ്ടു വരുന്നതിലും മുഖ്യപങ്ക് വഹിക്കുക ടൂറിസം മേഖലയായിരിക്കുമെന്നാണ് ഈ രംഗത്തുള്ളവരുടെ വിലയിരുത്തൽ. സ്വാഭാവികമായും ഇതിന്റെ നേട്ടം ഏറ്റവുമധികം ലഭിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്ന് കേരളമായിരിക്കും.

കളും കേരളത്തിലെത്തും. ഇത്തവണയും ധാരാളം ബുക്കിംഗ് ഉണ്ടായിരുന്നെങ്കിലും അവസാനനിമിഷം ക്യാൻസൽ ചെയ്യപ്പെട്ടു. "മെയ് മാസം വരെയുള്ള എല്ലാ വാരാന്ത്യങ്ങളിലും അവധിദിവസങ്ങളിലും ഫെബ്രുവരിയിൽ തന്നെ ബുക്കിംഗ് പൂർത്തിയായിരുന്നു. കൂടാതെ ഇടദിവസങ്ങളിലും മോശമല്ലാത്ത ബുക്കിംഗ് ലഭിച്ചിരുന്നതാണ്. പക്ഷേ, മാർച്ച് അവസാനമായപ്പോഴേക്കും എല്ലാം ക്യാൻസലായി. അതേസമയം ഇപ്പോഴും ധാരാളം അന്വേഷണങ്ങൾ വരുന്നുണ്ടെന്നതാണ് വലിയ പ്രതീക്ഷ"; വാഗമണ്ണിനടുത്ത് കരിന്തരുവിയിലെ മോറിയാബർഗ് ടൂറിസ്റ്റ് ട്രാപ്പ് എന്ന സംരംഭത്തിന്റെ ഉടമയായ ടോണി കടപ്ലാക്കൽ പറയുന്നു.

## പ്രതീക്ഷയുടെ നാളുകൾ

കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന ആഗോള സമ്പദ്‌വ്യവസ്ഥയെ തിരിച്ചുകൊണ്ടു വരുന്നതിലും മുഖ്യപങ്ക് വഹിക്കുക ടൂറിസം മേഖലയായിരിക്കുമെന്നാണ് ഈ രംഗത്തുള്ളവരുടെ വിലയിരുത്തൽ. സ്വാഭാവികമായും ഇതിന്റെ നേട്ടം ഏറ്റവുമധികം ലഭിക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്ന് കേരളമായിരിക്കും. ഓരോ വർഷവും 11 ലക്ഷത്തിലധികം വിദേശസഞ്ചാരികളും 1.83 കോടി ആഭ്യന്തരടൂറിസ്റ്റുകളും 'ദൈവത്തിന്റെ സ്വന്തം നാട്' സന്ദർശിക്കുന്നുവെന്നത് കേരളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കോവളവും മൂന്നാറും തേക്കടിയും ആലപ്പുഴയുമൊക്കെ ആഗോളതലത്തിൽ തന്നെ പ്രശസ്തമായ വിനോദസഞ്ചാരകേന്ദ്രങ്ങളാണ്.



നിലവിലെ അവസ്ഥയിൽ ജനുവരിയോടുകൂടി മാത്രമെ ഇവിടുത്തെ ടൂറിസംമേഖല സജീവമായി തുടങ്ങുകയുള്ളൂവെന്നാണ് ഈ രംഗത്തുള്ളവർ ചൂണ്ടിക്കാട്ടുന്നത്. ഇതിനകം തന്നെ കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള പല റിസോർട്ടുകളിലും ചെറിയ തോതിലെങ്കിലും സന്ദർശകർ എത്തുന്നത് നല്ല ലക്ഷണമാണ്. ജില്ലാന്തര യാത്രയ്ക്കുള്ള വിലക്ക് നീങ്ങിയതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. പത്തുവയസ്സിൽ താഴെയുള്ള കുട്ടികൾക്കും 65 വയസിൽ കൂടുതൽ പ്രായമുള്ളവർക്കും പ്രവേശനം അനുവദിക്കാത്തതാണ് ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധി. കുട്ടികളെ ഒപ്പംകൂട്ടാൻ നിർവ്വാഹമില്ലാത്തതിനാൽ കുടുംബങ്ങളാരും യാത്രയ്ക്ക് തയ്യാറാകുന്നില്ല. ഇതിനുകൂടി ഇളവ് ലഭിക്കുന്നതോടെ സ്ഥിതി കൂടുതൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷ.

കുറച്ചു മാസങ്ങൾ ജോലി, തുടർന്നുള്ള ഏതാനും മാസങ്ങൾ യാത്ര എന്ന സംസ്കാരമാണ് പല യൂറോപ്യൻ രാജ്യങ്ങളിലുമുള്ളവർ പിന്തുടരുന്നത്. ഇത്തരമൊരു ജീവിതരീതി ഇന്ത്യപോലെയുള്ള രാജ്യങ്ങളിലെ ആളുകൾക്ക് ഒട്ടും ശീലമില്ല. എന്നാൽ, കോവിഡിന്റെ പശ്ചാത്തലത്തിൽ ആളുകളുടെ ജീവിതവീക്ഷണത്തിൽ ഒരു പരിധി വരെയെങ്കിലും മാറ്റം വന്നിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ആരോഗ്യമുള്ള കാലത്ത് പരമാവധി ജോലി ചെയ്ത് സമ്പാദിക്കുകയും അതുകഴിഞ്ഞ് ബാധ്യതകളെല്ലാം തീർത്തശേഷം യാത്രനടത്തുകയും

കുറച്ചു മാസങ്ങൾ ജോലി, തുടർന്നുള്ള ഏതാനും മാസങ്ങൾ യാത്ര എന്ന സംസ്കാരമാണ് പല യൂറോപ്യൻ രാജ്യങ്ങളിലുമുള്ളവർ പിന്തുടരുന്നത്. ഇത്തരമൊരു ജീവിതരീതി ഇന്ത്യപോലെയുള്ള രാജ്യങ്ങളിലെ ആളുകൾക്ക് ഒട്ടും ശീലമില്ല. എന്നാൽ, കോവിഡിന്റെ പശ്ചാത്തലത്തിൽ ആളുകളുടെ ജീവിതവീക്ഷണത്തിൽ ഒരു പരിധി വരെയെങ്കിലും മാറ്റം വന്നിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.





ചെയ്യുകയെന്നതായിരുന്നു പലരുടെയും ഇതുവരെയുള്ള കാഴ്ചപ്പാട്. പക്ഷേ, വലിയതോതിൽ സമ്പത്ത് കരുതിവെക്കാതെ യാത്രകളിലൂടെയും മറ്റും ജീവിതം കുറച്ചുകൂടി ആസ്വദിക്കേണ്ടതാണെന്ന മനോഭാവത്തിലേക്ക് മാറാൻ കോവിഡ് കാരണമായി. അപരിചിതവും മനോഹരവുമായ അനേകം സ്ഥലങ്ങൾ കേരളത്തിൽ തന്നെയുണ്ടെന്ന തിരിച്ചറിവ് സിനിമാതാരങ്ങളെപോലുള്ളവർക്ക് ഉണ്ടാകാനും കോവിഡ് കാലം പ്രേരകമായിട്ടുണ്ട്. അവരിൽ പലരും കേരളാടൂറിസത്തിന്റെ പ്രചാരണത്തിനും താൽപ്പര്യം പ്രകടിപ്പിച്ചുകഴിഞ്ഞു. ഇതിന്റെയൊക്കെ നേട്ടം അധികം വൈകാതെ കേരളത്തിന് ലഭിച്ചുതുടങ്ങുമെന്നാണ് കണക്കാക്കപ്പെടുന്നത്.

## കരുതലോടെ ടൂറിസം മേഖല

കോവിഡാനന്തര കാലത്ത് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരമേഖലയ്ക്ക് കരുത്താവുന്നത് ആഭ്യന്തരടൂറിസമായിരിക്കും. രണ്ടാംഘട്ടത്തിൽ മാത്രമേ വിദേശസഞ്ചാരികൾ രാജ്യാന്തരയാത്രകൾ ആരംഭിക്കുകയുള്ളൂ. ഈയൊരു സാഹചര്യം മുന്നിൽ കണ്ടാണ് കേരളവും നീങ്ങുന്നത്. ഇന്ത്യയിൽനിന്ന് ഓരോ വർഷവും വിദേശരാജ്യങ്ങളിലേക്ക് പോകുന്ന ടൂറിസ്റ്റുകളുടെ എണ്ണം മൂന്നേകാൽ കോടി വരും. എന്നാൽ, ഈ സീസണിലെങ്കിലും ഇവരുടെ വിദേശയാത്രകൾ നടക്കാനുള്ള സാധ്യതയില്ല. പല രാജ്യങ്ങളും വിദേശത്തുനിന്നുള്ള സഞ്ചാരികൾക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ് ഇതിന് ഒരുകാരണം. ഇത്തരമൊരു പശ്ചാത്തലത്തിൽ വിദേശയാത്രികരായ ഇന്ത്യൻസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കികഴിഞ്ഞു.

ഇതിനുപുറമേ, വിവിധ ഇന്ത്യൻസംസ്ഥാനങ്ങളിലൂടെ ഓരോ വർഷവും യാത്രചെയ്യുന്ന 70 കോടിയോളം ആഭ്യന്തരടൂറിസ്റ്റുകളുമുണ്ട്. ഇതിൽ 1.83 കോടി സഞ്ചാരികളാണ് കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്നത്. ഇക്കൂട്ടത്തിൽ 1.13 കോടിയും മലയാളികൾ തന്നെയാണ്. അവശേഷിക്കുന്ന 70 ലക്ഷം ടൂറിസ്റ്റുകൾ ഇതരസംസ്ഥാ





> വരാനിരിക്കുന്ന അനുകൂലസാഹചര്യം മുൻനിർത്തി നിരവധി സംരംഭകരും ടൂറിസം രംഗത്ത് ഒട്ടേറെ മുന്നൊരുക്കങ്ങൾ നടത്തുന്നുണ്ട്. സോഷ്യൽ മീഡിയയിലൂടെയും പ്രൊമോഷണൽ വീഡിയോകളിലൂടെയും മറ്റും കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാണ് ഇവരുടെ ശ്രമം. ഇതോടൊപ്പം കൂടുതൽ നിക്ഷേപം നടത്തുന്നവരുമുണ്ട്.

നങ്ങളിൽനിന്നും എത്തുന്നു. അന്യസംസ്ഥാനക്കാരായ മൊത്തം ടൂറിസ്റ്റുകളുടെ ഒരു ശതമാനം മാത്രമേ ഇപ്പോൾ കേരളം സന്ദർശിക്കുന്നുള്ളൂ. ഇത് രണ്ടോ മൂന്നോ ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ തന്നെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ വൻകുതിപ്പിന് കാരണമാകും. ഈയൊരു ലക്ഷ്യത്തോടെയുള്ള പ്രചാരണ പരിപാടികൾക്കാണ് വിനോദസഞ്ചാരവകുപ്പ് തയ്യാറെടുക്കുന്നത്.

വരാനിരിക്കുന്ന അനുകൂലസാഹചര്യം മുൻനിർത്തി നിരവധി സംരംഭകരും ടൂറിസം രംഗത്ത് ഒട്ടേറെ മുന്നൊരുക്കങ്ങൾ നടത്തുന്നുണ്ട്. സോഷ്യൽ മീഡിയയിലൂടെയും പ്രൊമോഷണൽ വീഡിയോകളിലൂടെയും മറ്റും കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാണ് ഇവരുടെ ശ്രമം. ഇതോടൊപ്പം കൂടുതൽ നിക്ഷേപം നടത്തുന്നവരുമുണ്ട്. "തുടർച്ചയായ പ്രളയവും രൂക്ഷമായ വേനലും ഉത്പന്നത്തിന്റെ വിലത്തകർച്ചയുമൊന്നും കാർഷികമേഖലയ്ക്ക് ഒട്ടും ഗുണകരമല്ല. അതുകൊണ്ടാണ് കോവിഡാനന്തരകാലം മുൻനിർത്തി ഏലത്തോട്ടത്തിൽ പുതിയൊരു ടൂറിസം സംരംഭത്തിന് തുടക്കമിടാൻ ഞാൻ തീരുമാനിച്ചത്. ഏതുസമയത്തും സഞ്ചാരികളെ സ്വീകരിക്കാൻ പര്യാപ്തമായ വിധത്തിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു"; തേക്കടിയിൽനിന്നും 24 കി.മീ. അകലെയുള്ള മേരികുളത്തിനടുത്ത് സ്ഥിതിചെയ്യുന്ന കാർഡമംവാലി പ്ലാന്റേഷൻ ഹോംസ്റ്റേ ഉടമ ബെന്നി ജെയിംസ് പറയുന്നു.

## കേരളത്തിലെ അനുകൂല സാഹചര്യം

ഓരോ വർഷവും കേരളത്തിലെത്തുന്ന വിദേശ-ആഭ്യന്തരടൂറിസ്റ്റുകളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനയുണ്ടാകുന്നുണ്ട്. താരതമ്യേന ചെറിയൊരു സംസ്ഥാനമായിട്ട് പോലും ഇവിടെയുള്ള വൈവിധ്യമാർന്ന കാഴ്ചകളും ഭൂപ്രകൃതിയും സുഖകരമായ കാലാവസ്ഥയുമാണ് എല്ലാക്കാലത്തും കേരളത്തിന് അനുകൂലം. മനോഹരമായ ബീച്ചുകളും കായലുകളും പുഴകളും വെള്ളച്ചാട്ടങ്ങളും വന്യജീവിസങ്കേതങ്ങളും 600 കിലോമീറ്ററോളം ദൈർഘ്യമുള്ള കടലോരവും മലനിരകളുമെല്ലാം അനേകം സഞ്ചാരികളെ ആകർഷിക്കുന്നു. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സംസ്ഥാന ടൂറിസം വകുപ്പും പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കോവിഡാനന്തര കേരളത്തെ രാജ്യത്ത് ഏറ്റവും സുരക്ഷിതവും ആരോഗ്യകരവുമായ കേന്ദ്രമാക്കി മാറ്റാനാണ് ഇപ്പോഴത്തെ ശ്രമം. ഇതിനുപുറമെ ആഭ്യന്തരസഞ്ചാരികളെ ലക്ഷ്യമിട്ട് വെർച്വൽ രീതിയിൽ ട്രാവൽമാർട്ട് സംഘടിപ്പിക്കാൻ കേരള ട്രാവൽ മാർട്ട് സൊസൈറ്റിയും തീരുമാനിച്ചിട്ടുണ്ട്.

രണ്ടുമാസം മുൻപുവരെയും കോവിഡ് ഏറ്റവും രൂക്ഷമായിയിരുന്ന ഇറ്റലിയൊക്കെ ആഭ്യന്തരടൂറിസത്തിൽ ഏറെ മുന്നോട്ട് പോയിക്കഴിഞ്ഞു. അവിടുത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെല്ലാം തുറന്നതോടെ വൻതിരക്ക് അനുഭവപ്പെടുന്നുണ്ട്. ബീച്ചുകളിലേക്കും മറ്റു കേന്ദ്രങ്ങളിലേക്കുമെല്ലാം ആളുകൾ കൂട്ടത്തോടെയെത്തി,



പ്രകൃതിഭംഗി ആസ്വദിക്കുകയും മറ്റു വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. കോവിഡ് ഭീതി നിലനിൽക്കുന്നുണ്ടെങ്കിലും അതുമായി പൊരുത്തപ്പെട്ടുകൊണ്ടുള്ള വിനോദസഞ്ചാര ശൈലിയാണ് അവിടങ്ങളിൽ യാഥാർത്ഥ്യമായത്. സമാനമായ സാഹചര്യം കേരളത്തിലുമുണ്ടാകും. മാസങ്ങളായി വീട്ടിനുള്ളിൽ ഒതുങ്ങിക്കഴിയേണ്ടി വന്നതിന്റെ അസ്വസ്ഥതകളും സമ്മർദ്ദവും മാറ്റാൻ ആളുകൾ ആദ്യം തെരഞ്ഞെടുക്കുക യാത്രകൾ തന്നെയായിരിക്കും.

കോവിഡ് പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിലുണ്ടായ തൊഴിൽനഷ്ടവും വരുമാനനഷ്ടവും മൂലം തിരിച്ചെത്തിയ പ്രവാസി മലയാളികളിൽ പലരും ടൂറിസം മേഖലയിലാണ് നിക്ഷേപം നടത്താനൊരുങ്ങുന്നത്. ഇക്കൂട്ടത്തിൽ, നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വലിയ ഹോട്ടലുകൾ മുതൽ കായൽപ്പരപ്പിലെ ഹൗസ്ബോട്ടുകളും ഉൾനാടൻ ഗ്രാമങ്ങളിലെ ഇക്കോടൂറിസം സംരംഭങ്ങളും ഫാംടൂറിസം പദ്ധതികളുമെല്ലാം ഉൾപ്പെടും. കോവിഡിനെതിരായ പോരാട്ടത്തിലൂടെ ലോകശ്രദ്ധയാകർഷിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നതും അന്താരാഷ്ട്ര ടൂറിസം മേഖലയിൽ നമുക്ക് ഗുണകരമാകും. ഇതേത്തുടർന്ന്, കോവിഡാനന്തര കേരളം സന്ദർശിക്കാൻ ഇൻസ്റ്റഗ്രാമിലൂടെയും മറ്റു സോഷ്യൽമീഡിയകളിലൂടെയുമെല്ലാം ഇതിനകം തന്നെ ധാരാളം വിദേശസഞ്ചാരികൾ താൽപ്പര്യം പ്രകടിപ്പിച്ചിരിക്കുന്നുവെന്നത് ഇവിടെ വരാനിരിക്കുന്ന ടൂറിസം ഉണർവ്വിന്റെ മികച്ച ലക്ഷണങ്ങളാണ്. ■

****





പടവുകൾ

ഡോ. ബൈജു നെടുങ്കേരി

# മഹാമാരിക്കാലത്തെ ലോക്കൽ ബിസിനസ്സ്

മഹാമാരിക്കാലത്ത് അതിജീവനത്തിന്റെ പുതുവഴികൾ തേടുകയാണ് കേരളം. സാമൂഹിക വ്യവസ്ഥിതിയും ജീവിതക്രമങ്ങളും മാറിമറഞ്ഞു. നിലവിലെ വിജയ മാതൃകകൾ പലതും തകർന്നടിയുകയും പുതിയ ബിസിനസ്സ് മോഡലുകൾ വേരുറപ്പിക്കുകയും ചെയ്യുന്ന കാലം കൂടിയാണിത്. നിലവിലുള്ള ബിസിനസ്സുകളെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്ക്കരിക്കുകയും കാലികപ്രസക്തിയുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. കൂട്ടം ചേരലുകൾക്കും അനാവശ്യ യാത്രകൾക്ക് നിയന്ത്രണങ്ങൾ വന്നതോടെ സൂപ്പർ മാർക്കറ്റ്, മാൾ സംസ്കാരത്തിൽ നിന്നും പ്രാദേശിക വ്യാപാര കേന്ദ്രങ്ങൾ കൂടുതൽ പ്രസക്തമായി. പ്രാദേശിക ഉല്പാദനവും പ്രാദേശിക വിപണനവും കൂടുതൽ കരുത്താർജ്ജിച്ചു. ലോക്കൽ മാർക്കറ്റ് ഉന്നം വയ്ക്കുന്ന ചെറുകിട സംരംഭങ്ങൾ വിജയം വരിക്കുന്ന പുതിയ ബിസിനസ്സ് മോഡലുകൾ രൂപപ്പെട്ടു.





ലോക്ക്ഡൗൺ കാലത്തും പ്രാഥമിക ഭക്ഷ്യ സംസ്കരണവും വിതരണവും നിലനിന്നു.

ഉല്പാദനകേന്ദ്രത്തിൽ നിന്നും നേരിട്ടുള്ള വില്പനയും ഹോം ഡെലിവറി മോഡലുകളും പരക്കെ സ്ഥിതീകരിക്കപ്പെട്ടു. പ്രാദേശികമായി നിർമ്മിക്കുന്ന ഉല്പാദനത്തിന്റെ വിശ്വാസ്യതയും പ്രാദേശിക വിപണത്തിന് കരുത്തേറ്റി.

മഹാമാരികാലത്തിനു മുൻപ് തന്നെ സംസ്ഥാന സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലുകളിലൂടെ ഒരു വ്യവസായ സൗഹൃദ ഭൂമിക നാം ഒരുക്കിവെച്ചിരിക്കുന്നു. ഈ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി മഹാമാരിക്കാലത്തും ചില ബിസിനസ് മോഡലുകളാണ് ഈ ലക്കം പ്രതിപാദിപ്പിക്കുന്നത്. പ്രാദേശിക ബിസിനസുകൾ എന്ന നിലയിൽ കേരളത്തിൽ എല്ലായിടത്തും ആരംഭിക്കാവുന്നതും വിജയ സാധ്യതയുള്ളതുമായ സംരഭങ്ങളാണ് ഇവ.

## സ്പൈസസ് ഹബ്

നഗരകേന്ദ്രങ്ങളിലോ, വാഹനഗതാഗതം കൂടുതലുള്ള വഴിവക്കിലോ ആരംഭിക്കാവുന്ന കറിപ്പൊടികളുടെയും മസാലപ്പൊടികളുടെയും നിർമ്മാണ വിതരണ കേന്ദ്രമാണ് സ്പൈസസ് ഹബ്. 250 -300 സ്ക്വയർ ഫിറ്റ് കെട്ടിടത്തിൽ ത്രീ ഫേസ് ഇലക്ട്രിസിറ്റി കണക്ഷനോടെ പ്രവർത്തനം ആരംഭിക്കാം. കറിപ്പൊടികളായ മുളക് പൊടി ,മല്ലിപൊടി ,മഞ്ഞൾപൊടി ,കുരുമുളക് പൊടി തുടങ്ങിയവയും സാമ്പാർ,

> ഉല്പാദനകേന്ദ്രത്തിൽ നിന്നും നേരിട്ടുള്ള വില്പനയും ഹോം ഡെലിവറി മോഡലുകളും പരക്കെ സ്ഥിതീകരിക്കപ്പെട്ടു. പ്രാദേശികമായി നിർമ്മിക്കുന്ന ഉല്പാദനത്തിന്റെ വിശ്വാസ്യതയും പ്രാദേശിക വിപണത്തിന് കരുത്തേറ്റി.

ഇറച്ചി, അച്ചാർ, രസം എന്നിവയ്ക്ക് ആവശ്യമായ മസാലക്കൂട്ടുകളും നിർമ്മിച്ച് വില്പന നടത്താം. കുരുമുളക്, കറുവപ്പട്ട, ഗ്രാമ്പൂ, ഏലയ്ക്ക തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ വില്പനയുമാകാം. പൊടിച്ചെടുക്കുന്ന കറിപ്പൊടികളും മസാലക്കൂട്ടുകളും ചില്ല് ഭരണികളിൽ സൂക്ഷിച്ച് വെച്ചതിന് ശേഷം ഉപഭോക്താക്കൾ എത്തുന്ന മുറയ്ക്ക് തൂക്കി പായ്ക്ക് ചെയ്തു നൽകുന്നതാണ് ബിസിനസ് മോഡൽ ഉൽപന്നത്തെ ബ്രാൻഡ് ചെയ്യുന്നതിന് പകരം ഉല്പാദനകേന്ദ്രത്തെ ബ്രാൻഡ് ചെയുന്ന രീതിയാണ് പിന്തുടരുന്നത്, ഓർഡർ അനുസരിച്ച് ഹോം ഡെലിവറിയും നടത്താം.



**മുതൽ മുടക്ക്**

| | | |
|---|---|---|
| 5 HP പൾവറൈസർ 2 No | - | 1,20,000.00 |
| 2 HP പൾവറൈസർ | - | 32,000.00 |
| ഡ്രൈയർ | - | 70,000.00 |
| സീലിംഗ് യന്ത്രം | - | 10,000.00 |
| ത്രാസ് | - | 15,000.00 |
| അനുബന്ധസംവിധാനങ്ങൾ | - | 15,000.00 |
| **ആകെ** | - | **2,51,000.00** |

## എണ്ണകട

ഗുണമേന്മയുള്ള വെളിച്ചെണ്ണയ്ക്ക് എന്നും ഡിമാന്റുണ്ട്. നഗരകേന്ദ്രത്തിലോ, വഴിയോരത്തോ ചക്ക് സ്ഥാപിച്ച് ഉപഭോകതാക്കളുടെ മുന്നിൽ ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ ഉല്പാദനകേന്ദ്രത്തിൽ തന്നെ വിപണനം നടത്തുന്ന ബിസിനസ് മോഡലാണ് എണ്ണക്കടകൾ. ഉല്പാദനകേന്ദ്രത്തിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപഭോകതാവിന് BIS ഗ്രേഡ് 1 ക്വാളിറ്റിയുള്ള വെളിച്ചെണ്ണ നല്കാൻ കഴിയും. ചക്കിലാട്ടുന്ന എണ്ണയ്ക്ക് നല്ല വെള്ളനിറവും ഗന്ധവും ലഭിക്കും, ഉപ ഉല്പന്നമായി ലഭിക്കുന്ന തേങ്ങാപിണ്ണാക്കിനും നല്ല വിപണിയുണ്ട് ,കൂടാതെ നെല്ലെണ്ണ റൈസ് ബ്രാൻ ഓയിൽ ,വിളക്കെണ്ണ എന്നിവ വാങ്ങി വിൽക്കുകയും ചെയ്യാം പ്രതിദിനം 50 ലിറ്റർ എണ്ണ വിറ്റഴിക്കാൻ കഴിഞ്ഞാൽ പോലും ലാഭകരമാവുന്ന സംരംഭമാണ് എണ്ണക്കടകൾ.

**മൂലധന നിക്ഷേപം**

| | | |
|---|---|---|
| ചക്ക് മോട്ടോർ | - | 2,30,000.00 |
| ത്രാസ് | - | 4,000.00 |
| അനുബന്ധ പാത്രങ്ങൾ , അനുബന്ധ സംവിധാനങ്ങൾ | - | 15,000.00 |
| **ആകെ** | - | **2,49,000.00** |

## ഇഡ്ഡലി ദോശ , അപ്പം മാവ് വില്പന കേന്ദ്രം

ഇഡ്ഡലിമാവും, ദോശമാവും, അപ്പം മാവും ദൈനം ദിന ജീവിതത്തിന്റെ ഭാഗമാണ്. ഇന്ന് മാർക്കറ്റിൽ കിട്ടുന്ന എല്ലാ മാവുകളും പ്രിസർവേറ്റിവുകൾ ചേർത്ത് നിർമ്മിക്കുന്നവയാണ്. പ്രിസർവേറ്റിവുകൾ ചേർക്കാതെ ഗുണമേന്മയോടെ നിർമ്മിക്കുന്ന മാവുകൾ ഉല്പാദന കേന്ദ്രത്തിൽ നിന്നു തന്നെ നേരിട്ട് വിറ്റഴിക്കുന്ന രീതിയാണ് ഇവിടെ അനുവർത്തിക്കുന്നത്. കൂടാതെ തട്ടുദോശ കടക്കാർക്ക് ഓരോ ദിവസവും എത്തിച്ച് നൽ കാനും കഴിയും, ഇത്തരം വില്പന തന്നെ 250 ലിറ്ററോളം പ്രതിദിനം നടത്താം. കൂടാതെ ഉല്പാദനകേന്ദ്രത്തിലെ വില്പനയും കൂടിയാകുമ്പോൾ ലോക്ക് ഡൗൺ കാലത്തും 300 ലിറ്റർ മാവ് വിറ്റഴിക്കാൻ കഴിയും. പ്രതിദിനം 6000 രൂപ വരെ നേടാവുന്ന സംരംഭമാണ് ഇഡ് ലി ദോശ അപ്പം മാവ് നിർമ്മാണം. കൂടാതെ ഹോട്ടലുകൾക്ക് ഇഡ്ഡലിയും ഇടിയപ്പവും, അപ്പവും നിർമ്മിച്ച് ഹോട്ടലുകൾക്ക് എത്തിച്ച് നല്കുന്ന രീതിയും ഇതോടൊപ്പം നടപ്പാക്കാവുന്നതാണ്.

**മൂലധന നിക്ഷേപം**

| | | |
|---|---|---|
| ഇൻസ്റ്റന്റ് വെറ്റ് ഗ്രൈൻഡർ | - | 40,000.00 |
| മിക്സിംഗ് യന്ത്രം | - | 2,000.00 |

| | | |
|---|---|---|
| സീലിംഗ് യന്ത്രം | – | 26,000.00 |
| അനുബന്ധ സംവിധാനങ്ങൾ | – | 10,000.00 |
| **ആകെ** | – | **78,000.00** |

## പാഴ്സൽ കിച്ചൺ കൗണ്ടറുകൾ

ഹോട്ടൽ, റസ്റ്റോറന്റ് വ്യവസായങ്ങളുടെ മിനിയേച്ചർ രൂപമാണ് പാഴ്സൽ കൗണ്ടറുകൾ. എവിടെയും ചെറിയ സൗകര്യത്തിൽ ഇത്തരം പാഴ്സൽ കിച്ചൺ കൗണ്ടറുകൾ ആരംഭിക്കാം. പാചകമറിയാമെങ്കിൽ സ്വന്തമായോ ഒന്നോ രണ്ടോ ജോലിക്കാരെ വെച്ചോ പാഴ്സൽ കൗണ്ടറുകൾ ആരംഭിക്കാം. ബിരിയാണിയും ചപ്പാത്തിയും ഇടിയപ്പവും അപ്പവും എല്ലാം ഡിമാന്റുള്ള വിഭവങ്ങളാണ്. കപ്പ- ഇറച്ചി, പിടി-കോഴിക്കറി തുടങ്ങിയ സ്പെഷ്യൽ വിഭവങ്ങളും ഉൾപ്പെടുത്താം. ചൈനീസിനും അറബിക്കിനും വരെ ഡിമാന്റുണ്ട്. മഹാമാരിക്ക് മുമ്പ് വരെ കുടുംബ സമേതം ഹോട്ടലുകളിൽ പോയി ചൈനീസും അറബിക്കും നാടനും കഴിച്ചിരുന്ന മലയാളിക്ക് ഹോട്ടൽ ഭക്ഷണത്തിന്റെ രുചി നാവിൽ നിന്ന് വിട്ട് മാറിയിട്ടില്ല. പാഴ്സലായി ഭക്ഷണം വീട്ടിലെത്തിയാൽ കൂടുതൽ സൗകര്യം. നഗരങ്ങളിൽ ഈ സൗകര്യം നൽകുന്ന നിരവധി ഹോട്ടലുകളുണ്ടാകും. എന്നാൽ ഗ്രാമങ്ങളിൽ ഇത്തരം സൗകര്യങ്ങൾ നൽകാൻ നമ്മൾ മാത്രമാണുണ്ടാകുക. ഹോട്ടൽ പോലെ ഇരിപ്പിടങ്ങളും അലങ്കാരങ്ങളും ആവശ്യമില്ലാത്തതിനാൽ ചിലവ് കുറവാണ്. 40% വരെ ലാഭം നേടിത്തരുന്ന വിജയ മാതൃകയാണ് പാഴ്സൽ കിച്ചൺ.

**മൂലധന നിക്ഷേപം**

പാചക സാമഗ്രികൾ, പാത്രങ്ങൾ, അനുബന്ധ സംവിധാനങ്ങൾ – 1,00,000.00

## ലൈസൻസുകൾ

ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ രജിസ്ട്രേഷൻ ടി സംരംഭങ്ങൾക്ക് നിർബന്ധമാണ്. ■



ഡോ. ഡി.ഷൈൻകുമാർ



# യന്തിരന്മാർ വരും; സംരംഭക ലോകം മാറും

## കാലിവളർത്തലിൽ കാലത്തിനൊത്ത മുന്നേറ്റം

കേരള സർക്കാരിന്റെ ഭാഗമായി വന്ന് നമ്മുടെ നാട്ടിലും തമിഴ്നാട്ടിലും ഫാമും, ഡയറി പ്ലാന്റും തുടങ്ങി വിജയിച്ച കൊല്ലം അഞ്ചൽ സ്വദേശി മുരളീധരന്റെ വിജയ കഥ.

പണ്ടത്തെപ്പോലെയല്ല കാര്യങ്ങൾ. ആളുകൾ മാറുന്നുണ്ട് അരങ്ങും. വിറ്റഴിക്കാവുന്ന ഏത് കരവിരുതും ഉല്പന്നങ്ങളും സംരംഭമായി മാറുകയാണ്. അതിൽ കാലിവളർത്തൽ വേറിട്ട് നിൽക്കണം എന്ന് വാശിപിടിക്കേണ്ടതില്ല. സർവ്വകലാശാലകളെപ്പോലും വെല്ലുന്ന വികസന വൈവിധ്യം കർഷകർ കേരളത്തിൽ കൊണ്ടുവരുന്നു.

2030 ലെ കൃഷിയെക്കുറിച്ചും, മൃഗസംരക്ഷണത്തെക്കുറിച്ചുമൊക്കെ ചിന്തിക്കേണ്ട സമയമായി. ഇനി ഒരു പക്ഷേ ഫാമുകൾ റോബോട്ടുകൾ നിയന്ത്രിക്കും. നിർമ്മിത ബുദ്ധിയുപയോഗിച്ച് ഇപ്പോൾ തന്നെ ഫാം പ്രവർത്തനങ്ങളും



എണ്ണം മാത്രം. അതിൽ ഗവൺമെന്റിന് കൂടി പങ്കാളിത്തമുള്ളത് ഒരു ഡസനോളം പ്രോജക്ടുകൾ. ആ ലിസ്റ്റിൽ ഒരു ഡയറി ഫാം സ്ഥാനം പിടിച്ചിട്ടുണ്ട്. അത് മറ്റെങ്ങുമല്ല കൊല്ലം അഞ്ചൽക്കാരൻ മുരളീധരന്റെ ഒരു സംരംഭമായിരുന്നു. മുരളിയ എന്ന ബ്രാന്റിൽ ഇന്ന് കേരളമാകെ അറിയപ്പെടുന്ന ഡയറി പ്രോഡക്ട്സ് കമ്പനി. ചെറു സംരംഭത്തിൽ നിന്ന് സ്മാർട്ട് ഫാമിലേക്ക് വളർന്ന് വലിയവരായവരല്ല ഇവർ. തുടക്കത്തിലേ ശ്രമിച്ച് വലിയ സംരംഭം പ്ലാൻ ചെയ്ത് വന്നവർ.

## പൈക്കൾ ശങ്കരൻകോവിലിൽ; പാൽ കാട്ടാക്കടയിൽ

അതാണ് കൗതുകം. കേരളത്തിൽ വിൽക്കപ്പെടുന്ന ഒരു ബ്രാന്റിനായുള്ള ഉറവിടം തമിഴ്നാട്ടിലെ ശങ്കരൻകോവിലിനടുത്തുള്ള ദൊരൈസ്വാമിപുരം ഗ്രാമം. കാരണം മറ്റൊന്നുമല്ല വലിയ കൂലിച്ചെലവും ഉയർന്ന അന്തരീക്ഷ ആർദ്രതയും, യൂണിയൻ പ്രശ്നങ്ങളും, മണ്ണിന്റെ ഗുണനിലവാരവുമൊക്കെയാണ്. ഡയറി സംരംഭത്തിന് പ്രദേശവാസികളുടെ പിന്തുണ നേടിയത് പാലെടുത്തുകൊള്ളാം എന്ന ധാരണയിലാണ്. തമിഴ്നാട് സർക്കാർ നല്കുന്നതിനേക്കാൾ ഉയർന്നവില പാലിന് നൽകും. തമിഴ്നാട്ടിൽ വെൻഡർമാരാണ് കുടിയിടകളിൽ നിന്നും, ഊരുകളിൽ നിന്നും പൈക്കളെ കറന്ന് പാൽ കൊണ്ടുവരുന്നത്. അത് ചിലപ്പോൾ രാവിലെ 10 മണിക്കാകാം, രാത്രി പത്ത് മണിക്കുമാകാം. ഏതായാലും പ്രശ്നമില്ല. അത് സ്വീകരിച്ചുകൊള്ളും എന്ന നിലപാടെടുത്തപ്പോൾ കാര്യങ്ങൾ എളുപ്പമായി.

## എം. ബി. ആർ. ടിയും, ബി. എം. സിയും

ബൾക്ക് മിൽക്ക് കൂളറുകൾ വന്നതോടെ പാലെടുത്ത് എവിടേക്കും കൊണ്ടുപോകാമെന്ന സ്ഥിതിയായി. ഒരു മില്ലി പാലിൽ എത്ര അണുക്കളുണ്ടോ എന്ന് കണ്ടു പിടിക്കുന്ന എം.ബി.ആർ ടെസ്റ്റും, സ്റ്റാൻഡേർഡ് പ്ലേറ്റ് കൗണ്ട് ടെസ്റ്റുമൊക്കെ അപ്പപ്പോൾ നടത്തും. പുറത്ത് വച്ചാൽ പാൽ പിരിയാതിരിക്കുന്ന മണിക്കൂറുകളാണ് പ്രധാനം. ദൊരൈസ്വാമിപുരത്തെ അഞ്ഞൂറോളം പൈക്കളുള്ള സ്വന്തം ഫാമും മുരളിയ തുടങ്ങി. ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ എന്ന അജണ്ടയ്ക്ക് മാറ്റമില്ല. ഒരു പരീക്ഷണത്തിൽ എം.ബി.ആറിൽ ഏഴ് മണിക്കൂർ എന്ന വിജയത്തിലേക്കാണ് മുരളിയയുടെ പാലെത്തുന്നത്. പുറത്ത് വച്ചാലും ഏഴ് മണിക്കൂർ കേട് കൂടാതെയിരിക്കും. അത്രയ്ക്കും കുറവാണ്

ഡയറി പ്ലാന്റുമൊക്കെ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ വന്നു കഴിഞ്ഞു.

ഫാമിൽ നിന്ന് ഭക്ഷ്യസംസ്ക്കരണത്തിലേക്ക് മാറുകയാണ് കേരളം. എളുപ്പത്തിൽ പ്രവേശിക്കാവുന്ന ഒരു സംരഭ മേഖല. റെഡി ടു കുക്ക്, റെഡി ടു ഈറ്റ് ഉല്പന്നങ്ങൾ ഡയറി ഫാമിൽ നിന്ന് ഇനി വരും. മൾട്ടി നാഷണൽ കമ്പനികളുടെ കിടമത്സരങ്ങൾ കുറവായതുകൊണ്ട് മാത്രമാണ് ഡയറി രംഗത്ത് ഇത്രയധികം സംരഭകർ വരാൻ കാരണം. സർക്കാരിന്റെ വലിയ പരിഗണനകൾ ഇക്കാര്യത്തിൽ ഇനിയുണ്ടായേ തീരു. പ്രത്യേകിച്ചും സ്വയം പര്യാപ്തതക്കായി മുറവിളി കൂട്ടുന്ന ഇക്കാലത്ത്.

## എമർജിംഗ് കേരള ഒന്നാന്തരം അവസരം

2012 ലെ എമർജിംഗ് കേരള ഓർമ്മ വരുന്നു. കൊട്ടിഘോഷിച്ച് വന്ന രണ്ടായിരത്തോളം പ്രോജക്ടുകളിൽ ഒടുവിൽ നടപ്പായത് 16

അണുക്കളുടെ അളവ്.

## ആഗോള സാങ്കേതികത മനുഷ്യ സ്പർശമില്ലാത്ത ഫാമുകൾ

ഡയറി രംഗത്തെ ആഗോള സാങ്കേതികതകളത്രയും ഫാമിൽ കൊണ്ടുവന്നിട്ടുണ്ട്. ഡി-ലാവലും, ജിയയുമൊക്കെയാണ് എല്ലാ യന്ത്ര സജ്ജീകരണങ്ങളും നൽകിയത്. കൂടാരത്തിൽ തന്നെ തുടങ്ങുന്നുണ്ട് വിജയം. അർബുദത്തിന്റെ കണങ്ങൾ ഏല്ക്കാതെ താപവികിരണങ്ങൾ ഒട്ടും പ്രതിഫലിക്കാത്ത രീതിയിലുള്ള മേൽക്കൂര സംവിധാനങ്ങളാണ്. സിമന്റ് ഫൈബർ ഷീറ്റിലാണ് മേൽക്കൂരകൾ. പി.ഇ.ബി എന്ന പ്രീ എഞ്ചിനിയേർഡ് ബിൽഡിംഗിലാണ് അത് ഉയർത്തിയിരിക്കുന്നത്. 105 മീറ്റർ നീളത്തിലും 32 മീറ്റർ വീതിയിലും 16 മീറ്റർ ഉയരത്തിലുമുള്ള കൂടാരങ്ങൾ. 24 പശുക്കളെ ഒരേസമയം കറക്കുവാൻ പാകത്തിലുള്ള ഹെറിംഗ് ബോൺ മിൽക്ക് പാർലറുകൾ. മിൽക്ക് ബേകൾ, കൗ ഗേറ്റുകൾ എല്ലാം സജ്ജം. വലിയ ഷെഡുകളിൽ പൈക്കൾക്ക് വിശ്രമിക്കാം. പുറത്ത് മണ്ണിൽ നടക്കുവാനുള്ള യാർഡുകളുമുണ്ട്. അന്തരീക്ഷ വായുവിനെ ശുദ്ധീകരിക്കുന്ന വേപ്പ് മരങ്ങളാണ് എവിടെയും വച്ച് പിടിപ്പിച്ചിരിക്കുന്നത്. ഉഷ്ണവായുവിനെയും, ഉച്ഛ്വാസ വായുവിനെയും പുറംതള്ളുന്ന ഡയറിഫാനുകൾ, റൂഫ് മോണിറ്റർ സംവിധാനം, വെളിച്ചത്തിനായി ഫ്ളൂറസെന്റ് ബൾബുകൾ, വെള്ളം കുടിക്കാനായി അങ്ങിങ്ങായി വാട്ടർ ട്രഫുകൾ, പുറം ചൊറിയാനും, മേനി മിനുക്കാനും റൗണ്ടും, സ്ട്രെയിറ്റുമായ കൗ ബ്രഷുകൾ. വളവും വെള്ളവുമൊക്കെ അപ്പപ്പോൾ മാറ്റാൻ സ്ക്രാപ്പർ അലേയിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക് സംവിധാനങ്ങൾ. തീറ്റയ്ക്കായി ടി.എം.ആർ വാഗണുകൾ. കറവയ്ക്ക് മുമ്പ് രണ്ട് പ്രാവശ്യവും, കറവയ്ക്ക് ശേഷം രണ്ട് പ്രാവശ്യവും കൃത്യമായ തീറ്റ വിതരണ സംവിധാനം. ഫാമുകളും ഉപകരണങ്ങളും, ബി.എം.സി യുമൊക്കെ കഴുകുവാൻ ചൂടുവെള്ളത്തെ ആശ്രയിക്കുന്നു. അതാകട്ടെ സോളാർ പവറിൽ പ്രവർത്തിപ്പിക്കുന്നു. കറവ കഴിഞ്ഞ് പുറത്തിറങ്ങുവാൻ റാപ്പിഡ് എക്സിറ്റ് സ്വിങ്ങ് ഓവർ സംവിധാനം. പാർലറിൽ നിന്നും പുറത്തിറങ്ങിയാൽ കുളമ്പ് അണുനാശിനിയിൽ മുങ്ങുവാനുള്ള ഫുട് ഡിപ് സംവിധാനം. എന്നും ഭാരനിർണയം നടത്തുന്ന വെയിംഗ് ബാലൻസുകൾ. ചാണകം കൃത്യമായ ഇടവേളകളിൽ തുടച്ചുമാറ്റുന്ന ആട്ടോമാറ്റിക് ഡംഗ്സ് ക്രേപ്പർ. ഒരു കോടി രൂപ മുടക്കി നിർമ്മിച്ച ബയോഗ്യാസ് പ്ലാന്റുകൾ. ബയോഗ്യാസിനെ എട്ട് മണിക്കൂറോളം തുടർച്ചയായി വൈദ്യുതിയിലേക്കെത്തിക്കുന്ന ബയോജനറേറ്റർ.

> അർബുദത്തിന്റെ കണങ്ങൾ ഏല്ക്കാതെ താപവികിരണങ്ങൾ ഒട്ടും പ്രതിഫലിക്കാത്ത രീതിയിലുള്ള മേൽക്കൂര സംവിധാനങ്ങളാണ്. സിമന്റ് ഫൈബർ ഷീറ്റിലാണ് മേൽക്കൂരകൾ. പി.ഇ.ബി എന്ന പ്രീ എഞ്ചിനിയേർഡ് ബിൽഡിംഗിലാണ് അത് ഉയർത്തിയിരിക്കുന്നത്. 105 മീറ്റർ നീളത്തിലും 32 മീറ്റർ വീതിയിലും 16 മീറ്റർ ഉയരത്തിലുമുള്ള കൂടാരങ്ങൾ.

## എല്ലാം നിയന്ത്രിക്കും മഹാ യന്തിരൻ

മുകളിൽ ഘടിപ്പിച്ചിരിക്കുന്ന ആന്റിനയാണ് എല്ലാമെല്ലാം. ആന്റിനയിലേക്ക് സന്ദേശമെത്തിക്കുവാൻ പൈക്കളുടെ കഴുത്തിൽ ഘടിപ്പിച്ചിരിക്കുന്ന ട്രാൻസ്പോണ്ടറിലെ മൂവ് മോണിറ്റർ സഹായിക്കും. പൈക്കളുടെ വ്യക്തിത്വം തിരിച്ചറിയാൻ കഴുത്തിൽ തന്നെ ഘടിപ്പിച്ചിരിക്കുന്ന ഐ.ഡി സെൻസറുകൾ സഹായിക്കുന്നുണ്ട്.

നാലു സോഫ്റ്റ് വെയറുകളാണ് ഹൈടെക് ഫാമിനെ നിയന്ത്രിക്കുന്നത്. മിൽക്ക് മാനേജർ, ഫീഡ് മാനേജർ, മൂവ് മോനിട്ടർ, ഫാം മെസഞ്ചർ. ഇതിൽ മിൽക്ക് മാനേജർ കറവയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും നിയന്ത്രിക്കുമ്പോൾ ഫീഡ് മാനേജർ ടി.എം.ആർ, ആട്ടോമാറ്റിക് ഫീഡർ തുടങ്ങി എല്ലാ തീറ്റക്രമങ്ങളെയും നിയന്ത്രിക്കും. ഹൈടെക് ഫാമിൽ മൂവ് മോനിട്ടർ ഒരു സർവപ്രശ്നപരിഹാരിയാണ്. പശുവിന്റെ കഴുത്തിൽ ഘടിപ്പിച്ചിട്ടുള്ള ട്രാൻസ്പോണ്ടറിൽ പ്രവർത്തിക്കുന്ന മൂവ് മോനിട്ടർ പശുവിന്റെ എല്ലാ ചലനങ്ങളും പ്രക്രിയകളും വിലയിരുത്തും. സ്വാഭാവിക ചലനങ്ങളും പ്രക്രിയകളും ഇതിൽ നേരത്തേ രേഖപ്പെടുത്തിവയ്ക്കാം (പ്രോഗ്രാം ചെയ്തു വയ്ക്കാം) അതിനു വിരുദ്ധമായി പെരുമാരുമ്പോൾ മൂവ് മോനിട്ടർ സന്ദേശങ്ങളയച്ചു തുടങ്ങും. ഉദാഹരണമായി ഒരു പശു 10 പ്രാവശ്യം ചവയ്ക്കുകയോ, 15 പ്രാവശ്യം കാൽ കുടയുകയോ



കെ. മുരളീധരൻ

പശു ഒരു ഫാക്ടറിയാണ്. അത് പ്രവർത്തിക്കുവാൻ ആവശ്യമായ ഇന്ധനം തീറ്റയാണ്. തീറ്റയുടെ പോഷക–ഊർജ്ജ–കൊഴുപ്പ് സമന്വയം ഭംഗിയായി നിർവഹിച്ചാലേ നല്ല ജനിതക മുള്ള പൈക്കളിൽ നിന്ന് നല്ല പാൽ കിട്ടു. അതിന് വേണ്ടിയാണ് ജയകൃഷ്ണൻ എന്നും ഗവേഷണങ്ങൾ നടത്തുന്നത്.

ചെയ്താൽ അത് സ്വാഭാവികം. എന്ന രീതിയിൽ നേരത്തേ പ്രോഗ്രാം ചെയ്തു വയ്ക്കാം. എന്നാൽ ചവയ്ക്കുന്നതു കുറയുകയോ, കാൽ കുടയുന്നത് കൂടുകയോ ചെയ്താൽ എന്തോ പ്രശ്നമുണ്ടെന്ന് മൂവ് മോനിട്ടർ രേഖപ്പെടുത്തും.

ഈ സമയത്താണ് ഫാം മെസഞ്ചർ എന്ന സോഫ്റ്റ് വെയറിന്റെ സേവനം. അപ്പോൾത്തന്നെ ഇത്രാം നമ്പർ പശുവിനെ നോക്കണം എന്ന സന്ദേശം(SMS) ഉത്തരവാദിത്തപ്പെട്ടവർക്കു പോയിരിക്കും. ഉദാഹരണമായി ഒരു പശു മദിയിൽ വരുമ്പോൾ മറ്റു പശുക്കളുടെ പുറത്തു ചാടിക്കയറും. ഇത് മൂന്ന് തവണയിൽ കൂടുതലായാൽ മദി തന്നെ എന്നുറപ്പാക്കണം എന്ന രീതിയിൽ പ്രോഗ്രാം ചെയ്താൽ നാലാം തവണ ചാടിക്കയറുമ്പോൾ മൂവ് മോനിട്ടർ വെറ്ററിനറി ഡോക്ടർക്കു സന്ദേശമയച്ചു കഴിയും. ഈ പശുവിനെ കുത്തിവയ്ക്കണം എന്നായിരിക്കും അതിന്റെ ഉള്ളടക്കം.

## സോർട്ടിങ്ങ് അഥവാ വേർതിരിക്കൽ

നേരത്തേ സൂചിപ്പിച്ച ഭാരമളക്കൽ സ്ഥലത്താണ് സോർട്ടിങ്ങ് അഥവാ വേർതിരിക്കൽ നടക്കുന്നത്. കറവ കഴിഞ്ഞ് ഭാരം അളന്നു പോകുന്ന പൈക്കൾ സോർട്ടിങ് ഗേറ്റിൽ എത്തുമ്പോൾ പ്രത്യേകം പ്രശ്നങ്ങളുള്ള പൈക്കളെ സോർട്ടിങ് ഗേറ്റിലൂടെ വഴിതിരിച്ച് സോർട്ടഡ് ഏരിയയിലേക്കു വിടും. ഇവിടെ ഇടിക്കൂട് (Trevice) പശുക്കളെ കയറ്റി നിർത്താനുള്ള സ്ഥലം, കിടക്കുന്ന പൈക്കളെ ഉയർത്താനുള്ള ഉപകരണം (Downer Lifter), ചികിത്സാ സൗകര്യങ്ങൾ, ലബോറട്ടറി എന്നിവയെല്ലാമുണ്ട്. സെലക്ടീവ് സോർട്ടിങ്ങിലൂടെ രോഗമുള്ളവയെയും പ്രശ്നങ്ങളുള്ളവയേയും മുമ്പ് മോനിട്ടർ അയച്ച സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റിനിർത്തി പ്രശ്നങ്ങൾ പരിഹരിക്കും.

## പുതുകാലം പുതുതീറ്റകൾ

പശു ഒരു ഫാക്ടറിയാണ്. അത് പ്രവർത്തിക്കുവാൻ ആവശ്യമായ ഇന്ധനം തീറ്റയാണ്. തീറ്റയുടെ പോഷക-ഊർജ്ജ-കൊഴുപ്പ് സമന്വയം ഭംഗിയായി നിർവഹിച്ചാലേ നല്ല ജനിതകമുള്ള പൈക്കളിൽ നിന്ന് നല്ല പാൽ കിട്ടു. അതിന് വേണ്ടിയാണ് ജയകൃഷ്ണൻ എന്നും ഗവേഷണങ്ങൾ നടത്തുന്നത്. ചോളമാണ് പ്രധാനം. സോയാപിണ്ണാക്ക്, ചോളപ്പൊടി, ഗോതമ്പ് തവിട്, വൈക്കോൽ, ബേക്കിംഗ് സോഡ, കാത്സ്യം കാർബണേറ്റ്, ധാതുലവണ മിശ്രിതങ്ങൾ, ബൈപാസ് ഫാറ്റ്, ഇന്തുപ്പ് എന്നിവയെല്ലാം ഭംഗിയായി മിക്സ് ചെയ്ത് ചോളത്തുണ്ടുകളുമായി കൂട്ടിക്കുഴക്കുവാൻ പ്രത്യേക മില്ലുകൾ ഉണ്ട്. ഇളം കറവയിലെ ഒരു പശുവിന് കൊടുക്കുന്ന മിശ്രിതം നോക്കാം.

Pellet - 24% 3kg, Magnesium Oxide -0.04kg, Sodium Bicarbonate -0.1kg, Dicalcium Phosphate -0.07kg, Calcim Carbonate -0.03kg, Mineral DSM- 0.1kg, Rice Raw -0.5 kg, byepass Fat -0.2kg, Maize Powder -2.7kg, Cotton DOC - 2kg, Mollases and Rice Bran --0.2kg, Green Maize-30kg, Total- 38.9kg.

ഇനി സാധാരണ കറവയിലുള്ള പൈക്കൾക്ക് നല്കുന്ന മിശ്രിതം നോക്കു.

Pellet - 24% 3kg, Magnesium Oxide -0.04kg,

മാലിന്യ നിർമ്മാർജ്ജനത്തിന് ഹൈടെക് മാതൃകകളാണ് ഫാമിൽ. പ്രൈമറി കണക്ഷൻ പിറ്റിലേക്ക് 15 എച്ച്.പി മോട്ടർ വഴി വളമെത്തിക്കുകയാണ് ആദ്യപടി. അവിടെ നിന്നും ഗുരുത്വാകർഷണം വഴി നാലറകളുള്ള ഡൈജസ്റ്ററിലും 42 ദിവസം പിന്നിട്ടാൽ ചാണക സ്ളറി പിറ്റിലെത്തും. ജലവും ഖരപദാർത്ഥങ്ങളുമായി സ്ളറി പിറ്റ് ഇതിനെ വേർപെടുത്തും. ഖരമാലിന്യം വളമായും, ജലം കൃഷിക്കായും ഉപയോഗിക്കുന്നു.

Sodium Bicarbonate -0.07kg, Dicalcium Phosphate -0.03kg, Calcim Carbonate -0.05kg, Mineral DSM- 0.1kg, Rice Raw -0.5 kg, byepass Fat -0.1kg, Maize Powder -1kg, Cotton DOC - 0.7kg, Mollases and Rice Bran - -1.5kg, Green Maize-22kg, Total- 28.1kg.

## ചോളവും ഫോഡർ ബെയിലറും താരങ്ങൾ

കണ്ണെത്താ ദൂരത്തോളം നിരന്ന് നിൽക്കുന്ന ചോളത്തിന്റെ ചോലകളാണ് ദൊരൈ സ്വാമിപുരത്ത്. ചോളം രണ്ടിനമുണ്ട്. മൂപ്പെത്തിയ ചോളമണികൾക്കായി ഉപയോഗിക്കുന്ന നീളം കുറഞ്ഞ ഇനവും, ഇലകൾ കൂടുതലുള്ള നീളം കൂടിയ ഇനവും. രണ്ടിലും മുകുളങ്ങളും ചോളമണികളും ഉണ്ടാവും. എങ്കിലും നീളം കൂടിയ ഇനത്തിനാണ് പ്രാധാന്യം. മൂപ്പെത്തി പാലുറക്കുന്നതിന് മുമ്പേ 80–ാം പക്കം ചോളം കൊയ്തെടുക്കും. ചോളത്തെ അപ്പോൾത്തന്നെ സൈലേജ് ആക്കി മാറ്റും. അനൈറോബിക് രീതിയിലാണ് സൈലേജ് നിർമ്മാണം. ഇതിനായി ലിഫ്റ്ററിൽ നിന്ന് ഉയർന്ന് ചെറുതുണ്ടുകളായി ഫോഡർ ബെയിലർ കം റാപ്പറുകളിലെത്തുന്ന ചോളത്തുണ്ടിനെ ഉരുളുകളാക്കി മാറ്റുകയാണ് ആദ്യം. ഒരു ഉരുൾ അഥവാ ബെയിലിൽ 300 കിലോ ചോളത്തുണ്ടുകളുണ്ടാവും. ഉരുളിനെ അപ്പപ്പോൾ തന്നെ ഹൈ ഡെൻസിറ്റി പോളി എഥിലിൻ ഷീറ്റുകൾ കൊണ്ട് മർദ്ദമേൽപ്പിച്ച് പൊതിഞ്ഞ് കെട്ടുകളാക്കി മാറ്റും. മണിക്കൂറിൽ 375 ബെയിലുകൾ യന്തിരൻ പൂർത്തിയാക്കും.

## മാലിന്യമെന്ന മാണിക്യം.

മാലിന്യ നിർമ്മാർജ്ജനത്തിന് ഹൈടെക് മാതൃകകളാണ് ഫാമിൽ. പ്രൈമറി കണക്ഷൻ പിറ്റിലേക്ക് 15 എച്ച്.പി മോട്ടർ വഴി വളമെത്തിക്കുകയാണ് ആദ്യപടി. അവിടെ നിന്നും ഗുരുത്വാകർഷണം വഴി നാലറകളുള്ള ഡൈജസ്റ്ററിലും 42 ദിവസം പിന്നിട്ടാൽ ചാണക സ്ളറി പിറ്റിലെത്തും. ജലവും ഖരപദാർത്ഥങ്ങളുമായി സ്ളറി പിറ്റ് ഇതിനെ വേർപെടുത്തും. ഖരമാലിന്യം വളമായും, ജലം കൃഷിക്കായും ഉപയോഗിക്കുന്നു. ബയോഗ്യാസ് ടാങ്കിൽ നിന്നും പുറത്തു വരുന്ന വാതകം ശേഖരിക്കുവാൻ പ്രത്യേക ചേമ്പറുകളുണ്ട്. ഒന്നിൽ റോ ഗ്യാസ് ശേഖരിക്കും. അതിൽ നിന്നും രണ്ടാമത്തെ ബലൂണിലേക്ക് വാതകം എത്തുന്നത് ചില സ്ക്രബ്ബറുകൾ വഴിയാണ്. ഹൈഡ്രജൻ സൾഫേഡ്, കാർബൺ ഡൈ ഓക്സൈഡ്, ഈർപ്പം ഇതൊക്കെ നീക്കിയ വാതകമാണ് രണ്ടാമത്തെ ബലൂണിലെത്തുക. അവിടെ നിന്നും ജനറേറ്ററിലേക്ക് പോകുന്ന വാതകം ഫാമിലെ യന്ത്രങ്ങളും ബൾബുകളുമൊക്കെ പ്രവർത്തിപ്പിക്കുവാനുള്ള 12 മണിക്കൂർ നിലക്കാത്ത വൈദ്യുതി നൽകും.

## ബേയർ റെയിൻഗൺ

സ്ളറി ഉണ്ടായാൽ അതിനെ സ്ളറി സെപ്പറേറ്റർ, ലായനിയും, ഖരപദാർത്ഥങ്ങളുമായി വേർതിരിക്കും. ഖരപദാർത്ഥങ്ങൾ ഉണക്കി പ്പൊടിച്ച് വളമാക്കാം. ലായനി ശേഖരിക്കുവാൻ മറ്റൊരു വലിയ തടാകം. അവിടെ നിന്നും 55 കിലോവാട്ടിന്റെ പമ്പുപയോഗിച്ച് പാടത്ത് എത്തിക്കും. അവിടെയാണ് ബേയർ റെയിൻഗൺ പ്രവർത്തിക്കുന്നത്. ചുരുളുകളായി പ്രവർത്തിക്കുന്ന വലിയ ഫ്ളക്സിബിൾ പൈപ്പുകളാണ് റെയിൻഗൺ മെഷിനിൽ ശേഖരിച്ചിരിക്കുന്നത്. അവിടെ നിന്നും കിലോമീറ്ററുകൾ ദൂരത്തിൽ സ്ളറി സ്പ്രേ ചെയ്യുവാൻ റെയിൻഗണ്ണുകൾക്കാവും.

## ഫാമിൽ നിന്ന് പാത്രത്തിലേക്ക്

അന്താരാഷ്ട്ര ഭക്ഷ്യസുരക്ഷാ നിലവാരത്തിലും, ഭക്ഷ്യസുരക്ഷാ മാനേജ്മെന്റിലുമാണ് കാട്ടാക്കടയിലെ പ്രോസസിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നത്. പ്രകൃതിക്കും, പരിസ്ഥിതിക്കും ദോഷം വരാത്ത രീതിയിലാണ് സംവിധാനം. സാഷെയായും, ബോട്ടിലുകളായും പ്രതിദിനം അമ്പതിനാ

യിരം ലിറ്ററോളം പാൽ വിപണിയിലെത്തിക്കുന്നു ണ്ട്. ബി.എം.സി യിൽ സംഭരിച്ച് ദൊരൈ സ്വാമിപുരത്ത് നിന്നും ടാങ്കറുകളിൽ നാല് മണി ക്കൂർ സഞ്ചരിച്ച് പാൽ കാട്ടാക്കടയിലെത്തുന്നു. പ്രോസസിംഗ് പ്ലാന്റിൽ പാൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്ന ക്വാളിറ്റി കൺട്രോൾ ലബോറട്ടറി പ്രവർത്തിക്കുന്നു. പാലിലെ അണുക്കളുടെ അളവ് കണ്ട്പിടിക്കുന്ന ഹൈജീനോമീറ്ററാണ് പ്രധാന ഉപകരണം. അളവ് 30 ൽ കൂടിയാൽ പാൽ മോശമാണ് എന്നർത്ഥം. തുടർന്ന് ഇൻസ്റ്റന്റ് ചില്ലറിലേക്ക് പാൽ പോകും. പിന്നീടെല്ലാം ഓട്ടമേറ്റഡ് വാൽവുകളാണ് നിയന്ത്രിക്കുക. ഇതെല്ലാം നേരത്തെ തന്നെ പ്രോഗ്രാമ്ഡ് ലോജിക് കൺട്രോൾ എന്ന പി.എൽ.സി ഓപ്പറേറ്റഡ് പാന ലാണ് നിയന്ത്രിക്കുക. ഏത് വാൽവ് എപ്പോൾ തുറക്കണം, എപ്പോൾ പ്രവർത്തിക്കണം, എപ്പോൾ അടയ്ക്കണം ഇതെല്ലാം നിയന്ത്രിക്ക പ്പെടുന്നത് ന്യൂമാറ്റിക് ഓപ്പറേഷനിലൂടെയാണ്. ചില്ലറിൽ നിന്നും സൈലോയിൽ സംഭരിക്കുന്ന പാൽ ആട്ടോമാറ്റിക് സംവിധാനം വഴി ക്രീം സെപ്പറേറ്ററിലെത്തും. അവിടെ നിന്നും ക്രീം വേർതിരിച്ച പാൽ തൈര് നിർമ്മാണത്തിനായി പോവും. തൈരിനുമുണ്ട് പ്രത്യേകത. ഡബിൾ ടോൺഡ് പാലിലാണ് തൈരുണ്ടാക്കുക. അതാ യത് ഒന്നര ശതമാനം കൊഴുപ്പും, ഒമ്പത് ശത മാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും. പാലിൽ പലപ്പോഴും എസ്.എൻ.എഫ് താഴെയായിരി ക്കും. അതിനാൽ സ്കിം മിൽക്ക് പൗഡർ കൂടി ചേർത്താണ് തൈരിനായി പാൽ പോവുക. ഉറ യൊഴിച്ച് 45 ഡിഗ്രി സെൽഷ്യസിൽ 4 മണിക്കൂർ ഇൻകുബേഷനിൽ ഇരിക്കുന്നതോടെ പാൽ തൈരായി കഴിഞ്ഞു. തുടർന്ന് 20 മിനിറ്റോളം ബ്ലാസ്റ്റ് ചില്ലറിൽ (10 ഡിഗ്രി സെൽഷ്യസ്), പിന്നീട് കോൾഡ് സ്റ്റോറേജിലേക്കും

## പാൽ പരുവപ്പെടുത്തൽ

വെളുത്തതെല്ലാം പാലല്ല എന്ന് പറയു ന്നത് പോലെ എല്ലാ പാലും പാലല്ല. പാലിനെ കുടിക്കാനായി പരുവപ്പെടുത്തേണ്ടതുണ്ട്. വേണ്ടാത്ത അണുക്കളെ മാറ്റുന്ന ഹൈ ടെമ്പറേ ച്ചർ ഷോർട്ട് ടൈം പാസ്ചുറൈസേഷനാണ്



ആദ്യപടി. (83 ഡിഗ്രി സെൽഷ്യസ് 15 സെക്കന്റ്) പിന്നീട് സ്റ്റാൻഡേർസൈസേഷൻ എന്ന പ്രക്രിയ ഉണ്ട് (3 ശതമാനം ഫാറ്റ് 8.5 ശതമാനം എസ്.എൻ.എഫ്) പിന്നീട് ഹോമോജനൈസറിൽ എത്തും. പാൽ യഥാർത്ഥത്തിൽ പാലാകുന്നത് ഹോമോജനൈസറിലാണ്. കൊഴുപ്പ് കണിക കളെ ഉടച്ച് അതിനെ നന്നായി വിനിമയം ചെയ്ത് പാലിനെ ശുഭ്രശോഭ നൽകുന്ന പ്രവർത്തനം. ഹോമോജനൈസറിൽ നിന്നും ഹൊറിസോണ്ടൽ മിൽക്ക് സ്റ്റോറേജ് ടാങ്കിലേ ക്കാണ് പാൽ പോകുക. ഇവിടെയെല്ലാം 4 ഡിഗ്രി സെൽഷ്യസ് എന്ന ശീതീകരണ ശൃംഖല യുണ്ട്.

## പി.ഇ.ടി അഥവാ പോളി എഥിലിൻ ടെറിഫ്താലേറ്റ്

പ്ലാസ്റ്റിക് നിരോധിച്ചെങ്കിലും ഡയറി പ്ലാന്റുകൾക്ക് പി.ഇ.ടി ബോട്ടിലുകൾ ഉപയോഗി ക്കുവാൻ അവസരമുണ്ട്. റിൻസർ, ഫില്ലർ, ക്യാപ്പർ എന്ന ഉപകരണം വഴിയാണ് പാൽ കുപ്പികളിൽ നിറയ്ക്കുക. ഇതിനായി പി.ഇ.ടി ബോട്ടിലുകൾ പ്രീ ഫോമിലാണ് എത്തുക. അത് ഉന്നത മർദ്ദത്തിലും, താപത്തിലും ബോട്ടിൽ ബ്ലോവിംഗ് മെഷീൻ വലുതാക്കി മാറ്റും. റിൻസർ കുപ്പികൾ കഴുകി വൃത്തിയാക്കും. ഫില്ലർ പാൽ നിറയ്ക്കും. ക്യാപ്പർ അടപ്പിടും. ഒരു മണിക്കൂ റിൽ 4200 ബോട്ടിലുകളാണ് അങ്ങനെയുണ്ടാവു ക. പിന്നീടത് എക്സ്പയറിയും, പ്രൊഡക്ഷനും രേഖപ്പെടുത്തുന്ന കോഡിംഗിലേക്കും തുടർന്ന് ലേബലിംഗിലേക്കും പോകും. പിന്നീട് ക്വാളിറ്റി കൺട്രോളർ പരിശോധനയ്ക്ക് ശേഷം വിപണി യിലേക്ക്.

## ഫാം നിയന്ത്രിക്കാൻ റോബോട്ടുകൾ

ഹൈടെക് ഫാമിൽ തൊഴിലാളികൾ കുറവെങ്കിലും വിദേശ നിർമ്മിത യന്ത്രക്കരങ്ങ ളുടെ സാന്നിദ്ധ്യം കൊണ്ടുവന്നാൽ ആളെ ത്തന്നെ ഒഴിവാക്കാം. ചോളകൃഷിയിലും മറ്റും മുന്നേറിക്കഴിയുമ്പോൾ അത് പറിച്ചെടുക്കാനും, മുറിച്ചെടുക്കാനുമൊക്കെ റോബോട്ടിന്റെ സഹായം വേണം. അഴിച്ചു വിട്ട പശു വേലിക്ക് പുറത്ത് കടന്നാൽ എങ്ങനെയറിയും? ഐ.ഒ.റ്റി അഥവാ ഇന്റർനെറ്റ് ഓഫ് തിംഗ്സിനെയാണ് അതിനായി ആശ്രയിക്കാവുന്നത്. ടി.വിയും, ഫ്രിഡ്ജും, എ.സിയുമൊക്കെ നെറ്റ് കണക്ടഡ് ആകുമെങ്കിൽ നനയ്ക്കുന്ന പമ്പും, പറമ്പും, ഉഴവു നടത്തുന്ന ട്രാക്ടറും, വളം തളിക്കുന്ന സ്പ്രേയറുമൊക്കെ അങ്ങനെയാക്കാം. സങ്കൽപ ത്തിന് അപ്പുറമായ നേട്ടമാണ് ഐ.ഒ.റ്റി വഴി കൊയ്യാനാവുന്നത്. ബാംഗ്ലൂരിലെ അവനിജൽ കമ്പനി ഇതിനുള്ള ആപ്പുകൾ വികസിപ്പിച്ചിട്ടു ണ്ട്. വയർലെസ് സെൻസറുള്ള നന സംവിധാന കൊണ്ടുവരാം. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച നന പ്രോഗ്രാം ചെയ്യാനും കഴിയണം.

അതിസൂക്ഷ്മ തലത്തിൽ പദാർത്ഥങ്ങ ളുടെ സ്വഭാവ സവിശേഷത പഠിച്ച് വിവിധ മേഖ ലകളിൽ പ്രയോജനപ്പെടുത്തുന്ന സാങ്കേതിക വിദ്യായാണ് നാനോ ടെക്നോളജി. ഒരു മീറ്റ റിന്റെ നൂറുകോടിയിൽ ഒരു ഭാഗമാണ് നാനോ മീറ്റർ. ഇത്രയും കുറഞ്ഞ വലിപ്പത്തിലുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ച് നവീനമായ പല ഉല്പന്നങ്ങളും സേവനങ്ങളും സൃഷ്ടിക്കാം. ഈ ടെക്നോളജി പൈക്കളുടെ തീറ്റയിൽ പ്രയോജനപ്പെടുത്താം. ചോളകൃഷിയിലും, വള ങ്ങളുടെ വിന്യാസത്തിനും ഇതുപകരിക്കും. പോഷകങ്ങളും, മരുന്നുകളുമൊക്കെ ആവശ്യ മുള്ള സസ്യഭാഗങ്ങളിൽ ഉപയോഗിക്കുന്നതിന് നാനോ ടെക്നോളജി വഴിയൊരുക്കുന്നു.

വിവാഹവേദികളിൽ ഫോട്ടോയെടുക്കു ന്നതിനായി മാത്രം പ്രത്യക്ഷപ്പെടുന്ന ഡ്രോണു കൾ വൈകാതെ ഫാമിൽ കൊണ്ടുവരാനാണ് ആലോചന. തീറ്റ വിതറാൻ റ്റി.എം.ആറിന് പകര ക്കാരാവാൻ ഡ്രോണിന് കഴിയും. ഒരിടത്തിരുന്ന് കൊണ്ട് തന്നെ എല്ലാം നിയന്ത്രിക്കുവാൻ കഴി യും. ചില മരുന്നുകൾ സ്പ്രേ ചെയ്യുവാനും, ആർദ്രത നിയന്ത്രിക്കാനുമൊക്കെ ഡ്രോൺ ഉപ യോഗിക്കാം. ഫാമിന്റെ മേധാവിയും എക്സി ക്യൂട്ടീവ് ഡയറക്ടറുമായ ഡോ.ഡി.ജയചന്ദ്രൻ പറഞ്ഞു.

എമർജിംഗ് കേരളയിൽ ഉദയം ചെയ്ത മുരളിയയ്ക്ക് സാമൂഹ്യ പ്രതിബദ്ധതയിൽ നിന്നും ഒഴിഞ്ഞ് നിൽക്കാനാവില്ല. കേരള ത്തിന്റെ ഈ ക്ഷീരമേട ഇങ്ങനെ പടിപടിയായി ഉയരുന്നത് ജനങ്ങൾ കാണുന്നുണ്ട്. എന്നും ഒരു മാത്രയെങ്കിലും കേൾക്കുന്ന മുരളീരവമായി ആ നാമം മാറിക്കഴിഞ്ഞു. ഉന്നത സാങ്കേതിക നില വാരവും യന്ത്രസംവിധാനവുമൊക്കെയുണ്ടെ ങ്കിലും ഏതാനും തൊഴിലാളികളുടെ അധ്വാന ത്തിന്റെയും, വിയർപ്പ് നീരിന്റെയും വില കൂടി യുണ്ട് ഇതിൽ. ശുഭവും ശുഭ്രവുമായ ആ വളർച്ചയുടെ ശോഭ സമാനതകളില്ലാത്തതാണ്. പാൽ പോലെ പരിശുദ്ധവും. ■

**വിലാസം**
ഡോ.ഡി.ജയചന്ദ്രൻ
പ്രോജക്ട് ഹെഡ് &
എക്സിക്യൂട്ടീവ് ഡയറക്ടർ
മുരളിയ ഡയറി പ്രോഡക്ട്സ്
കിള്ളി, കാട്ടാക്കട
തിരുവനന്തപുരം
ഫോൺ: 9497714740


SAFE PANEL
INDUSTRY PVT LTD
I G C, CHERTHALA



ടെക്നോട്രെൻറ്

ലോറൻസ് മാത്യു



# ഡ്രോണുകൾ കീഴടക്കുന്ന വ്യാവസായിക ലോകം

ഈ ലോക്ഡൗൺ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ കൗതുകകരമായി വാർത്താ പ്രാധാന്യം നേടിയ ഒന്നായിരുന്നു കൂട്ടം കൂടി നിന്നിരുന്ന ആൾക്കാരെ നിരീക്ഷിക്കുവാൻ കേരളാ പോലീസ് ഡ്രോൺ ഉപയോഗിച്ചു എന്നത്. ഡ്രോണുകൾ എന്നറിയപ്പെടുന്ന കുഞ്ഞൻ വിമാനങ്ങളുടെ ഉപയോഗം നിത്യ ജീവിതത്തിലും ബിസിനസ്സിലും വ്യത്യസ്ത ആവശ്യങ്ങളുമായി വർദ്ധിച്ച് വരികയാണ്.

അമേരിക്കയിലെ ലാസ് വേഗസിൽ പതിവായി നടക്കുന്ന കൺസ്യൂമർ ഇലക്ട്രോണിക്സ് ഷോയിലെ 2015 ലെ താരം അക്ഷരാർത്ഥത്തിൽ ഡ്രോണുകൾ എന്ന കുഞ്ഞൻ വിമാനങ്ങൾ ആയിരുന്നു എന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല. ഉപയോഗ സാധ്യതകളും സേവന മേഖലകളും വികസിപ്പിച്ച് വരുന്നതേയുള്ളുവെങ്കിലും റിമോട്ടുകളുപയോഗിച്ചും സ്മാർട്ട് ഫോണുകളുപയോഗിച്ചും നിയന്ത്രിക്കുവാൻ കഴിയുന്ന ഇത്തരം കുഞ്ഞൻ വിമാനങ്ങളുടെ ഉപയോഗം വരും നാളുകളിൽ കാർഷിക വ്യാവസായിക രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിമരുന്നിടുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

## എന്താണ് ഡ്രോണുകൾ

ആളില്ലാത്ത കുഞ്ഞൻ വിമാനങ്ങളാണ് (Unmanned Arial Vehicle - UAV) അക്ഷരാർത്ഥത്തിൽ ഡ്രോണുകൾ. തുടക്കക്കാരനും ഒരു വിദഗ്ദനുമൊക്കെ

സ്മാർട്ട് ഫോൺ അല്ലെങ്കിൽ ടാബ്ലറ്റ്, റിമോട്ട് കണ്ട്രോൾ തുടങ്ങിയവയാണ് നിയന്ത്രണ സംവിധാനങ്ങൾ. സ്മാർട്ട് ഫോണിൽ ഇൻസ്റ്റാൾ ചെയ്യുന്ന ആപ്ലിക്കേഷൻ വഴി നിയന്ത്രിക്കുന്ന ഡ്രോണുകളാണ് കൂടുതലം. ആപ്പ് വഴി ഡ്രോണിനെ രണ്ട് തരത്തിൽ നിയന്ത്രിക്കാം. ഒന്ന് ഓട്ടോമാറ്റിക്കായി മറ്റൊന്ന് മനുഷ്യർക്ക് നേരിട്ട് റിമോട്ട് വഴിയും. പോകേണ്ട സ്ഥലം റൂട്ട് മാപ്പിൽ അടയാളപ്പെടുത്താം. ഒപ്പം പറക്കേണ്ട ഉയരവും. ഇതൊക്കെ ആപ്പിൽ നൽകിയാൽ ഡ്രോൺ ടേക്ക് ഓഫ് ആകും. അതിനിടെ ദിശ മാറ്റാം, ഫോട്ടോ എടുക്കാം. ദൃശ്യങ്ങൾ പകർത്താം. പകർത്തുന്ന ദൃശ്യങ്ങൾ തത്സമയം താഴെയുള്ള സ്മാർട്ട്ഫോണിലേക്ക് നേരിട്ട് സ്ട്രീം ചെയ്യുവാനുള്ള സൗകര്യവും ചില ഡ്രോണുകളിലുണ്ട്.

യഥേഷ്ടം ഉപയോഗിക്കുവാൻ കഴിയുന്നത്ര ലളിതമാണ് ഡ്രോണിന്റെ നിയന്ത്രണം. സ്മാർട്ട് ഫോൺ അല്ലെങ്കിൽ ടാബ്ലറ്റ്, റിമോട്ട് കണ്ട്രോൾ തുടങ്ങിയവയാണ് നിയന്ത്രണ സംവിധാനങ്ങൾ. സ്മാർട്ട് ഫോണിൽ ഇൻസ്റ്റാൾ ചെയ്യുന്ന ആപ്ലിക്കേഷൻ വഴി നിയന്ത്രിക്കുന്ന ഡ്രോണുകളാണ് കൂടുതലും. ആപ്പ് വഴി ഡ്രോണിനെ രണ്ട് തരത്തിൽ നിയന്ത്രിക്കാം. ഒന്ന് ഓട്ടോമാറ്റിക്കായി മറ്റൊന്ന് മനുഷ്യർക്ക് നേരിട്ട് റിമോട്ട് വഴിയും. പോകേണ്ട സ്ഥലം റൂട്ട് മാപ്പിൽ അടയാളപ്പെടുത്താം. ഒപ്പം പറക്കേണ്ട ഉയരവും. ഇതൊക്കെ ആപ്പിൽ നൽകിയാൽ ഡ്രോൺ ടേക്ക് ഓഫ് ആകും. അതിനിടെ ദിശ മാറ്റാം, ഫോട്ടോ എടുക്കാം. ദൃശ്യങ്ങൾ പകർത്താം. പകർത്തുന്ന ദൃശ്യങ്ങൾ തത്സമയം താഴെയുള്ള സ്മാർട്ട്ഫോണിലേക്ക് നേരിട്ട് സ്ട്രീം ചെയ്യുവാനുള്ള സൗകര്യവും ചില ഡ്രോണുകളിലുണ്ട്. ഉള്ളം കൈയ്യിൽ ഒതുങ്ങുന്നത് മുതൽ കയ്യിൽ ധരിച്ച് നടക്കാവുന്നത് വരെയുള്ള ഡ്രോണുകൾ നിലവിലുണ്ട്. സ്വയം നിയന്ത്രിത ഡ്രോണുകളും വിദൂരത്തിരുന്ന് നിയന്ത്രിക്കാവുന്നതും. സുരക്ഷ കണക്കിലെടുത്ത് സ്വയം നിയന്ത്രിത ഡ്രോണുകൾ ഇപ്പോൾ ഉപയോഗത്തിലില്ല. സൈനിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വിമാനങ്ങൾ മുതൽ ചെറുപ്രാണിയുടെ വലിപ്പം മാത്രമുള്ള ഇത്തിരിക്കുഞ്ഞന്മാർ വരെ ഡ്രോണുകളുടെ കൂട്ടത്തിലുണ്ട്. ആറിഞ്ച് മാത്രം വീതിയുള്ള ചിറകുകളും അഞ്ചര ഗ്രാം മാത്രം ഭാരവുമുള്ള നാനോ ഡ്രോണിന് ഷഡ്പദങ്ങളെപ്പോലെ ചിറകടിച്ച് പറക്കുവാനും സാധിക്കും. ജി പി എസ് ഉപയോഗിച്ച് സ്വയം ദിശ കണ്ടെത്തുന്ന നാനോ ഡ്രോണുകൾ ഗവേഷണാവശ്യങ്ങൾക്കും ഉപയോഗിക്കാറുണ്ട്.

ഡ്രോണുകളെ അവയുടെ ഭാരത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചായി തരം തിരിച്ചിട്ടുണ്ട്. 250 ഗ്രാമോ അതിൽ താഴെയുള്ളവയോ നാനോ എന്ന വിഭാഗത്തിലാണ് വരിക. 250 ഗ്രാം മുതൽ 2 കിലോഗ്രാം വരെ ഭാരമുള്ളവ മൈക്രോ വിഭാഗത്തിലും 2 കിലോഗ്രാം മുതൽ 25 കിലോഗ്രാം വരെ ഭാരമുള്ളവ മിനി എന്ന വിഭാഗത്തിലും വരും. 25 കിലോഗ്രാം മുതൽ 150 കിലോഗ്രാം വരെ ഭാരമുള്ളവയെ സ്മോൾ എന്നും 150 കിലോഗ്രാമിന് മുകളിൽ ഭാരം വരുന്നവയെ ലാർജ് എന്നുമാണ് വിളിക്കുന്നത്.

## ഡ്രോണുകൾ വരുത്തുന്ന മാറ്റങ്ങൾ

വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും മാത്രമല്ല പ്രതിരോധ മേഖലകളിലും വരെ നിരവധി

മാറ്റങ്ങളുണ്ടാക്കുവാൻ ഡ്രോണുകൾക്ക് കഴിയും. എന്നാൽ ഇതിന് നിയമ തടസ്സങ്ങൾ അനവധിയാണ്. എന്നിരുന്നാലും വരും കാലങ്ങളിൽഈകുഞ്ഞൻ വിമാനങ്ങളുടെ ഉപയോഗം വർദ്ധിച്ച് വരും എന്ന് തന്നെയാണ് പ്രതീക്ഷിക്കപ്പെടുന്നത്.

## കൃഷിയിൽ ഡ്രോണുകൾ

കാർഷിക രംഗത്ത് വളരെ ഉപയോഗമാണ് ഈ കുഞ്ഞൻ വിമാനങ്ങൾക്കുള്ളത്. നെല്ലിന് മരുന്ന് തളിക്കുവാനും വളപ്രയോഗത്തിനും ഇത് ഉപകാരപ്പെടും. ആറു മിനിട്ട് കൊണ്ട് ഒരേക്കർ പാടത്ത് മരുന്ന് തളിക്കുവാൻ ഇതിന് കഴിയും. ഇത് മാത്രമല്ല വിളകളുടെ രോഗബാധ, വെള്ളത്തിന്റെ ലഭ്യത എന്നിവ നിരീക്ഷിക്കാനും ചിത്രങ്ങളെടുത്ത് സർവ്വകലാശാലകളിൽ ഗവേഷണത്തിനയ്ക്കാനും ഇത് പ്രയോജനപ്പെടും.

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഇനി ഡ്രോണുകളാലാവാം. കാർഷിക മേഖലയെ ഒരു പക്ഷേ നില നിർത്തുന്നത് ഭാവിയിൽ ഡ്രോണുകളാവാം.

ചെങ്കുത്തായ മലമടക്കുകളിലെ നിരീക്ഷണത്തിന് ഇതിലും നല്ലയൊരു മാർഗ്ഗം ഇത് വരെയില്ല. ആവശ്യമുള്ള മേഖലകൾ തിരിച്ചറിഞ്ഞ് അവിടെ മാത്രം വെള്ളവും വളവും കീടനാശിനികളും നൽകാൻ ഇവയുടെ ഇൻഫ്രാറെഡ് കണ്ണുകൾക്ക് സാധിക്കും. അനാവശ്യമായ കീടനാശിനി പ്രയോഗവും ചെലവും കുറക്കുവാൻ ഇത് സഹായകരമാണ്. ആയിനാൽത്തന്നെ ആവശ്യമറിഞ്ഞുള്ള കൃത്യമായ പരിചരണം വിളവ് കൂട്ടും. ഇനി ഒരു പ്രത്യേക ഘടകം ചെടിയുടെ പ്രത്യേക ഭാഗത്ത് ചെടികളുടെ വളർച്ചയെ എങ്ങനെ ബാധിക്കുന്നു എന്ന് പഠിക്കുവാനും ഡ്രോണുകൾ പ്രയോജനപ്പെടും. മറ്റ് ഭാഗങ്ങൾ ഒഴിവാക്കി ലക്ഷ്യമിടുന്ന ഭാഗത്തെ വളർച്ചാ നിരക്ക് കൃത്യമായി വിലയിരുത്തുവാനും അതനുസരിച്ച് കൃഷി രീതികളിൽ മാറ്റം വരുത്തുവാനും ഇത് സഹായകരമാണ്. സസ്യങ്ങളിൽ പരാഗണം നടത്തുവാനും പ്രാണികളുടെ വലിപ്പം മാത്രമുള്ള നാനോ ഡ്രോണുകൾ ഉപയോഗിക്കുവാനാകും.

## ഡ്രോണുകൾ സൈനിക രംഗത്ത്



ഇന്ന് സൈനീക ആവശ്യങ്ങൾക്ക് ഡ്രോണുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. 2013 ലെ കണക്കനുസരിച്ച് അമ്പതിലധികം രാജ്യങ്ങൾ സുസജ്ജമായ ആളില്ലാ വിമാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ലക്ഷ്യമാക്കുന്ന വ്യക്തിയെയോ വസ്തുവിനെയോ ദൂരെയിരുന്ന് നിരീക്ഷിക്കാനും ആവശ്യമെങ്കിൽ ഇല്ലായ്മ ചെയ്യുന്നതിനുമാണ് സൈനിക ഡ്രോണുകൾ ഉപയോഗിക്കുന്നത്. അതിർത്തികൾ കടന്ന് ഏത് രഹസ്യ സങ്കേതത്തിലും നുഴഞ്ഞ് കയറി ചാരവൃത്തി നടത്തുവാനും ഇവ ഉപയോഗിക്കുന്നു. അടുത്തയിടെ പാക്കിസ്ഥാൻ വെടിവെച്ചിട്ട സൈനിക നിർമ്മിത ഡ്രോണിനെപ്പറ്റിയുള്ള വാർത്തകൾ മാധ്യമങ്ങളിൽ സജീവമായിരുന്നു. ഈ ആളില്ലാ വിമാനം ആരുടേതെന്ന് കണ്ടെത്താൻ ഇത് വരെ





കഴിഞ്ഞിട്ടില്ലായെന്ന് ഡ്രോണുകൾ ഉപയോഗിച്ചുള്ള ചാരവൃത്തിയുടെ അപകട സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. യുദ്ധരംഗങ്ങളിൽ പൈലറ്റുമാർക്ക് തുടർച്ചയായി വിമാനം പറത്തുന്നതിന് പരിമിതികളുണ്ട്. എന്നാൽ ഡ്രോണുകൾ പറത്തുന്നത് ഭൂമിയിലെ സുരക്ഷിത കേന്ദ്രങ്ങളിൽ ഇരുന്നാണ്. മാത്രവുമല്ല ഒന്നിലധികം പൈലറ്റുമാർക്ക് വിവിധ ഷിഫ്റ്റുകളിലായി ഇവയെ നിയന്ത്രിക്കുവാനാകും. ഇത് യുദ്ധ വിമാനങ്ങൾക്ക് കൂടുതൽ സമയം ആകാശത്ത് പറന്ന് ആക്രമണം നടത്തുവാൻ അവസരം നല്കുണന്നു. മാത്രവുമല്ല നേരിട്ട് ആക്രമണത്തിൽ പങ്കെടുക്കേണ്ടാത്തതിനാൽ പൈലറ്റ്മാർക്ക് മാനസികാഘാതം ഉണ്ടാക്കുന്നുമില്ല. അത് കൊണ്ട് തന്നെയാണ് അമേരിക്കയും ഇസ്രായേലും പോലുള്ള രാജ്യങ്ങൾ ഡ്രോൺ ആക്രമണങ്ങളിലേക്ക് കളം മാറ്റുന്നത്.

## പാർസലുകളെത്തിക്കുവാനും ഡ്രോണുകൾ

ഇ കൊമേഴ്സ് ഭീമനായ ആമസോൺ ഭാരം കുറഞ്ഞ വസ്തുക്കളുടെ

വിതരണത്തിനായി ഡ്രോണുകളെ ഉപയോഗപ്പെടുത്തിയപ്പോഴായിരുന്നു ഡ്രോണുകളുടെ സൈനികേതര ഉപയോഗങ്ങൾ ലോകശ്രദ്ധയില്പ്പെണ്ടട്ടത്. Logistics വ്യവസായങ്ങളിൽ ഇനി ഡ്രോണുകളുടെ കാലമാണ് വരുവാൻ പോകുന്നത്.ചിലവ് കുറക്കുവാനും വേഗത്തിൽ ഡെലിവെറി നടത്തുവാനുമൊക്കെ ഇത് വളരെ സഹായകരമാണ്. ഷിഫ്റ്റിൽ അല്ലാതെ 24 മണിക്കൂറും പ്രവർത്തിക്കുവാനും ഇത് സഹായകരമാണ്.

## ദുരന്ത നിവാരണത്തിനും ഡ്രോണുകൾ

പ്രകൃതി ദുരന്തങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെ ഏറ്റവും വലിയ വെല്ലുവിളി അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി കിടക്കുന്നവരെ കണ്ടെത്തുക എന്നതാണ്. ദുർഘടമായ ഭുവിഭാഗങ്ങൾ കൂടി ആകുമ്പോൾ ദൌത്യം വളരെ ദുഷ്കരം ആകുന്നു. ഇത്തരം അവസരങ്ങളിൽ ഏത് ഉൾപ്രദേശത്തും കടന്ന് ചെന്ന് താപ വികിരണങ്ങൾ ഉപയോഗിച്ച് ജീവ സാന്നിധ്യം കണ്ടെത്തുവാൻ ഡ്രോണുകൾ സഹായിക്കുന്നു. രക്ഷാ പ്രവർത്തനത്തിന്റെ രീതി ശാസ്ത്രത്തെത്തന്നെ മാറ്റി മറിക്കുവാൻ ഇത് സഹായകരമാകുന്നു. ദുരന്ത ബാധിത പ്രദേശങ്ങളിൽ ഭക്ഷണവും വെള്ളളവും മറ്റുമൊക്കെ വിതരണം ചെയ്യുവാൻ ഇതിന് കഴിയും. 2013 മെയ് മാസത്തിൽകാനഡയിൽ കാറപകടത്തിന് ഇരയായ ആളെ കൊടും തണുപ്പത്ത് മരവിച്ച് പോകാതെ ഉടൻ തന്നെ രക്ഷിക്കുവാൻ കഴിഞ്ഞതും കാണാതായ അൾഷിമേഴ്സ് ബാധിതനായ മധ്യ വയസ്കനെ മൂന്ന് ദിവസത്തിന് ശേഷം കണ്ടെത്താനായതും ഡ്രോണുകൾ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനത്തിന് ഉദാഹരണങ്ങളാണ്.

ഫുക്കുഷിമ ആണവ ദുരന്തത്തെത്തുടർന്ന് റിയാക്ടറുകളുടെ വിവരങ്ങൾ ശേഖരിക്കുവാനും റേഡിയേഷൻ ബാധിത മേഖലകളിൽ പഠനം നടത്തുവാനും ഡ്രോണുകൾ ഉപയോഗിച്ചിരുന്നു. എണ്ണ, പ്രകൃതി വാതകം, മറ്റ് ധാതു നിക്ഷേപങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ഇവ ഉപയോഗിക്കുന്നുണ്ട്. അപ്രതീക്ഷിതമായി സംഭവിക്കുന്ന കൊടുങ്കാറ്റിന്റെ തത്സമയ പഠനത്തിന് ഡ്രോണുകൾ ഏറെ സഹായകരമാണ്. ആർദ്രത, വായുമർദ്ദം, വേഗത എന്നിവ നീരീക്ഷിച്ച് കൊടുങ്കാറ്റ് രൂപപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് പഠനം നടത്തുവാൻ ഇത് സഹായകരമാണ്. കൊടുങ്കാറ്റുകൾ രൂപപ്പെടുന്നതിന് മുൻപ് തന്നെ അതിനെക്കുറിച്ച് മുൻകൂറായി വിവരം നൽകുവാനും ഇത് സഹായകരമാണ്. കൊടുങ്കാറ്റിന്റെ ശക്തി ഉപയോഗപ്പെടുത്തി അതിനൊപ്പം സഞ്ചരിച്ച് വിവരം നൽകുന്ന ഡ്രോണുകളും പ്രചാരത്തിലുണ്ട്.

ചലച്ചിത്ര വ്യവസായവും പത്ര പ്രവർത്തനവും ദൃശ്യങ്ങളെ കൂടുതൽ വ്യക്തമായും സമഗ്രമായും ചിത്രീകരിക്കുവാൻ മൈക്രോഡ്രോണുകൾ ഉപയോഗിക്കുന്നത് ഇന്നൊരു പുതുമയേ അല്ല. സ്കൈഫാൾ, ഒബ്ലിവിയൻ തുടങ്ങിയ ചിത്രങ്ങളിൽ ഉപയോഗിച്ച ഡ്രോൺ അധിഷ്ഠിത ക്യാമറ ഫ്ലൈങ് കാം 2014 ൽ സാങ്കേതിക വിദ്യക്കുള്ള ഓസ്കാർ നേടിയിരുന്നു. ആത് പ്രതികൂല കാലാവസ്ഥയിലും ഏത് ഭൌമീക സാഹചര്യങ്ങളിലും ചിത്രീകരണം നടത്തുവാൻ ഇതിന് സാധിക്കും. ഡ്രോണുകൾ ഉപയോഗിച്ചുള്ള വിവാഹ വീഡിയോ ചിത്രീകരണം ഇന്ന് സർവ്വ സാധാരണയായിക്കഴിഞ്ഞു.

വാർത്താ ചിത്രീകരണ രംഗത്തേക്ക് ഡ്രോണുകൾ കടന്ന് വരുന്നതേയുള്ളു. വാൾസ്ട്രീറ്റ് പ്രക്ഷോഭങ്ങൾ റിപ്പോർട്ട് ചെയ്യാൻ പ്രശസ്ത ജേർണലിസ്റ്റ് ടീം പൂൾ ഒക്യു കോപ്റ്റർ എന്ന മൊബൈൽ ഫോൺ നിയന്ത്രിത ഡ്രോൺ ഉപയോഗിച്ചിരുന്നു. യൂണിവേഴ്സിറ്റി ഓഫ് മസൌറി, നെബ്രാസ്ക ലിങ്കൺ യൂണിവേഴ്സിറ്റി എന്നിവർ ഡ്രോൺ ജേർണലിസത്തിൽ കോഴ്സുകൾ നടത്തുന്നുണ്ട്.

## ഡ്രോണുകൾ ഗവേഷണ മേഖലകളിൽ

ത്രിമാന ഭൂപടങ്ങൾ നിർമ്മിക്കുവാൻ ഡ്രോൺ വളരെ സഹായകരമാണ്. ഭൂപ്രദേശങ്ങളുടെ ഘടന പഠിക്കുവാനും പ്രകൃതി വിഭവങ്ങളുടെ പര്യവേക്ഷണത്തിനും രക്ഷാപ്രവർത്തനങ്ങൾക്കുമൊക്കെ ഇത്തരം ത്രിമാന ഭൂപടങ്ങൾ ഉപയോഗിക്കാം. ആളുകൾ തിങ്ങിക്കൂടുന്നയിടത്തെ സുരക്ഷ ഉറപ്പ് വരുത്തുവാൻ ഡ്രോൺ നിർമ്മിത ഭൂപടങ്ങൾ ഉപയോഗിക്കുവാൻ കഴിയും. ജി പി എസ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇവക്ക് ഏത് ദുർഘട പ്രദേശത്തും ചെന്ന് ചിത്രങ്ങളെടുക്കുവാൻ കഴിയും. ഈ ചിത്രങ്ങളെ പിഎക്സ് 4 ഡി പോലുള്ള സോഫ്റ്റ്വെയറുകളുപയോഗിച്ച് ത്രിമാന ഭൂപടങ്ങളാക്കി മാറ്റുവാൻ കഴിയും.

മനുഷ്യന് കടന്ന് ചെല്ലുവാൻ



എളുപ്പമല്ലാത്ത നിമിഢവനങ്ങളിലുള്ള ജീവികളുടെ ആവാസ സാഹചര്യങ്ങൾ വിലയിരുത്തുവാൻ ഡ്രോണുകൾ സഹായിക്കുന്നുണ്ട്. അമേരിക്കയിൽ പ്രത്യേക ഇനം കൊക്കുകളുടെ സർവ്വേ ജോലികൾക്കായും ഇന്റോനേഷ്യയിലും മലേഷ്യയിലും ഒറാങ്ങ് ഉട്ടാനുകളുടെ സംരക്ഷണത്തിനും ഡ്രോണുകൾ ഉപയോഗിക്കുന്നുണ്ട്. സമയവും ചെലവും ലാഭിക്കുന്നതോടൊപ്പം കൃത്യമായ വിവര ശേഖരണവും ഡ്രോണുകൾ ഉറപ്പ് വരുത്തുന്നുണ്ട്. വന നശീകരണവും വനം കൊള്ളയും തടയുവാനും ഡ്രോണുകൾ ഉപയോഗപ്പെടുത്തുവാൻ കഴിയും. അത് പോലെ കാട്ടു തീ പടരുന്നത് തുടക്കത്തിലേ അറിയുവാനും ഇതിനാൽ കഴിയും.

## ഡ്രോണും സുരക്ഷയും

ഇങ്ങനെ ഒക്കെ പ്രയോജനമുള്ളതാണെങ്കിലും ഡ്രോണുകൾ മനുഷ്യരുടെ സ്വകാര്യതക്ക് ഏറെ ഭീഷണി സൃഷ്ടിക്കുന്നതായി ആശങ്കയുണ്ട്. ആയതിനാൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഈ രംഗത്ത് കൊണ്ട് വന്നിട്ടുണ്ട്. ഡ്രോൺ, പൈലറ്റ്, ഉടമസ്ഥൻ എന്നിവ ഡിജിറ്റൽ സ്കൈ എന്ന സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന നാനോ ഡ്രോണുകൾ ഉൾപ്പടെയുള്ളവക്ക് യുനിക് ഐഡന്റിഫിക്കേഷൻ നമ്പർ ലഭിക്കും. അതിന് ശേഷമുള്ള ഓരോ പറക്കലിനും മൊബൈൽ ആപ്പ് വഴി അനുമതി വാങ്ങേണ്ടതുണ്ട്. അനുമതി ലഭിക്കാത്ത സ്ഥലങ്ങളിൽ ടേക്ക് ഓഫ് ചെയ്യുവാൻ സാധിക്കുകയില്ല. ഡ്രോൺ പറപ്പിക്കാവുന്ന സ്ഥലങ്ങളെ മൂന്നായി തിരിച്ചിക്കുന്നു.

**റെഡ് സോൺ** – ഡ്രോൺ നിരോധിത മേഖല അനുമതി ലഭിക്കില്ല. എയർപോർട്ട് പരിസരം, മിലിറ്ററി ഏരിയ, രാജ്യാതിർത്തി, സംസ്ഥാന ഭരണ സിരാകേന്ദ്രങ്ങൾ, തന്ത്രപ്രധാന മേഖലകൾ എന്നിവ ഇതിലുൾപ്പെടുന്നു.

**യെല്ലോ സോൺ** – നിയന്ത്രിത മേഖല ഡ്രോൺ പറപ്പിക്കുന്നതിന് മുൻപായി അനുമതി ആവശ്യമാണ്.

**ഗ്രീൻ സോൺ** – നിയന്ത്രണങ്ങളില്ലാത്ത മേഖല ഓട്ടോമാറ്റിക് ആയി അനുമതി ലഭിക്കും.

സുരക്ഷാ പ്രശ്നങ്ങളുണ്ടുവെങ്കിലും സാങ്കേതിക വിദ്യയുടെ വളർച്ചയെ നമുക്ക് അവഗണിക്കാനാവില്ല. വ്യക്തി സുരക്ഷയും രാജ്യ സുരക്ഷയും പരിഗണിച്ച് ഡ്രോണുകളെ വ്യവസായിക മേഖലകളിലും മറ്റ് രംഗങ്ങളിലും ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. ■



ഡോ. ശചീന്ദ്രൻ. വി




രണ്ടാം ഭാഗം

# ജി.എസ്.ടി. നിയമത്തിലെ അപ്പീലുകൾ

ജി.എസ്.ടി. നിയമത്തിനു കീഴിൽ നിരവധി കാര്യങ്ങളിൽ ഉത്തരവുകൾ ഇറക്കാറുണ്ട്. ഓരോ ഉത്തരവും നികുതി വിധേയനായ വ്യക്തിക്ക്/ നികുതി വകുപ്പിന്, അനുകൂലമായോ പ്രതികൂലമായോ വരാം. ഒരു ഉത്തരവ്/തീരുമാനം, ഒരു വ്യക്തിക്ക്/വകുപ്പിന് പ്രതികൂലമായാൽ, അതിനെതിരെ ഉന്നത അധികാരികൾക്ക് അപേക്ഷ നൽകാം. ഇത്തരത്തിൽ ഒരു അധികാരിയുടെ ഉത്തരവിൽ അടങ്ങിയിട്ടുള്ള തീരുമാനത്തിനെതിരെ അതിലും ഉന്നത തലത്തിലുള്ള അധികാരിക്ക് അപേക്ഷ നല്കുന്നതിനെയാണ് അപ്പീൽ എന്ന് പറയുന്നത്.

## ട്രിബ്യൂണലിനുള്ളഅപ്പീലുകൾ

ട്രിബ്യൂണലിൽ അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട പ്രത്യേകതകൾ ചുവടെ പറയുന്നു.

**1. ഫോറം**

അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ നൽകേണ്ടത് GST APL - 05 എന്ന ഫോറത്തിലാണ്.

**2. ട്രിബ്യൂണലിൽ അപ്പീൽ നൽകാനുള്ള സമയപരിധി**

ട്രിബ്യൂണലിൽ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്ന ഉത്തരവ് ഇറങ്ങിയ തീയതി മൂന്നു മാസത്തിനകം, ആവശ്യമെങ്കിൽ, അപ്പീൽനൽകാം. എന്നാൽ നികുതി വകുപ്പിന്, ഉത്തരവിന്റെ റിവ്യൂ നടപടികൾ പൂർത്തിയായാക്കി, അപ്പീൽ നൽകുന്നതിന്

ആറു മാസംവരെ സമയം ലഭിക്കും. ഈ സമയ പരിധി (മൂന്നു/ആറുമാസം) കഴിഞ്ഞും മൂന്നു മാസംവരെ അപ്പീൽ സമർപ്പണം അനുവദിക്കാൻ ട്രിബ്യൂണലിനു അധികാരമുണ്ട്. കാലതാമസം വരാനുള്ള മതിയായ കാരണം, അപ്പീൽ നല്കുന്നയാൾ ട്രിബ്യൂണലിനെ ബോധിപ്പിക്കണം. കാരണം തൃപ്തികരമാണെങ്കിൽ മാത്രമേ, സമയം വൈകി സമർപ്പിക്കുന്ന അപ്പീൽ സ്വീകരിക്കുകയുള്ളൂ.

**3. പ്രീ-ഡെപ്പോസിറ്റ്**

അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ നല്കുന്നയാൾ പരാതിക്കാധാരമായ ഉത്തരവിൽ പരാതിക്കാരൻ അംഗീകരിച്ച തുക, നികുതി, പലിശ, പിഴ തുടങ്ങിയവ, മുഴുവനായും, കൂടാതെ തർക്കത്തിലുള്ള തുകയുടെ 20 ശതമാനവും നിക്ഷേപിക്കേണ്ടതുണ്ട്. ഈ തുകയാണ് 'പ്രീ- ഡെപ്പോസിറ്റ് ആയി പരാതിക്കാരൻ അടയ്ക്കേണ്ടത്. ഇത് വകുപ്പ് 107(6) പ്രകാരം (അപ്പലേറ്റ് അതോറിറ്റിക്ക് മുൻപാകെ അടച്ചത്) അടച്ചത് കൂടാതെയുള്ള നിക്ഷേപമാണ്.

**4. അപ്പീൽ നിരസിക്കൽ**

ട്രിബ്യൂണലിന്റെ മുമ്പാകെ വരുന്ന എല്ലാ അപ്പീലുകളും സ്വീകരിക്കണമെന്നില്ല. കേസിൽ ഉൾപ്പെട്ടിരിക്കുന്ന, നികുതി തുകയോ/ ഐ.ടി.സിയോ/ഇതിലുള്ള വ്യത്യാസമോ/ പിഴയോ, ഫീസോ, പെനാൽറ്റിയോ 50,000/ രൂപയിൽ താഴെയാണെങ്കിൽ, ട്രിബ്യൂണലിനു വേണമെങ്കിൽ അപ്പീൽ നിരസിക്കാനുള്ള അധികാരമുണ്ട്.

**5. എതിർവാദങ്ങൾ**

അപ്പീൽ ലഭിച്ചു 45 ദിവസത്തിനകം എതിർ വാദങ്ങൾ ട്രിബ്യൂണലിൽ സമർപ്പിച്ചിരിക്കണം.

**6. പ്രീ- ഡെപ്പോസിറ്റ് തുകയുടെ റീഫണ്ട്**

ഒരു അപ്പീൽ അധികാരിയുടെയോ/ ട്രിബ്യൂണലിന്റെയോ ഉത്തരവ് പ്രകാരം, അപ്പീൽ നൽകുന്നതിന്റെ ഭാഗമായി നിക്ഷേപിച്ച തുക (പ്രീ- ഡെപ്പോസിറ്റ്), 107(6) ആം വകുപ്പ് പ്രകാരമോ, 112(8) ആം വകുപ്പ് പ്രകാരമോ), തിരികെ ലഭിക്കുകയാണെങ്കിൽ, അതിന്മേൽ പലിശ ലഭിക്കാൻ നിപേക്ഷിച്ചയാൾക്കു അവകാശമുണ്ട്. പണം അടച്ച തീയതി മുതൽ തിരികെ നൽകുന്ന തീയതിവരെയാണ് പലിശ ലഭിക്കുക.

**7. സ്വന്തം ഉത്തരവ് ഭേദഗതി ചെയ്യൽ**

അപ്പലേറ്റ് ട്രിബ്യൂണലിനു സ്വന്തം ഉത്തരവ് ഭേദഗതി ചെയ്യാവുന്നതാണ്. പ്രത്യക്ഷത്തിലുള്ള എന്തെങ്കിലും തെറ്റുകൾ പരിഹരിക്കാനോ, സ്വന്തമായോ, കമ്മീഷണറോ, സംസ്ഥാന/യൂ.ടി. നികുതികമ്മീഷണറോ / കേസിലെ എതിർ കക്ഷിയോ മറ്റോ തെറ്റു ചൂണ്ടി കാട്ടിയാലോ ആണ് ഇത്തരത്തിൽ ഭേദഗതി ചെയ്യാറുള്ളത്. ഉത്തരവ് ഇറങ്ങിയ തീയതി മുതൽ മൂന്നു മാസത്തിനുള്ളിലാണ് ഇത്തരത്തിൽ ഭേദഗതി ചെയ്യാറുള്ളത്. ഭേദഗതി ചെയ്യുമ്പോൾ, നികുതി വർദ്ധിപ്പിക്കുകയോ/ റീഫണ്ടോ, ഐ.ടി.സി.യോ കുറയ്ക്കുകയോ/ മറ്റേതെങ്കിലും തരത്തിൽ ബാധ്യത വർദ്ധിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, ആ വ്യക്തിക്ക് തന്റെ ഭാഗം പറയാനുള്ള അവസരം നൽകിയിരിക്കണം. അതിനുള്ള അവസരം നൽകാതെ ഭേദഗതി നടത്തുകയില്ല.

ട്രിബ്യൂണലിൽ അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്ന ഉത്തരവ് ഇറങ്ങിയ തീയതി മൂന്നു മാസത്തിനകം, ആവശ്യമെങ്കിൽ, അപ്പീൽനൽകാം. എന്നാൽ നികുതി വകുപ്പിന്, ഉത്തരവിന്റെ റിവ്യൂ നടപടികൾ പൂർത്തിയായാക്കി, അപ്പീൽ നൽകുന്നതിന് ആറു മാസംവരെ സമയം ലഭിക്കും. ഈ സമയ പരിധി (മൂന്നു/ആറുമാസം) കഴിഞ്ഞും മൂന്നു മാസംവരെ അപ്പീൽ സമർപ്പണം അനുവദിക്കാൻ ട്രിബ്യൂണലിനു അധികാരമുണ്ട്.

## ഹൈക്കോടതിയിലും, സുപ്രീംകോടതിയിലും ഉള്ള അപ്പീലുകൾ

ഒരു ട്രിബ്യൂണലിന്റെ സംസ്ഥാന ബെഞ്ചോ, ഏരിയ ബെഞ്ചോ ഇറക്കിയ ഉത്തരവിനെതിരായ അപ്പീൽ ഹൈക്കോടതിയിലാണ് സമർപ്പിക്കേണ്ടത്. പക്ഷെ ആ അപ്പീലിൽ പ്രധാനമായൊരു നിയമ വശം ഉൾപ്പെട്ടിട്ടുണ്ട് എന്ന് തോന്നിയാലേ

ഹൈക്കോടതി അപ്പീൽ പരിഗണിക്കുകയുള്ളൂ. ഹൈക്കോടതിയിൽ, അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്ന ഉത്തരവ് ഇറങ്ങിയ തീയതി 180 ദിവസത്തിനകം, ആവശ്യമെങ്കിൽ, അപ്പീൽ നൽകാം. ഈ സമയ പരിധി അപ്പീൽ സമർപ്പണം അനുവദിക്കാൻ കോടതിക്ക് അധികാരമുണ്ട്. അങ്ങനെ കാലതാമസം വരാനുള്ള മതിയായ കാരണം അപ്പീൽ നല്കുന്നയാൾ കോടതിയെ ബോധിപ്പിക്കണം. കാരണം തൃപ്തികരമാണെങ്കിൽ മാത്രമേ സമയം വൈകി സമർപ്പിക്കുന്ന അപ്പീൽ സ്വീകരിക്കുകയുള്ളൂ.

ഒരു ട്രിബ്യൂണലിന്റെ ദേശീയ ബെഞ്ചോ, റീജിയണൽ ബെഞ്ചോ ഇറക്കിയ ഉത്തരവിനെതിരായ അപ്പീൽ സുപ്രീംകോടതിയിലാണ് സമർപ്പിക്കേണ്ടത്. അത് കൂടാതെ, ഹൈക്കോടതി ഒരു ഉത്തരവിടുകയും, കോടതി സ്വന്തം അഭിപ്രായത്തിലോ, പരാതിയുള്ള വ്യക്തിയുടെ അപേക്ഷയിന്മേലോ, ഉത്തരവ് പാസ്സാക്കിയ ഉടൻ, ഇതു സുപ്രീം കോടതിയിൽ അപ്പീൽ ചെയ്യാൻ യോഗ്യമാണെന്നു സാക്ഷ്യപ്പെടുത്തിയ ഉത്തരവുകളിന്മേലും സുപ്രീം കോടതി അപ്പീൽ സ്വീകരിക്കും.

വിതരണം ചെയ്യപ്പെടുന്ന സ്ഥലവുമായി ബന്ധപ്പെട്ട അപ്പീലുകൾ മാത്രമേ ട്രിബ്യൂണലിന്റെ ദേശീയ ബെഞ്ചുകൾക്കും റീജിയണൽ ബെഞ്ചുകൾക്കും പരിഗണിക്കാൻ കഴിയൂ.

പരാതിയുള്ള വ്യക്തി ഹൈക്കോടതിയിൽ അപ്പീലിന് പോയാലും, സംസ്ഥാന/ഏരിയ/റീജിയണൽ/ ദേശീയ ട്രിബ്യൂണൽ ഉത്തരവിട്ട തുക ഗവണ്മെന്റിലേക്ക് അടച്ചിരിക്കണം. ഹൈക്കോടതി ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ, തുക ഗവൺമെന്റിലേക്കു അടയ്ക്കേണ്ടതില്ല. അതുപോലെ പരാതിയുള്ള വ്യക്തി സുപ്രീംകോടതിയിൽ അപ്പീലിന് പോയാലും, സംസ്ഥാന/ഏരിയ/റീജിയണൽ/ ദേശീയ ട്രിബ്യൂണൽ/ ഹൈക്കോടതി ഉത്തരവിട്ട തുക ഗവണ്മെന്റിലേക്ക് അടച്ചിരിക്കണം. സുപ്രീം കോടതി, ട്രിബ്യൂണലിന്റെ/ ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നത് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിൽ, തുക



ഗവൺമെന്റിലേക്കു അടയ്ക്കേണ്ടതില്ല.

## ഉത്തരവിന്റെ പുനഃപരിശോധനാ (റിവിഷൻ)

ഒരു കീഴ് ജീവനക്കാരൻ പുറപ്പെടുവിക്കുന്ന ഉത്തരവ് മേൽ അധികാരി ശരിയാണോ എന്ന് നോക്കുന്നതിനെയാണ് 'പുനഃപരിശോധന/ റിവിഷൻ എന്ന് പറയുന്നത്. സി.ജി.എസ്.ടി.യിലും, എസ്.ജി.എസ്.ടി.യിലും, കീഴ് ജീവനക്കാരൻ പുറപ്പെടുവിക്കുന്ന ഉത്തരവ് പുനഃപരിശോധന/റിവിഷൻ നടത്താൻ അനുമതി നൽകുന്നുണ്ട്. നിയമത്തിലെ 108 ആം വകുപ്പിൽ പറഞ്ഞിരിക്കുന്ന ഉത്തരവുകൾ / തീരുമാനങ്ങൾ ആണ് ആവശ്യമെങ്കിൽ റിവിഷൻ നടത്തുക. ജി.എസ്.ടി. നിയമത്തിലെ 2 (99) വകുപ്പ് പ്രകാരം പുനഃപരിശോധന നടത്താൻ അധികാരപ്പെടുത്തിയവരെ 'റിവിഷനൽഅതോറിറ്റി' എന്നാണ് വിളിക്കുന്നത്. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് കൊടുത്തു വേണം റിവിഷൻ നടത്തേണ്ടത്. ഇത്തരത്തിൽ



പുനഃപരിശോധിക്കപ്പെടുന്ന ഉത്തരവുകൾ മരവിപ്പിക്കാനും റിവിഷനൽ അതോറിറ്റിക്ക് അധികാരമുണ്ട്.

## പുനഃപരിശോധനയ്ക്കുള്ള കാരണങ്ങൾ

റിവിഷനൽ അതോറിറ്റിക്ക് തന്റെ കീഴ് ജീവനക്കാരൻ പുറപ്പെടുവിക്കുന്ന ഉത്തരവ് വിളിച്ചു വരുത്തുവാനും താഴെ പറയുന്ന കാരണങ്ങളാൽ, വേണമെങ്കിൽ പുനഃപരിശോധിക്കാനും, അധികാരമുണ്ട്.

1. വരുമാനത്തിന് അപകടമുണ്ടാകുന്ന രീതിയിൽ തെറ്റ് വന്നവ
2. നിയമ വിരുദ്ധമായവ
3. ഉചിതമല്ലാത്തത്
4. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്തു ലഭ്യമായതോ അല്ലാത്തതോ കാര്യങ്ങൾ വേണ്ടും വണ്ണം പരിഗണിക്കാത്തതു
5. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാട്ടിയ ഏതെങ്കിലും കാരണം കൊണ്ട്

പുനഃപരിശോധിക്കാൻ അനുവദിക്കാത്ത സാഹചര്യങ്ങൾ

സാധാരണ നിലയിൽ കീഴ് ജീവനക്കാരൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ റിവിഷനൽ അതോറിറ്റിക്ക് പുനഃപരിശോധിക്കാമെങ്കിലും, താഴെ പറയുന്ന സാഹചര്യങ്ങളിൽ, പുനഃപരിശോധന സാധ്യമല്ല

1. ഈ ഉത്തരവിന്മേൽ 107 ആം വകുപ്പ് /112 ആം വകുപ്പ് /117 ആം വകുപ്പ് /118 ആം വകുപ്പ് പ്രകാരം അപ്പീൽ നിലനിൽക്കുന്നുണ്ടെങ്കിൽ
2. 107 (2 ) ആം വകുപ്പ് പ്രകാരമുള്ള കാലയളവ് കഴിഞ്ഞിട്ടില്ലെങ്കിൽ
3. ഈ ഉത്തരവ് ഇറങ്ങിയിട്ട് മൂന്നുവർഷം കഴിഞ്ഞെങ്കിൽ
4. ഈ ഉത്തരവ് നേരത്തെ പുനഃപരിശോധനയ്ക്ക് എടുത്തിട്ടുണ്ടെങ്കിൽ

ചുരുക്കത്തിൽ ജി.എസ്. ടി. നിയമത്തിൽ അപ്പീലുകളും, റിവിഷനുമായി ബന്ധപ്പെട്ട നടപടികൾ കൂടുതൽ ലളിതവും സുതാര്യവുമായ രീതിയിലാണ് നൽകിയിരിക്കുന്നത്. ഇവ ശരിയായി മനസ്സിലാക്കേണ്ടതും അതിനനുസരിച്ചു കൃത്യമായി പാലിക്കേണ്ടതുമാണ്. ■

**മഞ്ചേശ്വരം ഗവ: കോളേജിലെ വാണിജ്യവിഭാഗം മേധാവിയാണ് ലേഖകൻ.**

രേഷ്മ. ജി



# പ്രകൃതിക്കിണങ്ങിയ ബാഗുകൾ



ലോകത്ത് ഇന്ന് പ്രതിവർഷം 5 കോടി ടൺ പ്ലാസ്റ്റിക് മാലിന്യം പുറന്തളളപ്പെടുന്നു എന്നാണ് കണക്ക്. എന്നാൽ പ്ലാസ്റ്റിക് വ്യവസായത്തെ അധികരിച്ച് 3 മില്യൺ ആളുകൾ ഇന്ത്യയിൽ ഉപജീവനം തേടുന്നു. അതുകൊണ്ടുതന്നെ ഭൂമിയെ ശ്വാസംമുട്ടിക്കുന്ന പ്ലാസ്റ്റിക്കിൽ നിന്ന് ഒറ്റയടിക്ക് രക്ഷപെടാൻ സാധ്യമല്ല. എന്നാൽ ബദലുകൾക്ക് സാധ്യതകൾ ഏറെയാണു താനും.

പ്ലാസ്റ്റിക് ക്യാരിബാഗ് നിരോധനം ഏർപ്പെടുത്തുമ്പോൾ വളരുന്ന പ്രധാന ബദലുകൾ തുണി, ജൂട്ട്, പേപ്പർ തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ടുളള വിവിധതരം കവറുകൾ, ബാഗുകൾ എന്നിവയാണ്. വ്യവസായത്തോടൊപ്പം കാർഷികമേഖലയ്ക്കും ഉണർവ്വേകുന്ന പ്രകൃത്യാലുളള അസംസ്കൃത വസ്തുക്കളുടെ ധാരാളിത്തം നമ്മുടെ സമ്പദ്ഘടനയ്ക്ക് അനുയോജ്യമായി മാറ്റാൻ ചെറുകിട വ്യവസായങ്ങൾക്ക് സാധിക്കും. ഇത്തരത്തിലുളള ചിന്തയിൽ നിന്നാണ് പെർഫെക്ട് എന്റർപ്രൈസ് എന്ന സ്ഥാപനത്തിന്റെ പിറവി.

ജില്ലാ വ്യവസായ കേന്ദ്രം ഇടുക്കി 2012 ൽ നടപ്പിലാക്കിയ പി.എം.ഇ.ജി.പി പദ്ധതിയിലൂടെയാണ് കരിങ്കുന്നം പഞ്ചായത്തിലെ ഒറ്റല്ലൂർ എന്ന ഗ്രാമത്തിൽ തുണിബാഗുകളിലും, ജൂട്ട് ബാഗുകളിലും വേറിട്ട പരീക്ഷണങ്ങളുമായി സ്വപ്ന എന്ന യുവ സംരംഭക പെർഫെക്ട് എന്റർപ്രൈസ് എന്ന സംരംഭത്തിൽ ചുവടുറപ്പിച്ചത്. തുടർന്ന് വ്യവസായ വകുപ്പിന്റെ തന്നെ വിവിധ വാണിജ്യ മേളകളിൽ വൈവിധ്യമാർന്ന ഉൽപ്പന്ന നിര അണിനിരത്തിയാണ് ഇടുക്കിയിലെ വിപണിയിൽ അരങ്ങേറ്റം നടത്തിയത്. മാർക്കറ്റിംഗ് രംഗത്തും വ്യവസായ വാണിജ്യ വകുപ്പ് നടത്തുന്ന സേവന സഹായങ്ങൾ വലുതാണ് എന്ന് സംരംഭകരോട് ഉറക്കെ പറയാൻ ഈ സംരംഭകയ്ക്ക് മടിയില്ല.

ക്യാരി ബാഗുകൾ കൂടാതെ പൗച്ച്, ഫയലുകൾ ഫാൻസി ബാഗുകൾ ഇവയിൽ തന്റെ ഡിസൈനിംഗ് വൈദഗ്ധ്യം പ്രകടിപ്പിച്ചുകൊണ്ട് വിപണിയെ ആകർഷകമാക്കി മുന്നേറുകയാണ് ഈ മിടുക്കി. കൂടാതെ പതിനഞ്ചോളം വരുന്ന ജീവനക്കാരുടെ ആത്മാർത്ഥമായ പരിശ്രമം ഈ ഉത്പന്ന നിരയുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നു. ടാറ്റാ പോലുളള വലിയ സ്ഥാപനത്തിൽ ദീർഘകാലം മാർക്കറ്റിംഗിൽ പ്രവർത്തിച്ച പങ്കാളിയുടെ പ്രവർത്തന പരിചയം മുതലാക്കികൊണ്ട് ജില്ലകടന്നുമുളള പെർഫെക്ടിന്റെ ഉത്പന്നങ്ങൾ വിപണി തേടുന്നത് ഉറപ്പാക്കുന്നു.■

**തൊടുപുഴ വ്യവസായ വികസന ഓഫീസറാണ് ലേഖക**

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക **വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**

Volume 53 Issue 1
September 2020

Vyavasaya Keralam
MONTHLY

₹ 30
Date of publication-2nd September 2020




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.